
# മാമുക്കോയ

വായനക്കാരുടെ ഹൃദയം
കവർന്ന ജീവിതകഥ

താഹ മാടായി

editors' choice
2007
Book of the year
best of three



dcb

## താഹ മാടായി

ലേഖകനും ജീവചരിത്രകാരനും. പൊക്കുടൻ, ഡോ.ബി. അബ്ദുള്ള എന്നിവരുടെ ആത്മകഥകൾ തയ്യാറാക്കി. *അധികാരം, അനുരാഗം, ആത്മരഹസ്യങ്ങൾ* (എം.എൻ. വിജയനുമായി നടത്തിയ അഭിമുഖങ്ങൾ), *കാരി, സക്കറിയ വാതിൽ തുറക്കുന്നു, ദൈവത്തിനും കടലിനും മദ്ധ്യേ* എന്നിവയാണ് പ്രധാന കൃതികൾ. *നമ്പൂതിരി, കഥകളതിസാദരം, ശൈശവം* എന്നീ സമാഹാരങ്ങളുടെ എഡിറ്റർ.

# മാമുക്കോയ

വായനക്കാരുടെ ഹൃദയം കവർന്ന ഒരു ജീവിതകഥ

തയ്യാറാക്കിയത്

**താഹ മാടായി**

ഡി സി ബുക്സ്

Malayalam Language
**Mamukkoya**
Memoirs
by **Thaha Madai**
Rights Reserved
First Published February 2007
3rd edition January 2008

*Cover Design*
Zainul Abid
*Cover Photo*
Ajilal
*Inside Photographs*
N.M. Pradeep
*Illustrations*
Soman Kataloor

Printed in India
at D C Press (P) Ltd., Kottayam 686 012

*Publishers*
D C Books, Kottayam 686 001
Kerala State, India
website : www.dcbooks.com
e-mail : info@dcbooks.com
Online Bookstore : www.dcbookstore.com

*Distributors*
**D C Books**
Thiruvananthapuram, Kottayam, Eranakulam, Cochin Airport,
Thekkady, Kozhikode, Kannur, New Delhi
**Current Books**
Kottayam, Thiruvananthapuram, Kollam, Thiruvalla,
Alappuzha, Thodupuzha, Eranakulam, Aluva, Irinjalakuda, Palakkad,
Manjeri, Kozhikode, Vatakara, Thalassery, Kalpetta, Kanhangad
D C Bookshop Thrissur, Kairali Pusthakasala Thrissur
DEECEE Eranakulam

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-264-1452-9

D C BOOKS - The first Indian Book Publishing House to get ISO Certification

**Rs. 60.00**

662/07-08-Sl.No. 7998-dcb 3447-(3)1000-1830-01-08-And. 18.6-p gt-r(t) kp-d(t) sj

# ഉള്ളടക്കം

ഹൃദയസ്പർശിയായ ജീവിതകഥ 7
*ടി. പദ്മനാഭൻ*
മാമുക്കോയയുടെ ജീവിതം 11
*താഹ മാടായി*

**ബഷീർ ഓർമ്മകൾ** 13
മരച്ചുവട്ടില് 15
ബഷീർക്ക എന്ന അനുഭവം 17
വി.കെ.എൻ. ബേപ്പൂർ പള്ളിയിൽ 19
ബഷീർക്കയും കവിമാഷും 22
ഇ.എം.എസ്. 24
എസ്.കെ.പൊറ്റെക്കാട് 26
ക്ലബ്ബുകൾ 28
എം.എസ്. ബാബുരാജ് 29
ഉറൂബ് 30
കുതിരവട്ടം പപ്പു 31
സിനിമ 32

**മനുഷ്യരും മരങ്ങളും** 35
ചെറുപ്പത്തിലെ കഥകള് 37
കല്ലായി 39
മരങ്ങൾ 41
തിക്കോടിയൻ 43
കാർണിവൽ 44
കുഞ്ഞാണ്ടി 46
കെ.ടി. മുഹമ്മദ് 47
സീതിഹാജി 49
ഡിഫ്രൈറ്റ് അബു 51
തറവാടുകൾ 53
ജോണിന്റെ ക്രൂരകൃത്യങ്ങൾ 54

**കുരിക്കളും കുലിക്കാരനും** 59

വലിയങ്ങാടിയിലെ കുലിക്കാരൻ 61

പുള്ളിക്കുപ്പായം 64

ശ്രീമാൻ കോൽക്കളി 68

മനുഷ്യൻ 70

**പച്ചമനുഷ്യർ** 73

ഖൽബിൽ കുത്തുന്ന ചോദ്യം 74

വാസുപ്രദീപ് 75

ശാന്താദേവിയും കോഴിക്കോട് അബ്ദുൾഖാദറും 77

രാമദാസൻ വൈദ്യര് 79

**കോയാ കാ ദോസ്ത്** 81

മഹാന്മാർ 83

പ്രേമം 84

മമ്മൂട്ടിയും മോഹൻലാലും 85

ശ്രീനിവാസൻ 87

കോയാ കാ ദോസ്ത് 90

അനുബന്ധങ്ങൾ 91

*മാമുക്കോയ അഭിനയിച്ച പ്രധാന സിനിമകൾ*

*മാമുക്കോയയുടെ വീട്ടിലൂടെ കൗസല്യ വഴിനടന്നിരുന്നു* 95

പഠനം 97

*ഓർമ്മകളുടെ കോഴിക്കോടൻ ആൽബം*

സൂചിക 105


അവതാരിക

## ഹൃദയസ്പർശിയായ ജീവിതകഥ

ആത്മാവാണ് പ്രധാനം.

കഥയായാലും കവിതയായാലും ആത്മകഥയായാലും ചിത്രകലയായാലും ആത്മാവുതന്നെയാണ് പ്രധാനം. ഇന്നത്തെ പല കൃതികളും ഹൃദയത്തിൽ നിന്നല്ല വരുന്നത്; വായിൽനിന്നാണ്. പലപ്പോഴും അവ കൃത്രിമമാണ്.

പണ്ട് ബ്രിട്ടീഷ് പാർലമെന്റിൽ, അന്നത്തെ ഒരു പ്രധാനമന്ത്രിയുടെ (ലോയ്ഡ് ജോർജ്ജാണോ എന്ന് സംശയമുണ്ട്) ഉയരത്തെക്കുറിച്ച് മറുഭാഗത്തെ ഒരു പാർലമെന്റ് മെമ്പർ കളിയാക്കി. അപ്പോൾ ആ പ്രധാനമന്ത്രി പറഞ്ഞു:

ശരിയാണ്. എനിക്ക് ഉയരം കുറവാണ്. എന്നാൽ നാം ഉയരത്തെ അളക്കേണ്ടത് ഹൃദയത്തിൽനിന്ന് വായിലേക്കുള്ളതാണ്. മറ്റൊരു ഉയരത്തിനു പ്രസക്തിയില്ല.

ഇവിടെ ഹൃദയത്തിൽനിന്ന് വായിലേക്ക് അളന്നാൽ എത്ര കൃതികൾ ഉയരത്തിൽ നിൽക്കുന്നുണ്ട്?

അടുത്ത കാലത്ത് കെ.പി. അപ്പൻ പറഞ്ഞല്ലൊ, അതിസാങ്കേതികത കഥയെ കൊല്ലുന്നുവെന്ന്. ശരിയാണ്. പുതിയ എഴുത്തുകാർ അത് മനസ്സിലാക്കേണ്ടതുണ്ട്.

അമേരിക്കയിൽ അടുത്ത കാലത്ത് മികച്ച അമേരിക്കൻ കഥകളുടെ ഒരു സമാഹാരം പുറത്തിറങ്ങി. അത് സമാഹരിച്ചത് റെയ്മണ്ട് കാർവറും മറ്റൊരാളുമാണ്. റെയ്മണ്ട് കാർവർ അമേരിക്കൻ കഥാകൃത്തുക്കളിൽ അദ്വിതീയനാണ്. ലോകകഥാകാരന്മാരിലും അദ്ദേഹത്തിന് വലിയ സ്ഥാനമുണ്ട്. ഗ്രെയ്റ്റ് മാസ്റ്റർ പീസസ് ഓഫ് അമേരിക്കൻ ഷോർട്ട്സ്റ്റോറീസ് എന്ന ഈ ബൃഹദ്കൃതിയുടെ തുടക്കത്തിൽ അതിമനോഹരമായ ഒരാമുഖം റെയ്മണ്ട് കാർവർ എഴുതിയിട്ടുണ്ട്. അരിസ്റ്റോട്ടിലിന്റെ ഒരു ഉദ്ധരണിയിൽനിന്നാണ് കാർവർ തുടങ്ങുന്നത്. ആ ഉദ്ധരണി ഇതാണ്:

The Excellent becomes the permanent.

മികച്ചത് ശാശ്വതമായി നിൽക്കും. തുടർന്ന് ആദ്യത്തെ ഖണ്ഡികയിൽ കാർവർ പറയുന്നു:

'എന്തടിസ്ഥാനത്തിലാണ് ഞാൻ ഈ ഗ്രന്ഥത്തിലെ കഥകൾ ശേഖരിച്ചത് എന്ന് സ്വാഭാവികമായും ചോദിക്കാം. അതിന്റെ ഉത്തരം ഇതാണ്: എന്റെ ഹൃദയത്തെ സ്പർശിച്ച കഥകളാണ് ഞാനിതിൽ ചേർത്തത്. ഫെമിനിസം,

പ്രാദേശികബോധം, മോഡേണിസം തുടങ്ങി ഒരു തിയറിയും എനിക്ക് ബാധകമായിരുന്നില്ല. ഈ കഥകൾ വായിച്ചപ്പോൾ മനുഷ്യരെക്കുറിച്ചുള്ള എന്റെ അവബോധം ഒന്നുകൂടി വിശാലമായി. ഒരു കഥ ഹൃദയത്തെ സ്പർശിക്കുന്നുണ്ടെങ്കിൽ തീർച്ചയായും അത് മഹത്തരമാണ്.'

കാർവർ എഴുതിയ ആ കാര്യം എവിടെയും പ്രസക്തമാണ്. ഒരു കൃതി നമ്മുടെ ഹൃദയത്തെ സ്പർശിക്കുന്നുണ്ടെങ്കിൽ അത് മഹത്തരമാണ്. മാമുക്കോയയുടെ ജീവിതം എന്ന ഈ പുസ്തകം എന്റെ ഹൃദയത്തെ സ്പർശിച്ചു. ആത്മാർത്ഥതയും സത്യസന്ധതയുംകൊണ്ടാണ് ഈ കൃതി മികച്ചതാവുന്നത്.

ദൂരെ ദൂരെ ഒരു കൂടു കൂട്ടാം എന്ന സിനിമയിലെ അറബി മുൻഷിയുടെ വേഷം തൊട്ടേ ആ നടനെ എനിക്കിഷ്ടമാണ്. ഇത്രമാത്രം സരളമായിട്ട്, യാതൊരു വളച്ചുകെട്ടുമില്ലാതെ അഭിനയിക്കാൻ കഴിയുന്ന ഒരു സിദ്ധി മാമുക്കോയയ്ക്കുള്ളതായി എനിക്ക് തോന്നിയിട്ടുണ്ട്. മാമുക്കോയ എങ്ങനെയാണോ അങ്ങനെത്തന്നെ അഭിനയിക്കുന്നു.

സത്യത്തിൽ മലയാള സിനിമയിലെ ഹാസ്യനടന്മാരെയൊക്കെ എനിക്കിഷ്ടമാണ്. പഴയകാല നടന്മാരിൽ മുതുകുളവും അടൂർഭാസിയും ബഹദൂറുമൊക്കെ എന്റെ പ്രിയപ്പെട്ട നടന്മാരായിരുന്നു. എന്നാൽ, അല്പം നാടകീയമായി അഭിനയിക്കുന്നു എന്നൊരു കുഴപ്പം കുതിരവട്ടം പപ്പുവിനുണ്ടായിരുന്നു. കുതിരവട്ടത്തിന്റെ ശബ്ദംകൊണ്ടുള്ള വക്രിക്കലും ഗോഷ്ഠിത്തരവും എനിക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. ഇന്നത്തെ നടന്മാരിൽ ജഗതി ശ്രീകുമാർ, ഇന്നസെന്റ്, മുകേഷ്, ജഗദീഷ്, ശ്രീനിവാസൻ ഇവരെയൊക്കെ എനിക്കിഷ്ടമാണ്. എന്നാൽ, മാമുക്കോയയെ സ്ക്രീനിൽ കാണുമ്പോൾ എന്റെ സ്വന്തമൊരാൾ വരുന്നതുപോലെ തോന്നാറുണ്ട്. മാമുക്കോയയുടെ അഭിനയം അങ്ങനെയൊരാഹ്ലാദം എനിക്ക് നൽകുന്നുണ്ട്.

സിനിമയിലല്ലാതെ മാമുക്കോയയെ ഞാൻ കാണുന്നത് ഒരു ട്രെയിൻ യാത്രയ്ക്കിടയിലാണ്. ഒരു ദിവസം രാത്രി എക്സിക്യൂട്ടീവ് ട്രെയിനിൽ ഞാൻ കണ്ണൂരേക്ക് വരികയായിരുന്നു. എറണാകുളത്തുനിന്നാണ് ഞാൻ കയറിയത്. എ.സി.കമ്പാർട്ടുമെന്റിലാണ് ഇരിക്കുന്നത്. അന്ന് ഏതോ ഒരു വണ്ടി ഉണ്ടായിരുന്നില്ല. ആലുവായിലെത്തുമ്പോൾ പലരും റിസർവേഷൻ കമ്പാർട്ടുമെന്റിലേക്ക് ഇടിച്ചുകയറി. അങ്ങനെ കയറിയ കൂട്ടത്തിൽ മാമുക്കോയയും ഉണ്ടായിരുന്നു. മാമുക്കോയയുടെ മുഖത്തെ പരിഭ്രമത്തിൽനിന്ന് മനസ്സിലായി; റിസർവേഷൻ ഇല്ല!

എന്റെ അടുത്ത് ഒരു സീറ്റ് ഒഴിഞ്ഞിരിപ്പുണ്ട്. റിസർവ് ചെയ്ത ആൾ വന്നിട്ടില്ല. മിക്കപ്പോഴും യാത്രചെയ്യുന്ന ആളായതിനാൽ ടി.ടി.ഇ പരിചിതനാണ്. ഞാൻ ടി.ടി.ഇയോട് മാമുക്കോയയെ ചൂണ്ടി പറഞ്ഞു: 'മാമുക്കോയയാണ്. റിസർവേഷനില്ല, തീർച്ച. ദയവ് ചെയ്ത് ഇവിടെ ഇരുത്തൂ.'

ടി.ടി.ഇ. അങ്ങനെ ചെയ്തു.

സത്യത്തിൽ അതിനുമുമ്പ് ഞങ്ങൾ പരിചയപ്പെട്ടിരുന്നില്ല. ഞാൻ ടി.പദ്മനാഭൻ എന്നൊന്നും പരിചയപ്പെടുത്താനും പോയില്ല. പക്ഷേ, മാമുക്കോയയ്ക്ക് എന്നെ അറിയുമായിരുന്നു. എന്റെ കഥകൾ വായിച്ചിരുന്നു. ഫറോക്കിലാണ് മാമുക്കോയ ഇറങ്ങിയത്. ഫറോക്ക് എത്തുന്നതുവരെ ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അതിനിടയിൽ മാമുക്കോയ പറഞ്ഞു:

'നിങ്ങൾ കോഴിക്കോട്ടു വന്നാൽ മിക്കവാറും അളകാപുരിയിലല്ലേ താമസിക്കാറ്. ഞാനും അവിടെ വരാറുണ്ട്. ഞാൻ നിങ്ങളെ പരിചയപ്പെടാൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. നിങ്ങൾ താമസിക്കാറുള്ള കോട്ടേജിന്റെ വരാന്തയിൽ നിന്നിട്ട് തിരിച്ചുവരും. വേണ്ട. കാണണ്ട. കാരണം, അപ്പോഴൊക്കെ ഞാൻ...'

ഇപ്പോൾ മാമുക്കോയ പുകവലിപോലും നിർത്തിയെന്ന് ഈ ജീവിതകഥയിൽനിന്നും മനസ്സിലാവുന്നു. മാമുക്കോയയുടെ ഓർമ്മകളിൽ ആ മനുഷ്യന്റെ ഏറ്റവും സഹജമായിട്ടുള്ള ആർജ്ജവമുണ്ട്.

മാമുക്കോയ ഒരു ഹാസ്യനടൻ മാത്രമല്ല. പെരുമഴക്കാലം എന്ന സിനിമ കണ്ട ഒരാൾക്ക് മാമുക്കോയ ഹാസ്യനടൻ മാത്രമാണോ? ഒരു പിതാവ് അഭിമുഖീകരിക്കുന്ന ഏറ്റവും തീക്ഷ്ണമായ വേദന ആ മുഖത്തുണ്ടായിരുന്നു. മാമുക്കോയ അതിൽ മലയാളത്തിലെ ഏറ്റവും വലിയ സ്വഭാവനടന്മാരിലൊരാളായി മാറി.

എങ്ങനെ അതൊക്കെ നമുക്ക് മറക്കാൻ കഴിയും?

ആത്മാർത്ഥതയുടെ സ്ഫുരണം മാമുക്കോയയുടെ ഓർമ്മകൾക്കുണ്ട്. ഇതെഴുതിയതിലൂടെ താഹ മാടായി എല്ലാ പാപങ്ങളിൽനിന്നും മുക്തി നേടിയിരിക്കുന്നു എന്നുപോലും ഞാൻ ഉറപ്പിച്ചു പറയുന്നു. കാരണം, അത്രയധികം ഹൃദയസ്പർശിയാണ് ഈ ജീവിതകഥ.

പള്ളിക്കുന്ന്,
20-12-2006

**ടി. പദ്മനാഭൻ**

## ആമുഖക്കുറിപ്പ്

## മാമുക്കോയയുടെ ജീവിതം

തുറന്നുവെച്ച ഒരു കൂടാണ് കോഴിക്കോട്. ഈ കൂട്ടിലേക്ക് ചേക്കേറിയവരും കൂട് വിട്ടുപോയവരും എത്രയോ ഉണ്ട്. പരദേശികൾ ദേശികളായി; ദേശികൾ പരദേശികളും....

കേയിമാരും കോയമാരും കോഴിബിരിയാണിയും ഉള്ള നാടാണ് കോഴിക്കോടെന്ന് ഇ.കെ.നായനാർ പറഞ്ഞിട്ടുണ്ട്. കോഴിക്കോടിന്റെ സമുദായഘടനയെക്കുറിച്ചുള്ള കാച്ചിക്കുറുക്കിയ കവിതയാണ് ഈ നായനാർ ഫലിതം. കോഴിക്കോട്ടെ കൊതുകുകൾ സഞ്ജയന്റെ ഉറക്കം കെടുത്തി; സഞ്ജയൻ കോഴിക്കോടിന്റെയും. ഈ ദേശത്തിന്റെ ഒരു കോണിലിരുന്നാണ് ജി.എൻ.പിള്ള ജീവിതത്തെക്കുറിച്ച് ക്ലാസ് എടുത്തുകൊണ്ടിരുന്നത്. കേരളത്തിലെ വലിയ ബുദ്ധിജീവികളും എഴുത്തുകാരും സാധാരണ മനുഷ്യരും ആ സദസ്സിൽ സന്നിഹിതരായിരുന്നു. അതിനു മുമ്പ് കോഴിക്കോടിന്റെ മറ്റൊരു കോണിൽ കവികളും ആസ്വാദകരുമെല്ലാം ചേർന്ന് ഒരു കോലായ ഉണ്ടാക്കി. വലിയ എഴുത്തുകാർ ഈ കോലായയിൽ ഇരുന്ന് കാലത്തെ വിശകലനം ചെയ്തു. കോഴിക്കോട് അങ്ങനെ പലതുമാണ്. കുട്ടികൃഷ്ണമാരാർക്ക് ബോധോദയം ഉണ്ടായതും അബോധമുണ്ടായതും ഈ നാട്ടിൽ വെച്ചാണ്. കുട്ടികളും കളിപ്പാട്ടങ്ങളും മിഠായിയും മാത്രമുള്ള ഒരു മിഠായിത്തെരുവ് കുഞ്ഞുണ്ണിമാഷിന്റെ സ്വപ്നമായിരുന്നു. കാലം കോഴിക്കോടിനെ ഒരുപാട് മാറ്റിത്തീർത്തു. കൂട്ടിലെ കിളികളെല്ലാം എങ്ങോ പറന്നുപോയി. കോലായകളിൽ ഇപ്പോൾ കാലൊച്ചയുമില്ല.

കോഴിക്കോടിന്റെ പഴയ സായാഹ്നങ്ങളുടെ സാക്ഷിയാണ് മാമുക്കോയ എന്ന സിനിമാനടൻ. കല്ലായിക്കൂപ്പിൽ അളവുകാരന്റെ പണിയും നാടകത്തിൽ അഭിനേതാവിന്റെ പണിയും ഈ നടൻ ഒന്നിച്ചു കൊണ്ടുപോയ ഒരു കാലമുണ്ടായിരുന്നു. നാടനായി നടന്ന് നടനായിത്തീർന്ന ഒരു മനുഷ്യൻ....

കോയക്ക ഫോണിൽ പറഞ്ഞു, ഞാൻ പറയുന്നതാണ് എന്റെ ജീവിതം. പഴയ ഫോട്ടോകൾ ഉണ്ടെങ്കിൽ എടുത്തുവെക്കണം എന്നു പറഞ്ഞപ്പോൾ കോയക്ക ഇങ്ങനെ കൂടി പറഞ്ഞു: സ്വന്തമായി വീടാവുമ്പോഴേക്കും സൂക്ഷിച്ചുവെച്ച ഫോട്ടോകളൊക്കെ നഷ്ടപ്പെട്ടു. കോഴിക്കോട്ടുകാരായ പഴയ കലാകാരന്മാരൊക്കെ ഇങ്ങനെയായിരുന്നു. ജീവിതമുണ്ടായിരുന്നപ്പോൾ അവർക്ക് വീടുണ്ടായിരുന്നില്ല, സൂക്ഷിച്ചുവയ്ക്കാൻ സ്വന്തം ചിത്രങ്ങളും. സഹൃദയരുടെ ഓർമ്മച്ചുവരുകളിൽ അവരുടെ ചില്ലിട്ട പടങ്ങളുണ്ട്. പാട്ടുനിർത്തി പടിയിറങ്ങിപ്പോയവരെ പിൽക്കാലം ബലിച്ചോറ് ഉണ്ണാൻ പേർ ചൊല്ലി തിരിച്ചു വിളിച്ചു.

പഴയ കോഴിക്കോടൻ കലാകാരന്മാരുടെ ജീവിതം ഒരർത്ഥത്തിൽ ഒരു സമൂഹബലിയായിരുന്നു. അപരനാത്മസുഖത്തിനുവേണ്ടി അവനവന്റെയാത്മസുഖമൊക്കെ ത്യജിച്ചവരുടെ ചരിത്രമാണല്ലോ അത്. വേദനാജനകമെങ്കിലും വീര്യമുള്ള ഓർമ്മകൾതന്നെ. മനുഷ്യത്വം മാത്രം ചിറകുവിരിച്ച കാലം..... ആ പഴയ കോഴിക്കോടൻ സായാഹ്നങ്ങളുടെ ഓർമ്മകളിലേക്ക് ഒരു തീർത്ഥപഥം തീർക്കുകയാണ് മാമുക്കോയ എന്ന കലാകാരനായ ഈ ബേപ്പൂർക്കാരൻ. നാം താരമെന്നുവിളിക്കുമ്പോഴും മാമുക്കോയ സ്വന്തം ഓർമ്മകളിൽ ഒരു താരപ്രതിഷ്ഠ നടത്തുന്നില്ല. മാമുക്കോയ എന്ന താരം നാടനായി നടന്ന കാലം കണ്ട കാഴ്ചകൾ കോഴിക്കോടൻ സാംസ്കാരിക ചരിത്രത്തിന്റെ ഇനിയും ചിത്രീകരിച്ചിട്ടില്ലാത്ത എപ്പിസോഡുകളുടെ തിരക്കഥയാണ്.

മാമുക്കോയ എന്ന വ്യക്തിയുടെയും ആ വ്യക്തിയുടെ കാഴ്ചയിലേക്ക് കടന്നുവന്ന കാലഘട്ടത്തിന്റെയും ചരിത്രമാണ് ഈ ജീവിതകഥ. വ്യക്തിയും കാലവും ഇതിൽ ഏകീകരിക്കപ്പെട്ടിരിക്കുന്നു. ഒരു കാലഘട്ടത്തിലെ മനുഷ്യർ പരസ്പരം വെച്ചുപുലർത്തിയ ബന്ധങ്ങളുടെ മാനവികതാബോധം ഇന്നത്തെ തലമുറയ്ക്ക് ഒരു പരിധിവരെ അജ്ഞാതമാണ്. ജീവിതത്തിന്റെ സങ്കീർണ്ണതകൾക്കിടയിലും മാനവികതാബോധം ആ കാലഘട്ടത്തിലെ കലാപ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകി. മാമുക്കോയയുടെ ജീവിതത്തെയും അന്നത്തെ കോഴിക്കോടിനെയും ഇണക്കിക്കൊണ്ടു പോവുന്ന കണ്ണികളാണ് ബഷീറും ബാബുരാജും കോഴിക്കോട് അബ്ദുൾ ഖാദറും വാസുപ്രദീപുമൊക്കെ. ജൈവചൈതന്യമുള്ള വ്യക്തികളാണ് ഇവരൊക്കെ. ഇവരെക്കുറിച്ചു പറയുമ്പോൾ, ആശ്രിതന്മാരിലൊരുവൻ മാത്രമാണെന്ന ഒരു വിനയം മാമുക്കോയ വെച്ചു പുലർത്തുന്നു. അതുപോലെ ശുദ്ധമായ ഫലിതബോധം മാമുക്കോയയുടെ ജീവിതവർത്തമാനത്തിലേക്ക് അനായാസമായി കടന്നുവരുന്നു. ഈ ജീവിതകഥയെ ഏറ്റവും പ്രിയപ്പെട്ടതാക്കി തീർക്കുന്ന ഘടകമാണിത് എന്നു പറയാതെ വയ്യ.

കോഴിക്കോടിന്റെ പഴയ സായാഹ്നങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ കൃതിയുടെ ഉത്ഭവത്തിനാധാരമായിത്തീർന്നത്. തിരിച്ചുവരുമോ ആ പഴയ കോഴിക്കോടൻ സായാഹ്നങ്ങൾ എന്ന ശീർഷകംപോലും ഞാൻ മനസ്സിലുറപ്പിച്ചിരുന്നു. പഴയ കോഴിക്കോടൻ സായാഹ്നങ്ങളുടെ സാക്ഷിയായ മാമുക്കോയയുമായുള്ള വർത്തമാനം മാമുക്കോയയുടെ ജീവിതകഥയായും കോഴിക്കോടിന്റെ സാംസ്കാരികജീവചരിത്രമായും വളർന്നു എന്നതാണ് സത്യം.

ആദ്യ അദ്ധ്യായം കൈയിൽ കിട്ടിയപ്പോൾതന്നെ ഉത്സാഹത്തോടെ പ്രതികരിച്ച കമൽറാം സജീവിനു നന്ദി. കമൽറാം സജീവിന് ഈ പുസ്തകം സമർപ്പിക്കുന്നു. മാതൃഭൂമി നൽകിയ ആശാവഹമായ പ്രതികരണങ്ങൾ നല്ലൊരു പ്രചോദനമായിത്തീർന്നു. ഇത് പുസ്തക രൂപത്തിലാവുമ്പോൾ ഡി.സി. ബുക്സിനോട് കടപ്പെട്ടിരിക്കുന്നു.

**താഹ മാടായി**






# ബഷീർ ഓർമ്മകൾ

# മരച്ചുവട്ടില്

ഞാൻ സിനിമയിലേക്കു വരാനുള്ള കാരണം ബഷീർക്ക(വൈക്കം മുഹമ്മദ് ബഷീർ)യായിരുന്നു. എസ്. കോന്നനാട്ട് എന്ന പഴയ സിനിമാ ആർട്ട് ഡയറക്ടർ ബഷീർക്കാന്റെ ശിഷ്യനായിരുന്നു. പഴയ പുരാണകഥകളുടെയൊക്കെ കലാസംവിധാനം ഈ കോന്നനാട്ട് സ്വാമിയേട്ടനായിരുന്നു. കോന്നനാട്ട് സ്വാമിയേട്ടന്റെ അസിസ്റ്റന്റുമാരായിരുന്നു ഐ.വി.ശശിയും ഹരിഹരനുമൊക്കെ. സ്വാമിയേട്ടൻ കോഴിക്കോട്ടുകാരനാ. മലങ്കാവായിരുന്നു മൂപ്പരുടെ വീട്. സ്വാമിയേട്ടൻ പി.എ. മുഹമ്മദ്കോയയുടെ (പി.എ.മുഹമ്മദ്കോയ മുഷ്താഖ് എന്ന പേരിൽ സ്പോർട്സ് ലേഖനവും എഴുതിയിരുന്നു) സുറുമയിട്ട കണ്ണുകൾ എന്ന നോവൽ സിനിമയാക്കാൻ തീരുമാനിച്ചു. കോഴിക്കോടൻ സംഭവങ്ങളാണ് ആ നോവലിന്റെ കഥ. കോഴിക്കോടുതന്നെയായിരുന്നു സിനിമയുടെ ലൊക്കേഷനും. ഷൂട്ടിങ് തുടങ്ങുന്ന ദിവസം ഗുരുവിന്റെ അടുത്തുചെന്ന് അനുഗ്രഹം വാങ്ങണം എന്നു പറഞ്ഞ് സ്വാമിയേട്ടൻ ബേപ്പൂര് ബഷീർക്കാന്റെ വീട്ടില് പോയി. സ്വാമിയേട്ടൻ അനുഗ്രഹം വാങ്ങാനെത്തുന്ന ആ സമയത്ത് ഞങ്ങൾ കുറച്ചുപേർ മാങ്കോസ്റ്റിൻ ചുവട്ടിലുണ്ടായിരുന്നു. അന്ന് എല്ലാവരും ബഷീർക്കാന്റെ മരച്ചോട്ടിൽ ഒന്നിച്ച് കൂടും. കുറേ നേരം കഥകളൊക്കെ പറഞ്ഞ് ചായകുടിച്ച് പിരിയലാ പതിവ്. സ്വാമിയേട്ടൻ വന്നപ്പോ ബഷീർക്ക പറഞ്ഞു:

ഇത് കോഴിക്കോടൻ കഥയാ. ഈ സിനിമയില് (മാമുക്കോയയെ ചൂണ്ടി) ഇവനൊരു വേഷം കൊടുക്കണം.

ഗുരു പറഞ്ഞതുപോലെ,

സ്വാമിയേട്ടൻ തല കുനിച്ചു.

ഷൂട്ടിങ് തുടങ്ങിയാൽ മാമു അങ്ങോട്ടു വന്നാ മതി,

പി.എ. മുഹമ്മദ് കോയ എന്നെ ഓർമ്മിപ്പിച്ചു. രണ്ടുപേരും ബഷീർക്കാന്റെ അനുഗ്രഹം വാങ്ങി തിരിച്ചുപോയി. അന്ന് കഥ പറഞ്ഞ് ചായ കുടിച്ച് പിരിയുമ്പോ ബഷീർക്ക ഒന്നുകൂടി ഓർമ്മിപ്പിച്ചു:

എടാ അവര് വിളിക്കുമ്പോൾ നീ ചെല്ലണം കേട്ടാ.

പറഞ്ഞപോലെ ഞാൻ ലൊക്കേഷനിൽ പോയി. സത്യത്തിൽ എനിക്ക് തരാൻ വേഷങ്ങളെന്ന് പറയാൻ പറ്റിയ ഒന്നുമില്ല. അതിൽ കെ.പി. ഉമ്മർ ഒരറബിയാണ്. അറബിക്കല്യാണവും സംഭവങ്ങളുമൊക്കെയാണ് കഥ. ഇതില് അറബിക്ക് പോവാനും വരാനും ഒരു കുതിരവണ്ടീണ്ട്. നമ്മളൊരു സുഹൃ

ത്ത്ണ്ട്; ഒരു കൃഷ്ണൻകുട്ടി. നമ്മളോടൊപ്പം നാടകത്തിലഭിനയ്ക്ക്ന്ന ആളാ. അതില് മാറ്റിവെച്ച ഒരു വേഷം ഈ കുതിരവണ്ടിക്കാരന്റേതായിരുന്നു. അത് കൃഷ്ണൻകുട്ടിക്ക് കൊടുത്തു. പിന്നെ എനിക്ക് തരാൻ ഒരു വേഷവുമില്ലാണ്ടായി. സ്വാമിയേട്ടനാണെങ്കിൽ ബഷീർക്കാക്ക് (ഗുരു) വാക്ക് കൊടുത്തും പോയി. അവസാനം ഒരു വേഷം കണ്ടുപിടിച്ചു, കുതിരയ്ക്ക് പുല്ലിട്ട് കൊടുക്കുന്ന ഒരാളായി നിന്നാൽ മതി. എന്നാൽ ഷൂട്ടിങ് നടന്നുകൊണ്ടിരിക്കുമ്പോ നെല്ലിക്കോട് ഭാസ്കരേട്ടനും ബഹദൂർക്കാക്കും എന്നോടു സഹതാപം തോന്നി. അവരുമായിട്ട് ഞാനന്ന് നല്ല പരിചയത്തിലാ. അറബിക്ക് പെണ്ണിനെ കല്യാണം കഴിച്ചുകൊടുക്കുന്ന ബ്രോക്കറാണ് ഭാസ്കരേട്ടൻ. ബഹദൂർക്ക പെണ്ണിന്റെ ബാപ്പയും. ബഹദൂർക്ക സ്വാമിയേട്ടനോടു പറഞ്ഞു:

മാമൂനെ എങ്ങനേങ്കിലും കുറച്ച് സീനിലേക്ക് കേറ്റണം.

അങ്ങനെ അവരോടൊപ്പം ഒരു ഹോട്ടലില് ഒന്നിച്ചിരുന്ന് ചായ കുടിച്ച് വർത്താനം പറയ്ന്ന കുറച്ച് സീൻ കിട്ടി. കുറച്ച് ഡയലോഗും. അത് ഞങ്ങള് വീതിച്ചെടുത്തു. ഈ സിനിമയിലാണ് വിജയരാഘവൻ ഹീറോ ആയിട്ട് വരുന്നത്. സത്യത്തില്, ഇതിന് മുമ്പേ ഒരു സിനിമയില് ഞാനഭിനയിച്ചിരുന്നു. നിലമ്പൂർ ബാലേട്ടന്റെ അന്യരുടെ ഭൂമി എന്ന സിനിമയില്. അതൊരു ബ്ലാക്ക് ആന്റ് വൈറ്റ് സിനിമയായിരുന്നു. അത് ആളുകൾ കൂടുതല് കണ്ടിട്ടൊന്നുമില്ല, നൂൺഷോ ആയി അവിടെയിവിടെയൊക്കെ കളിച്ച് അങ്ങനെ പോയി. അതിൽ ഒരു നല്ല വേഷമായിരുന്നു. നിഷേധിയായിട്ടുള്ള ഒരാൾ. പക്ഷെ, അവാർഡ് പടമായത്കൊണ്ട് എന്നെ ആരും കണ്ടില്ല. ഇതിലൊക്കെ അഭിനയിക്കുമ്പോഴും ഞാൻ കല്ലായിയിലെ പണിയും നാടകത്തിലെ അഭിനയവുമൊക്കെയായി നടക്കുന്നുണ്ടായിരുന്നു.



## ബഷീർക്ക എന്ന അനുഭവം

ബഷീർക്ക ഭയങ്കര രസികനായിരുന്നു. ഏത് മൂഡില് നമ്മള് ചെന്നാലും മൂപ്പര് അതൊക്കെ കേട്ട് തമാശ പറഞ്ഞ് സമാധാനിപ്പിക്കും, വളരെ സീരിയസ്സായിട്ടൊക്കെ കേൾക്കും. നമ്മളുടെ ബുദ്ധിമുട്ടായിരിക്കും കേൾക്കുന്നത്. എന്നാൽ, ബഷീർക്കാന്റെ മറുപടി നമ്മള് തീരെ പ്രതീക്ഷിക്കാത്തതായിരിക്കും. നമ്മള് ബഷീർക്കാനോട് വായ്പയൊക്കെ വാങ്ങാറുണ്ട്. വായ്പയുടെ ആവശ്യം സ്ഥിരജീവിതമായി നടക്കുന്നവരായിരുന്നു അന്നത്തെ ആളുകള്. ബഷീർക്കാന്റെ അടുത്ത് ചെന്നാൽ നാലു കാര്യങ്ങൾ കിട്ടും. അനുഗ്രഹം, കഥ, ചായ, വായ്പ. മൂപ്പർക്ക് രണ്ട് ഒപ്പുകള്ണ്ട്. ചെക്കിൽ മലയാളത്തിലും ഇംഗ്ലീഷിലും ഒപ്പിടും. മലയാളത്തില് ഒപ്പിട്ടാല് ആ വായ്പ തിരിച്ചു കൊടുക്കണ്ട, ഇംഗ്ലീഷില് ഒപ്പിട്ടാല് തിരിച്ചു കൊടുക്കണം. നിന്റെ കൈയില് തിരിച്ചുതരാൻ കായുണ്ടോ കാക്കേ? എന്ന് ചോദിക്കും. ഞാൻ മുക്കിയും മൂളിയും അങ്ങനെ പല്ല്കാട്ടി ചിരിച്ചു നിൽക്കും. അപ്പോഴതാ ചെക്കിൽ മലയാളത്തിൽ ഒപ്പിട്ട് തര്ന്ന്....മനസ്സ്, അറിയാണ്ട് അപ്പോ പറയും:

അൽഹംദുലില്ലാഹ്!

ബഷീർക്കാനോട് വായ്പ കിട്ടാൻ മാത്രമല്ല ചെക്കിൽ മലയാളത്തിൽ ഒപ്പിടാനും നമ്മളൊക്കെ പടച്ചോനോട് പ്രാർത്ഥിക്കും. പിന്നെ നമ്മള് സിനിമാനടനായതിനുശേഷം ഒരിക്കൽ കാശിന് അത്യാവശ്യം വന്നപ്പോ ബഷീർക്കാന്റെ അടുത്ത് വായ്പയ്ക്ക് പോയി. മൂപ്പർ ഇംഗ്ലീഷിൽ ഒപ്പിട്ട ഒരു ചെക്ക് ആദ്യമായിട്ട് എനിക്ക് തന്നു.

ബഷീർക്കാനെക്കുറിച്ച് ഒരുപാട് കഥകൾ എനിക്ക് പറയാനുണ്ട്. നമ്മള് ഒറിജിനൽ ബേപ്പൂർകാരനാണല്ലോ. മൂപ്പര് വൈക്കത്ത്നിന്ന് വന്ന ആളും. വൈക്കത്തുനിന്ന് വന്ന കാലംതൊട്ടേ ഞാൻ ബഷീർക്കാനെ കാണുന്നുണ്ട്.

ആദ്യകാലത്ത് ബഷീർക്ക നന്നായി മദ്യപിച്ചിരുന്നു. ഒരു സുപ്രഭാതത്തില് മൂപ്പര് കള്ളുകുടി നിർത്തി. അത് എല്ലാവർക്കും വലിയ സങ്കടമുണ്ടാക്കി. അത് പോരാത്തതിന് ബഷീർക്ക മറ്റൊരു കടുംകൈയും ചെയ്തു; മൂപ്പരുടെ വീടിന്റെ മുന്നിലുള്ള കള്ള് ഷാപ്പ് പൂട്ടിച്ചു. സുരാസു, ജോൺ എബ്രഹാം തുടങ്ങിയ ടീമൊക്കെ ആ കള്ള് ഷാപ്പിൽ ചെന്ന് രണ്ടടിച്ചശേഷമാണ് ബഷീർക്കാന്റെ അടുത്ത് പോവുക. ബഷീർക്ക മദ്യപാനം നിർത്തിയതിനുശേഷം കുറേക്കാലം സുരാസുവും ജോണുമൊക്കെ വളരെ അടുത്തൊരു ബന്ധു മരിച്ചതു പോലെയുള്ള ദുഃഖത്തോടെയാണ് നടന്നിരുന്നത്. ആ സങ്കടം തീർക്കാൻ അവര്

കൂടുതല് കള്ള് കുടിച്ചു. ഒരു ദിവസം ബഷീർക്ക എന്നോടു പറഞ്ഞു:

എടാ, കാക്കേ, ആ സുരാസു ഈ വഴിക്കെങ്ങാനും വര്ന്നത് കണ്ടാൽ ഞാനിവിടെയില്ല എന്നു പറയണം.

ബഷീർക്ക പറഞ്ഞത്പോലെതന്നെ ഞാൻ സുരാസുവിനെ കണ്ടപ്പോ പറഞ്ഞു:

നിങ്ങളെ കണ്ടാൽ ബഷീർക്ക ബേപ്പൂരിലില്ല എന്ന് പറയാൻ ബഷീർക്ക എന്നോട് പറഞ്ഞ്ന്!

നമ്മള് അറിയാണ്ട് ഉള്ളത് ഉള്ളത് പോലെ പറഞ്ഞുപോയതാണ്. അത് സുരാസുവിന് വലിയ മനഃപ്രയാസമുണ്ടാക്കി. അന്നുതന്നെ മൂക്കറ്റം കുടിച്ച് സുരാസു ബേപ്പൂരേക്ക് പോയി. മദ്യപിച്ച് തളർന്നുവന്ന സുരാസുവിനെ ബഷീർക്ക വീട്ടിൽ സുഖമായുറക്കിയത് പിന്നീടറിഞ്ഞു.



## വി.കെ.എൻ. ബേപ്പൂർ പള്ളിയിൽ

തൊണ്ണൂറ്റിരണ്ടിലാണ് നമ്മൾ അരക്കിണറിലെ ഈ വീടെടുത്തത്. അടുത്ത സ്റ്റോപ്പിലാണ് ഇ. മൊയ്തുമൗലവിയുടെ വീട്. രണ്ട് സ്റ്റോപ്പ് അപ്പുറം ബഷീർക്കാന്റെ വീട്.

വി.കെ.എൻ, അഴീക്കോട് മാഷ് അങ്ങനെ പലരും ഇവിടെ വന്നിരുന്നു. ബഷീർക്ക മരിച്ച ദിവസം വി.കെ.എൻ. ഇവിടെ നിന്ന് ചായ കുടിച്ച് എന്റെ വണ്ടിയിലാണ് ബേപ്പൂരേക്ക് പോയത്. ബഷീർക്ക മരിച്ചതില് മൂപ്പർക്ക് വലിയ സങ്കടമുണ്ടായിരുന്നു. വി.കെ.എന്ന് എന്തോ പറയാൻ മുട്ടിനിൽക്ക്ന്നത് പോലെ എനിക്ക് തോന്നി. ഒടുവില് മൂപ്പര് തന്നെ അത് പറഞ്ഞു:

അല്ല. ബേപ്പൂര് ഗുരുവിന്റെ ബോഡി എനിക്ക് കാണാല്ലോ, അല്ലേ? മുസ്ലിമല്ലാത്തത്കൊണ്ട്....

ഏയ് എന്താപ്പാ ഇങ്ങനെ പറയ്ന്നത്? ഞാൻ വി.കെ.എന്നിനോട് ചോദിച്ചു:

നമ്മളെല്ലാവരും മന്ഷന്മാരല്ലേ?

മുസ്ലിങ്ങളുടെ മയ്യത്ത് ഹിന്ദുക്കള് (കാഫ്രീങ്ങൾ) കണ്ടൂടാ എന്ന് പഴയ ആൾക്കാര് പറയാറ്ണ്ട്. അതൊക്കെ ഓർത്തിട്ടാണ് വി.കെ. എൻ. അങ്ങനെ ചോദിച്ചത്. ബഷീർക്കാന്റെ മയ്യത്ത് കണ്ടപ്പോ വി.കെ. എൻ. പൊട്ടിക്കരഞ്ഞു. മൂപ്പർക്കാകെ ഒരു വിറയല് വന്നു. ബഷീർക്കാന്റെ ഖബറടക്കം ചെയ്യുന്ന ബേപ്പൂര് പള്ളീലേക്ക് ഞാനും വി.കെ.എന്നും പോയി. മയ്യിത്ത് ഖബറടക്കുന്നത് കണ്ടേ മടങ്ങൂ എന്ന് മൂപ്പര് പറഞ്ഞു. പക്ഷേ, വിറയലുമുണ്ട്. മുഖം കരഞ്ഞ് ആകപ്പാടെ ചുവന്നിന്.... പള്ളിയിലെത്തിയപ്പോ മൂപ്പരോട് ഹൗളില് * ചെന്ന് കാലു കഴുകാൻ ഞാൻ പറഞ്ഞു. മൂപ്പര് കാൽ കഴുകി വൃത്തിയാക്കി പള്ളിന്റകത്ത് കയറി. കുറച്ചാളുകള് പള്ളിയിലുണ്ട്. വി.കെ.എൻ. അവരെ എല്ലാം നോക്കിയിരുന്നു. ഹിന്ദുവായ ഒരാള് മുസ്ലിം പള്ളിയിലിരിക്കുന്നതിന്റെ പരിഭ്രമം മൂപ്പര്ടെ മുഖത്തുണ്ടായിര്ന്നു. ഞാൻ പറഞ്ഞു,

പേടിക്കണ്ട. ഇത് ബേപ്പൂരാണ്. നമ്മളൊക്കെയില്ലേ?

വി.കെ.എന്നെ കണ്ടപ്പോൾ പള്ളിയിലെ ഇമാം മൗലവി എന്നോട് ചോദിച്ചു:

ആരാ ഇദ്ദേഹം?

വി.കെ.എൻ, ഞാൻ പറഞ്ഞു: സാഹിത്യകാരനാ!

വി.കെ.എൻ?

* പള്ളിയിൽ കാണുന്ന ജലസംഭരണി

മൗലവി അത്ഭുതത്തോടെ വി.കെ.എന്നിന്റെ കൈ പിടിച്ചു.

പയ്യൻകഥകളൊക്കെ എഴുതിന്ന വി.കെ.എൻ? ഇമാം ചോദിച്ചു.

ഒരൊറ്റ വി.കെ.എന്നേ ഈ ദുനിയാവില്ളളു. മൂപ്പരാ ഈ വി.കെ.എൻ. ഞാൻ ഇമാം മൗലവിയോട് പറഞ്ഞു.

വി.കെ.എന്നിന്റെ മുഖത്തെ പരിഭ്രമം അല്പം മാറിക്കിട്ടി. വിറയലും കുറച്ച് അടങ്ങി. മൗലവി വി.കെ.എന്നിനെ പള്ളിക്കകത്തെ തന്റെ മുറിയിലേക്ക് കൊണ്ടുപോയി. മൗലവി പറഞ്ഞ് ആരോ ഒരാൾ എളനീര് വെട്ടിക്കൊണ്ടു വന്ന് വി.കെ.എന്ന് നൽകി. ഒരു മുസ്ലിം എന്ന നിലയിൽ ആ മൗലവിയെ ഓർത്ത് ഞാൻ വല്ലാണ്ട് സന്തോഷിച്ചു. വി.കെ.എൻ. കഥകള് വായിക്കിന്ന ആ മൗലവിക്ക് ദീർഘായുസ്സുണ്ടാവണേ എന്ന് ഞാൻ ദുആ ചെയ്തു. കുറെ നേരം മൗലവിയും വി.കെ.എന്നും മൗലവിയുടെ മുറിയിലിരുന്ന് വർത്തമാനം പറഞ്ഞു.

ബഷീർക്കാന്റെ മയ്യത്ത് മറവ് ചെയ്തശേഷം വീണ്ടും എന്നോടൊപ്പം വി.കെ.എൻ വീട്ടിൽ വന്നു. വി.കെ.എൻ. പറഞ്ഞു:

ബഷീറിന്റെ നാട്ടിലെ മൗലവിക്ക്പോലും സാഹിത്യമറിയാം!

മൗലവി മുറിയിലിരുന്നുകൊണ്ട് വി.കെ.എൻ.കഥകളെ വിശകലനം ചെയ്യുകയായിരുന്നത്രെ! മലയാളത്തിലെ മറ്റ് എഴുത്ത്കാരിൽനിന്നും വി.കെ.എന്റെ എഴുത്ത് എങ്ങനെ മാറിനിൽക്കുന്നു എന്ന് ബേപ്പൂർ പള്ളിയിലെ ഇമാം വി.കെ.എന്ന് വിശദീകരിച്ചുകൊടുത്തു!

ഈ കാണുന്ന പള്ളീലെ മൗലവിമാരൊക്കെ കുറച്ച് അറബിയും പഠിച്ച് പിള്ളേരെ പഠിപ്പിച്ച് പെണ്ണും കെട്ടി നടക്കിന്ന വർഗ്ഗം ന്നാ ഞാൻ വിചാരിച്ചത്. പക്ഷേ, ഇവിടെ സ്ഥിതി അതല്ലല്ലൊ കോയേ.

വി.കെ.എൻ. പറഞ്ഞു.

വി.കെ.എന്നും ഇമാമും കഥ പറഞ്ഞിരിന്ന ഇതേ ബേപ്പൂരാണ് കുറച്ചു കാലം മുമ്പ് ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മാമ്മില് കൊന്നും കൊലവിളിച്ചും നടന്നത്. മാറാട്ടെ പ്രശ്നങ്ങള് ഈ നാടിനുതന്നെ വലിയ കളങ്കമുണ്ടാക്കി. വിവരമില്ലാത്ത ആള്കള് പറഞ്ഞ്ണ്ടാക്കിന്ന സംഭവങ്ങളിൽ ജനങ്ങൾ പെട്ടു പോവുകയാണ്. ശരിയായ നേതൃത്വമില്ല ഒന്നിനും. നേതാക്കന്മാർ അതുമിതും പറയുന്നു, അണികള് അതുമിതും ചെയ്യുന്നു. അവസാനം അനുശോചന യോഗം ചേർന്ന് എല്ലാരും ചായ കുടിച്ച് പിരിയുന്നു. ചോര കുടിച്ച് ആള്കൊ ളൊഴിഞ്ഞ ഒരു നാട്ടില് വന്ന് പിന്നെ എന്തിനാണ് എല്ലാവരും വന്ന് ചായ കുടിക്കിന്നത്? ഒന്നിനും ഒരു അർത്ഥവുമില്ല.

ബേപ്പൂരിലെ മുസ്ലിങ്ങൾക്ക് ബഷീർക്കാനോട് ചില്ലറ പ്രശ്നങ്ങളുണ്ടായിരുന്നു. അതിന് കാരണമായി പറഞ്ഞ് കേൾക്കിന്ന കഥയിതാണ്:

ഒരിക്കൽ ബേപ്പൂർകൂടി നടന്നു വരുന്ന ബഷീർക്കാനോട് ഒരാള് ചോദിച്ചത്രെ:

ബേപ്പൂരെ ജുമാഅത്ത് പള്ളിയേടയാ?

* പ്രാർത്ഥിക്കുക.





ബഷീർക്കാന്റെ മറുപടി പതിവ്പോലെ പെട്ടെന്നുതന്നെയുണ്ടായി:

കുറേ നടക്കുമ്പോൾ വല്ലാതെ മൂത്രം മണത്ത് തുടങ്ങും. ആ മണം പിടിച്ച് പിറകെ നടക്കുക. അതിന്റെ അറ്റത്താണ് ബേപ്പൂർ പള്ളി.

ഈ സംഭവത്തില് കുറച്ച് സത്യവുമുണ്ട്. മുസ്ലിങ്ങള് നിസ്കരിക്കുന്നതിനേക്കാളേറെ മൂത്രമൊഴിക്കാനാണ് പള്ളിയില് പോവുന്നതെന്ന ഒരഭിപ്രായം മൂപ്പർക്കുണ്ടായിരുന്നു. ബഷീർക്ക സൂഫിയായതുകൊണ്ട് പള്ളീലൊന്നും പോയിരുന്നില്ല. പക്ഷേ, അല്ലാഹുവിൽ വലിയ വിശ്വാസമായിരുന്നു. അവസാനകാലത്ത് അല്ലാഹു എന്ന ഒരൊറ്റ ചിന്ത മാത്രമായിരുന്നു ബഷീർക്കാക്ക്.

ബഷീർക്കാക്ക് ഇടയ്ക്ക് അസുഖം വരും. ചെറിയ മനോരോഗമായിട്ടാണ് ആദ്യം വരിക. പിന്നെ ഇത് കൂടിവരുമ്പോ കോഴിക്കോട്നിന്ന് എം.ടി. വന്ന് ബഷീർക്കാനെ ആശുപത്രീല് കൊണ്ടുപോവും. മനോരോഗം വന്നാൽ എല്ലാരെയും തുറിച്ചുനോക്കും. വലിയ മിണ്ടാട്ടവുമുണ്ടാവില്ല. വൈലാലിന്റെ മുറ്റത്ത് ഓലയും മട്ടലുമൊക്കെ തറിച്ചിട്ടിട്ടുണ്ടാവും. അതിന്റെ മേലെ മലർന്നുകിടന്നാണ് മൂപ്പരുടെ പിന്നത്തെ ആലോചന. മറ്റ് വലിയ കുഴപ്പമൊന്നും കാണിക്കില്ല. ബഷീർക്കാന്റെ ഭ്രാന്ത് കൂടിവരുമ്പോ എം.ടി.ന്റെ ഒരു വരവുണ്ട്. ഒരിക്കൽ ബഷീർക്ക കത്തി ചൂണ്ടി എം.ടി.യെ വിരട്ടിയിട്ടുണ്ട്. എം.ടി. രണ്ടാമൂഴം എഴുതിയ ആളാണല്ലൊ. ഭീമസേനനായി അങ്ങനെ നിൽക്കും. ബഷീർക്കാക്ക് ഭ്രാന്തുള്ള കാര്യം ബേപ്പൂർക്കാർക്കൊക്കെ അറിയാമായിരുന്നു.

ബഷീർക്കാക്ക് സ്വന്തമായി വണ്ടി ഉണ്ടായിരുന്നില്ല. ചികിത്സയ്ക്ക് പോകാൻ മിക്കവാറും എം.ടി.യാണ് കാറയയ്ക്കുക. നമ്മള് സിനിമയില് വന്ന് അല്പം മെച്ചപ്പെട്ടപ്പോ ഒരു മാരുതി ഓംനി വാങ്ങി. ഒഴിവ് കിട്ടുന്ന സമയത്ത് ബഷീർക്കാനെയും ഇ.മൊയ്തുമൗലവിയേയും ഞാൻ ആ വണ്ടിയില് ഡോക്ടറുടെ അടുത്ത് കൊണ്ടുപോകും.

മൊയ്തു മൗലവിയും ബഷീർക്കയും പരസ്പരം വലിയ ബഹുമാനം കാണിച്ചിരുന്നില്ല.

മാമൂ, ആ ബഷീറ് പറയ്ന്നത് മുഴുവൻ നീ വിശ്വസിക്കണ്ട എന്ന് ഇടയ്ക്ക് മൊയ്തുമൗലവി എന്നോടു പറയും. ബഷീറ് ജയിലിൽ കിടന്നതിനെക്കുറിച്ച് മൊയ്തു മൗലവി എന്നോടു പറഞ്ഞ ഒരു കഥയ്ണ്ട്:

ഞാൻ മൗലവിയാണല്ലൊ. ജയിലില് കിടന്നപ്പോ താടി വല്ലാണ്ട് വളർന്നു. ബാർബറായി ഒരു മുസ്ലിമിനെത്തന്നെ വേണം. അങ്ങനെ ഞാൻ ബ്രിട്ടീഷ്കാരോട് പറഞ്ഞിട്ട് എന്റെ താടി വടിക്കാൻ ബാർബറായിട്ടാണ് പോലീസ് ബഷീറിനെ പിടിച്ച് ജയിലിലാക്കിയത്. ബഷീറ് എന്റെ താടി വടിച്ചിട്ട്ണ്ട്.

ഈ കഥ കേട്ടു കഴിഞ്ഞപ്പോ ഞാൻ മൊയ്തു മൗലവിയോട് ചോദിച്ചു:

അപ്പോ ബഷീർക്ക ജയിലില് കിടന്നിട്ട്ണ്ട് എന്നത് സത്യംതന്നെയാണല്ലൊ!

തടവുപുള്ളിയല്ല,

മൗലവി ഉടനെ പറയും:

ബാർബറ്!

# ബഷീർക്കയും കവിമാഷും

കോഴിക്കോട്ടെ പ്രാദേശിക കലാസംഘങ്ങള് അവതരിപ്പിക്ക്ന്ന നാടകങ്ങളില് അഭിനയിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് നമ്മള് ബഷീർക്കാനെ പരിചയപ്പെടുന്നത്. മദ്രസ്സത്തുൽ മുഹമ്മദീയ സ്കൂളിലെ അദ്ധ്യാപകനായിരുന്നു കവിമാഷ്. മുല്ലവീട്ടിൽ അബ്ദുറഹ്മാൻ സാഹിബും കവിമാഷുമൊക്കെ ബഷീർക്കാന്റെ അടുത്ത സുഹൃത്തുക്കളായിരുന്നു. ബഷീർക്കാക്ക് ബേപ്പൂര് സ്ഥലം മേടിക്കാനും വീടെടുക്കാനുമൊക്കെ മുൻപിൽ നിന്നത് മുല്ലവീട്ടിൽ അബ്ദുറഹ്മാൻ സാഹിബാണ്. ഇയാളെയാണ് മുമ്പ് കോഴിക്കോട്ടെ വീറ്റ് ഹൗസിലെ ശീട്ടുകളിക്കിടയിൽ വെച്ച് അബ്ദുള്ള സ്രാങ്ക്* കുത്തിക്കൊന്നത്. എന്തോ തമാശ പറഞ്ഞ് തുടങ്ങിയ ഒരു വാക്കേറ്റം പിന്നെ മരണത്തിൽ തീർന്നു. ഈ സംഭവത്തെപ്പറ്റി എം.ടി.യും എസ്.കെയുമൊക്കെ എഴുതിയിരുന്നു. കലാകാരന്മാരെയും എഴുത്തുകാരെയും അങ്ങേയറ്റം സ്നേഹിച്ചിരുന്ന വലിയൊരു മനുഷ്യനായിരുന്നു മുല്ലവീട്ടിൽ അബ്ദുറഹ്മാൻ സാഹിബ്. മൂപ്പര് കമ്മ്യൂണിസ്റ്റായിരുന്നു. ഇഫ്രീത്ത് രാജ്ഞി എന്ന നാടകം സ്റ്റേജില് ആദ്യമായി കളിക്കുമ്പോൾ ക്ഷണിക്കപ്പെട്ട അതിഥിയായി ബഷീർക്കാനെയും ക്ഷണിച്ചിരുന്നു. ആ നാടകം കണ്ടതിനുശേഷം ബഷീർക്ക എന്നോടു നല്ലോണം അടുപ്പം കാണിച്ച് തുടങ്ങി. ആ നാടകത്തിന് കവിമാഷ് ആദ്യമിട്ട പേര് വളർത്തുമൃഗങ്ങൾ എന്നായിരുന്നു. അതേ പേരിൽ എം.ടി.യുടെ ഒരു കഥയുള്ള കാര്യം ചിലര് പറഞ്ഞപ്പോ കവിമാഷ് പേര് മാറ്റുകയായിരുന്നു. വളർത്തുമൃഗങ്ങൾ എം.ടി. സിനിമയാക്കുകയും ചെയ്തു. നാടകം കണ്ടശേഷം ബഷീർക്ക പറഞ്ഞു: ശരിക്കും ഇഫ്രീത്ത് രാജ്ഞി എന്നുതന്നെയാണിതിന്റെ പേര് വേണ്ടത്. മറ്റൊരു പേരും ഇതിനു ചേരില്ല.

മണ്ണ് തേമ്പിയിട്ട് ഇല്ലിയും മുള്ളുംകൊണ്ടു കെട്ടിയ ഒരു വേലിക്കുള്ളിലാണ് ബഷീർക്കാന്റെ വീട്. പിന്നെ വേലിക്ക് പകരം മതിലു കെട്ടി. ഒരിക്കൽ ബഷീർക്ക എന്നോടു പറഞ്ഞു: അറിഞ്ഞുകൊണ്ട് രണ്ടബദ്ധമാണ് എനിക്ക് ജീവിതത്തിലുണ്ടായത്. ഒന്ന് ഈ മതില് കെട്ടിയത്. മറ്റൊന്നു പെട്ടി (ടെലിവിഷൻ) വാങ്ങിയത്.

അന്ന് ആ ഭാഗത്തൊന്നും ടി.വി. ഇറങ്ങിയിട്ടില്ല. വൈകുന്നേരം സ്കൂളു വിട്ടാൽ കുട്ടികൾ ബഷീർക്കാന്റെ വീട്ടിൽ ഓടി വരുമായിരുന്നു.

*പിന്നീട് ഇയാളെ വധശിക്ഷയ്ക്ക് വിധിച്ചു





ചിലപ്പോ ബഷീർക്ക പറയും:

എടീ! ഇന്ന് കറന്റില്ല. പോയാട്ടെ.

കുട്ടികള് അപ്പോ തന്നെ പറയും.

ഞങ്ങളതിന് കറന്റ് വാങ്ങാൻ വന്നതല്ല.

ഹമ്പടി!

കുട്ടികൾ തമാശ പറയുമ്പോ സുഖിച്ചു കേൾക്കുന്ന സ്വഭാവക്കാരനായിരുന്നു ബഷീർക്ക.

നമ്മുടെ വി.കെ. ശ്രീരാമൻ വളരെ വൈകിയാണ് ബഷീർക്കാനെ പരിചയപ്പെട്ടത്. ഏതോ ചങ്ങാതീന്റെ കൂടെ ശ്രീരാമൻ ബഷീർക്കാനെ പരിചയപ്പെടാൻ ബേപ്പൂരെത്തി. ബഷീർക്ക ആ മരച്ചോട്ടിൽതന്നെ ഇരിക്കുന്ന്ണ്ട്. ശ്രീരാമൻ ബഷീർക്കാന്റെ മുന്നിലിട്ട കസേരയിൽ ഇരിക്കാതെ കുറച്ച് ദൂരെ ഒരു ചെറിയ തെങ്ങും ചാരി അങ്ങനെ നിന്നു.

അയാളാരാ?

ശ്രീരാമനെ ചൂണ്ടി ബഷീർക്ക ഒപ്പമുള്ളവരോട് ചോദിച്ചു.

ശ്രീരാമൻ.

എന്നാലേയ് ആ തെങ്ങിന്റെ ചോട്ടിൽനിന്ന് അയാളോട് മാറി നിൽക്കാൻ പറ. അതിലൊരു തേങ്ങയുണ്ട്. ശനിയാഴ്ച സുകുമാർ അഴീക്കോട് വരും. അതിന് കണക്കാക്കി വെച്ചതാണ്.

ഒരു ദിവസം പണികഴിഞ്ഞ നേരം ഞാൻ ബഷീർക്കാന്റെയടുത്ത് പോയി. ബഷീർക്ക ഒറ്റയ്ക്ക് ആ മരച്ചോട്ടിലിക്കുന്ന്ണ്ട്.

എന്താ ശിഷ്യന്മാരൊന്നും വന്നില്ലേ?

ഞാൻ ചോദിച്ചു.

ബഷീർക്ക കുറച്ചുനേരം എന്നെ നോക്കി. പിന്നെ പറഞ്ഞു:

ഇത്വരെ മൂപ്പര് ഉണ്ടായിരുന്നു. കുറേ നേരം ഞങ്ങള് വർത്താനം പറഞ്ഞിരുന്നു. ഇപ്പോൾ സുലൈമാനി കുടിച്ച് മൂപ്പര് പോയതേയുള്ളൂ.

ആരാ?

ഞാൻ ചോദിച്ചു.

അവൻ, അല്ലാഹു!

ബഷീർക്ക പറഞ്ഞു.

ഞാൻ ചുറ്റും നോക്കി.

എന്തോ ഒരു ബേജാറ്! പിന്നെ അധികം അവിടെ നിന്നില്ല.

എന്താ കാക്കേ ധൃതി?

ബഷീർക്ക ചോദിച്ചു.

ഒന്നൂല്ല. കല്ലായീല് പോയിറ്റ് ചെറിയ പണിയിണ്ട്.

ഞാൻ വേഗം തടിതപ്പി.

# ഇ.എം.എസ്.

ഇ.എം.എസിനെ എനിക്ക് വലിയ ഇഷ്ടമാണ്. ഞാൻ കമ്മ്യൂണിസ്റ്റുകാരനൊന്നുമല്ല. എന്നാലും ഇ.എം.എസ്സിനെ ഇഷ്ടമാണ്. ഒരിക്കൽ ബോംബെയ്ന്ന് തിരുവനന്തപുരത്തേക്ക് വര്ന്ന ഒരു ഫ്ളൈറ്റില് ഇ എം.എസ്സുമുണ്ട്. ബോംബെയില് എന്തോ പരിപാടിക്ക് പോയതാണ് മൂപ്പര്. മലയാളിസംഘാടകര് എന്നോട് പറഞ്ഞു:

കോയക്ക തിരുവനന്തപുരത്തേക്കാണല്ലൊ. ഈയെമ്മിനെ ഒന്ന് ശ്രദ്ധിക്കണേ...

ഈ പൊതുമൊതല് കേട് വരുത്താണ്ട് ഞാൻ കൊണ്ടുപോയ്ക്കൊള്ളാം. ഞാൻ പറഞ്ഞു.

അങ്ങനെ ഈയെമ്മെസ്സുമായി ഒരടുപ്പമുണ്ടായി. ഇയെമ്മെസ്സിനെപ്പോലെ പൊതുമുതല് എന്ന് പറയാവ്ന്ന എത്ര ആൾക്കാര് നമുക്കുണ്ട്?

ഇ.എം.എസ്. ഒരിക്കൽ ബഷീർക്കാനെ കാണാൻ ബേപ്പൂര് വന്നു. രണ്ടാളും കണ്ട്, സംസാരിച്ചു. പിരിയാൻ നേരത്ത് ഇ.എം.എസ്സിന്റെയും ബഷീർക്കാന്റെയും കണ്ണില് വെള്ളം നിറഞ്ഞത് ഞാൻ കണ്ടു. അവർ തമ്മിൽ കരഞ്ഞത് എന്തിനാണ് എന്ന് ഇന്നും ഓർത്തിട്ട് പിടി കിട്ടുന്നില്ല. രോഗബാധിതനായ മൊയ്തുമൗലവിയേയും ഈയെമ്മസ് അന്ന് സന്ദർശിച്ചിരുന്നു.

കേരളത്തിലെ വലിയ മഹാന്മാരൊക്കെ ബേപ്പൂര് വന്നിട്ടുണ്ട്. ഒന്നുകിൽ മൊയ്തു മൗലവിയെ കാണാൻ; അല്ലെങ്കിൽ ബഷീർക്കാനെ കാണാൻ. കള്ള് കുടിയന്മാരും കഞ്ചാവ് വില്പനക്കാരും എഴുത്തുകാരും രാഷ്ട്രീയക്കാരും നാടകക്കാരും സിനിമാക്കാരും കള്ളന്മാരും ബഷീർക്കാനെ കാണാൻ വന്നു. രാഷ്ട്രീയക്കാർ മാത്രം മൊയ്തു മൗലവിയെ കാണാൻ വന്നു. പലപ്പോഴും ബഷീർക്കാന്റെ വീട്ടില് വലിയ ആൾക്കാരെ എത്തിച്ചത് ഞാനാണ്. ബഷീർക്കാന്റെ ബ്രോക്കറാണ് ഞാനെന്ന് എല്ലാരോടും തമാശയായി പറയും.

എൻ.എൻ.പിള്ള ഗോഡ്ഫാദർ എന്ന സിനിമയിൽ അഭിനയിക്കാൻ കോഴിക്കോട് വന്നു.

എനിക്കൊന്ന് ബഷീറിന്റെ വീട് വരെ പോകണമല്ലൊ.

എൻ.എൻ.പിള്ള എന്നോട് പറഞ്ഞു. പിള്ളസാറ് എന്നെ കളിയാക്കുകയാണോ എന്ന മട്ടിൽ ഞാൻ നോക്കി. മൂപ്പര് കാര്യമായിട്ടുതന്നെ പറഞ്ഞതാണ്. ഇത്രകാലമായിട്ടും അവര് തമ്മില് കണ്ടിട്ടില്ല. ഞാൻ ബഷീർക്കാക്ക്





ഫോൺ ചെയ്തു.

എൻ.എൻ.പിള്ളയ്ക്ക് ബഷീർക്കാനെ കാണണം.

ഏത് പിള്ള?

ബഷീർ ചോദിച്ചു.

എൻ.എൻ.പിള്ള.

ഞാൻ പറഞ്ഞു:

കാപാലികയൊക്കെ എഴുതിയ പിള്ള.

നാടകാചാര്യൻ എൻ.എൻ.പിള്ള എന്നു പറ കാക്കേ. ബഷീർക്ക എൻ.എൻ.പിള്ളയേയും കൂട്ടി ബേപ്പൂര് പോകാൻ നമ്മളോട് പറഞ്ഞു. പിള്ളസാറും കുട്ടനും (വിജയരാഘവൻ) നമ്മളും ബേപ്പൂരെത്തി. പിള്ള ബഷീർക്കാന്റെ കാല്തൊട്ട് വന്ദിച്ചു; ബഷീർക്ക തിരിച്ചനുഗ്രഹിക്കുകയും ചെയ്തു. മൂപ്പര് ഗുരുവാണല്ലൊ.

ഒരു സിനിമയിലഭിനയിക്കാനാണ് കോഴിക്കോട്ടേക്ക് വന്നതെന്ന് പിള്ളസാറ് പറഞ്ഞപ്പോ ബഷീർക്ക അത്ഭുതപ്പെട്ടു.

ഈ വയസ്സുകാലത്തോ?

പിള്ളസാറ് മൂപ്പരുടെ ആ ഒരു ശൈലിയിൽ ചിരിച്ചു.

ബഷീർക്ക അകത്തേക്ക് നോക്കി വിളിച്ചുപറഞ്ഞു:

അതേയ് വയസ്സന്മാർക്കൊക്കെ കാലം തെളിഞ്ഞ് വരുന്ന്ണ്ട്ന്നാ തോന്നുന്നത്. അടുത്തകൊല്ലം മിക്കവാറും ഞാനും ഒരു ഹീറോ ആകും.

ബഷീർക്കയുമായിട്ടുള്ള അടുപ്പംകൊണ്ടാണ് സാഹിത്യലോകത്തെ പലരുമായി ഞാൻ പരിചയത്തിലാവുന്നത്. പൊൻകുന്നം വർക്കിയെ ഫറോക്ക് റെയിൽവേ സ്റ്റേഷനിൽനിന്ന് വണ്ടി കയറ്റിയത് ഞാനാണ്.

ബഷീറിന്റെ കുടുംബക്കാരനാണോ?

വർക്കി ചോദിച്ചു.

അല്ലല്ല.

ഞാൻ പറഞ്ഞു:

ബഷീർക്ക വൈക്കത്തുകാരനാണല്ലൊ. ഞാൻ കോഴിക്കോട്ട്കാരനും!

# എസ്.കെ.പൊറ്റെക്കാട്

എസ്. കെ.പൊറ്റെക്കാടാണ് ശരിക്കും എന്റെ ബോസ്. എന്റെ ഫാദർ ഇൻലോ എന്നുതന്നെ പറയാം. എന്റെ ഭാര്യയുടെ വാപ്പ ഒരു മരക്കച്ചോടക്കാരനായിരുന്നു. കുഞ്ഞിലായിൻകുട്ടി. അയാള്, ബാബുരാജ്, സെയ്തുഭായി എന്ന പോസ്റ്റുമാൻ, എസ്.കെ. പൊറ്റെക്കാട് ഇവരൊക്കെ ഒരു ടീമായിരുന്നു. സെയ്തുഭായി ഒരു സകലകലാവല്ലഭനായിരുന്നു. ഇവരുടെ ഈ കമ്പനീല് എന്റെ ഭാര്യേട വാപ്പയാണ് ആദ്യം മരിച്ചത്. പിൽക്കാലത്ത് എസ്.കെ.യുമായി ഞാൻ പരിചയപ്പെട്ടപ്പോൾ മൂപ്പര് പറഞ്ഞു:



എന്റെ ഒരു ഫ്രണ്ടിന്റെ മോളുണ്ട്. നീ കെട്ടണം.

ഞാൻ പെണ്ണിനെ കണ്ടു. സമ്മതമായി. എസ്.കെ.യാണ് അന്ന് മാല എടുത്ത് തന്നത്. അതിരാണിപ്പാടം എന്ന് എസ്.കെ.ബുക്കിലെഴുതിയില്ലെ? തോട്ടോളിപ്പാടം എന്നാണ് അതിന്റെ ശരിയായ പേര്. തോട്ടോളിപ്പാടത്തിന്റെ തൊട്ടടുത്താണ് എൻ.പി. മുഹമ്മദിന്റെ എണ്ണപ്പാടം. അതിന്റെ അപ്പുറം മനന്തരപ്പറമ്പ്.

എസ്.കെ.യും ബാബൂക്കയുമൊക്കെ മരിച്ചശേഷമാണ് അവരുടെയൊക്കെ വലിപ്പം കോഴിക്കോട്ടുകാർക്ക് മനസ്സിലാവുന്നത്. മാനാഞ്ചിറയിലൂടെ എസ്.കെ. ഒരു ഓരം പറ്റിയാണ് നടക്കുക. നമ്മളെ ഒരാക്ക്ന്ന മാതിരിയാണ് ആ നടത്തം.. എന്ത് തമാശകളും എസ്.കെ.യോട് നമുക്ക് പറയാം. ഈ മനുഷ്യൻ എപ്പോഴാണ് ഈ ബുക്കുകളൊക്കെ എഴുതാൻ സമയം കണ്ടെത്തിയത് എന്നത് ഇന്നും ഒരത്ഭുതമാണ്. എപ്പോഴും നമുക്കിടയില് കാണാം. കുറച്ചു ദിവസം കാണാണ്ടിരുന്നാൽ നമ്മള് മനസ്സിലാക്കും, എസ്.കെ. ലോകസഞ്ചാരത്തിനു പോയി! ലോകസഞ്ചാരത്തിന് പോവുന്ന ആളാണെന്ന ഒരു






ഭാവമൊന്നും എസ്.കെ.യ്ക്കില്ല. ലോകം മുഴുവൻ സഞ്ചരിച്ചു വന്ന ഒരാള് തൊട്ടപ്രത്ത് ഓലമട്ടില് വിരിച്ച് അതില് ആകാശം നോക്കി കിടക്കുന്നുണ്ടല്ലൊ, ബഷീർക്ക! ഒരിക്കൽ നമ്മളെ ടീമിലെ ഒരാള് എസ്.കെ.യോട് പറഞ്ഞു:

ലോകസഞ്ചാരമൊക്കെ നല്ലതുതന്നെ. എല്ലാം കണ്ട് വന്നിട്ട് നമ്മ്ടെ എം.ടി.ക്ക് പണിയാക്കരുത്!

ബഷീർക്കാന്റെ ഭ്രാന്തും എം.ടി.യുടെ ചികിത്സയുമാണ് മൂപ്പര് ഉദ്ദേശിച്ചത്.

നമ്മള് നാടകറിഹേഴ്സൽ നടത്തുമ്പോൾ അവിടെ എല്ലാവരും വരും. എസ്.കെ., കെ.എ.കൊടുങ്ങല്ലൂർ, ബാബൂക്ക.... എല്ലാവരും വന്നിട്ട് അഭിപ്രായം പറയും. ബാബൂക്കയും കൊടുങ്ങല്ലൂരും ങ്ഹാ നടക്കട്ടെ എന്നു പറഞ്ഞ് വേഗം തന്നെപോകും. കൊടുങ്ങല്ലൂരിന് കുളിക്കാനുള്ള വെള്ളമാണ് ബാബൂക്ക കുടിച്ച് തീർക്കുന്നതെന്ന തമാശയും നമ്മളെ ടീമിലുണ്ട്. എന്നാൽ, റിഹേഴ്സൽ തീരും വരെ എസ്.കെ. ഒറ്റ ഇരിപ്പാ. ഭാസ്കരേട്ടനും കുഞ്ഞാണ്ടിയേട്ടനും കുഞ്ഞാവയും വാസുപ്രദീപുമൊക്കെ ഉള്ള ഒരു ക്യാമ്പില് എസ്.കെ.യ്ക്ക് വരാതിരിക്കാനും കഴിയില്ല. അവരൊക്കെ തമ്മില് അത്ര വലിയ അടുപ്പമായിരുന്നു. കോഴിക്കോട് റെയിലിന്റെ പടിഞ്ഞാറാണ് ഇടിയങ്ങര, കുറ്റിച്ചിറ തുടങ്ങിയ ദേശങ്ങള്. ഈ ദേശങ്ങളിലൊക്കെ എസ്.കെ. ജീവിച്ചിരുന്നു.



ഒരുപാട് ക്ലബ്ബുകളുണ്ട് കോഴിക്കോട്ട്. കല്ലായി, കുറ്റിച്ചിറ, ഇടിയങ്ങര, മുഖദാറ് ഇവിടെയൊക്കെ ക്ലബ്ബുകളുണ്ട്. ഇടിയങ്ങര എന്ന സ്ഥലമാണ് ദേശത്തിന്റെ കഥയിലെ ചെങ്ങര. നമ്മളുടെ ക്ലബ്ബ് ഈവനിങ് ആർട്സ് ക്ലബ്ബായിരുന്നു. ഇടിയങ്ങര, കുറ്റിച്ചിറ ഭാഗങ്ങളിലാണ് നമ്മള് ക്യാമ്പ് നടത്തുക. എസ്.കെ., ഹാജി അബ്ദുറഹ്മാൻ, കുഞ്ഞാവ തുടങ്ങിയവരൊക്കെ ഈ ക്യാമ്പിലുണ്ട്. എം.എസ്.എ. എന്ന ഒരു ക്ലബ്ബ് അന്നവിടെ ഉണ്ടായിരുന്നു. മദ്രസത്തുൽ മുഹമ്മദീയാന്റെ അടുത്താണ് ഈ ക്ലബ്ബ്. അവിടെനിന്നാണ് നമ്മുടെയൊക്കെ കലാജീവിതം തുടങ്ങുന്നത്. ഈ വലിയ വലിയ ആളുകളൊക്കെ അവിടെ വരും. അവർക്ക് ചായ വാങ്ങി കൊടുക്കുക, പ്രോംപ്റ്റ് ചെയ്യുക ഇതൊക്കെയാണ് നമ്മള്ടെ പണി. അങ്ങനെയങ്ങനെ നടനായി. അതിനിടയില് കല്ലായില് തടിയളക്കാനും പോവും. ഇന്ന് നാടകത്തിലഭിനയിക്കാൻ സ്കൂള് ഓഫ് ഡ്രാമയിലെ സർട്ടിഫിക്കറ്റുണ്ടോ എന്ന് ആളുകള് ചോദിക്കും. അന്ന് അതല്ല. കല്ലായീന്ന് തടിയളന്ന് കഴിഞ്ഞാൽ ഞാൻ നേരെ പോവുന്നത് നാടകമഭിനയിക്കാനാ. ജീവിതംതന്നെ നാടകം. അല്ലെങ്കിൽ നാടകം തന്നെ ജീവിതം. നമ്മള് ജീവിക്ക്ന്നത്തന്നെയാണ് അഭിനയിക്കുന്നതും. ജീവിതത്തിനെന്തിനാണൊരു സർട്ടിഫിക്കറ്റ്?



ബാബൂക്കയും കാദർക്കയും (കോഴിക്കോട് അബ്ദുൽ ഖാദർ) ഉള്ള കാലത്ത് പല ദേശത്ത്നിന്നും വലിയ സംഗീതവിദ്വാന്മാര് കോഴിക്കോട്ട് വരും. ഇവര് മാത്രമല്ല, ഇന്ത്യതന്നെ കണ്ട വലിയ തബലിസ്റ്റുകളായ ബിച്ചമ്മു ഉസ്താദും വളപട്ടണം ശിബ്ലിയുമൊക്കെ അന്ന് കോഴിക്കോട് ഉണ്ടായിരുന്നു. ഇവരൊക്കെ നോർത്ത് ഇന്ത്യയിലൊക്കെ അറിയപ്പെടുന്ന ആൾക്കാരാ.

ഉസ്താദ് വിലായത്ത് ഖാനോടൊപ്പം തബല വായിച്ച ആളാ ഞാൻ, എന്ന് ഉസ്താദ് ബിച്ചമ്മൂക്ക പറയാറുണ്ട്. പക്ഷേ, മൂപ്പർക്കൊന്നും ആ ഭാവമില്ല. അങ്ങനെ സംഗീതവും നാടകവും സാഹിത്യവുമൊക്കെയായി നടന്ന ആ കാലം. കലാവാസനയുള്ള ഒരു ചെറുപ്പക്കാരനെപ്പോലെയായിരുന്നു അന്ന് കോഴിക്കോട്.

വാസുപ്രദീപിന്റെ വീട്ടില് ചെന്ന് എല്ലാവരും ചായ കുടിക്കും. അതിനു ശേഷം ബാബൂക്കയും കാദർക്കയും കെ.ടി.യുമൊക്കെ ക്രൗൺ തിയേറ്ററിനടുത്തേക്ക് പോകും. അന്ന് അവിടെ കെ.ടി യുടെ അനിയൻ സെയ്ദിന് ചെറിയൊരു കടയുണ്ടായിരുന്നു. സിനിമാപ്പാട്ടുപുസ്തകമൊക്കെ വിൽക്കുന്ന ഒരു കട. എല്ലാവരും അവിടെ വന്നുകൂടും. അവിടെയിരുന്ന് കഥ പറഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും പിരിയും. തൊട്ടപ്രത്ത് ആഹ്വാൻ സെബാസ്റ്റ്യന്റെ ഒരു മ്യൂസിക് ക്ലബ്ബുണ്ട്; മ്യൂസിക്കൽ തിയറ്റേഴ്സ്. അവിടെ ചിലര് പോവും. അല്ലെങ്കിൽ പാളയത്ത് എ.കെ. പുതിയങ്ങാടി നടത്തുന്ന യുണൈറ്റഡ് ഡ്രമാറ്റിക് അക്കാദമി(UDA)യിലേക്ക് ചിലര് പോവും. ബ്രദേഴ്സ് മ്യൂസിക് ക്ലബ്ബ്, എക്സൽ ആർട്സ് സെന്റർ, ദേശപോഷിണി ഇതൊക്കെ അന്നത്തെ പ്രമുഖ ക്ലബ്ബുകളാണ്. ഇത് കൂടാതെ വേറെയും ഒരുപാട് കലാസമിതികള്ണ്ടായിരുന്നു. ഇന്ന് അതൊക്കെ പോയി. പണ്ടാരോ പറഞ്ഞപോലെ, കേരളത്തില് ഒരുപാട് സ്പോർട്സുകളുണ്ടായിരുന്നു. ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ, ഹോക്കി അങ്ങനെ പലതും.... അതൊക്കെ എടുത്തുപോയി. ഒരൊറ്റ കളി മാത്രമായി, ക്രിക്കറ്റ്! കലയിലും ഇതൊക്കെത്തന്നെ സംഭവിച്ചു. എല്ലാ കലകളും എടുത്തുപോയി. പകരം ഒരൊറ്റ ആർട് മാത്രം, സീരിയല് അല്ലെങ്കിൽ സിനിമ, മിമിക്രി! കലകളെല്ലാം ഇതിലൊതുങ്ങി. ലൈഫില്ലാത്ത ഒരു കലയാണ് മിമിക്രി. നാടകത്തിലൂടെയാണ് ഒരാള് അഭിനയത്തിലേക്ക് വരണ്ടത്. സിനിമയ്ക്ക് ഒരു കാഴ്ചഭംഗി മാത്രം മതി. നാടകത്തില് അത് മാത്രം പോര.

## ഉറൂബ്

ഒരു പത്ത് കൊല്ലംകൂടി കഴിഞ്ഞാല് കോഴിക്കോട്ടെ കുട്ടികൾ ഉറൂബിനെയും ബഷീറിനെയും എസ്.കെ.യെയുമൊന്നും ഓർക്കാൻ സാദ്ധ്യതയില്ല. അത്ര സ്പീഡിലാണ് കാലത്തിന്റെ പോക്ക്. പക്ഷേ, പഴയ മനുഷ്യർക്കൊന്നും ഇവരെ മറക്കാനും കഴിയില്ല. ഉറൂബിന്റെ കൈ പിടിച്ച് ഞാൻ നടന്നിട്ടുണ്ട്. ഏതെങ്കിലും ഒരു സാധാരണ നാടകനടന്റെ കൈയും പിടിച്ച് ഏതെങ്കിലും വലിയ എഴുത്തുകാര് ഇന്ന് അങ്ങാടിയിലൂടെ നടക്കാറുണ്ടോ? ഏതെങ്കിലും ബാബൂക്ക എവിടെയെങ്കിലും ഇരുന്ന് പാട്ട് പാടുന്നുണ്ടോ? ഓർത്ത് നോക്ക്.

ബാബൂക്കാന്റെ കാലത്ത് പൈസ കിട്ടല് വളരെ കുറവാ. കുറേ കള്ളും ഭക്ഷണവും കൊടുത്താല് ബാബൂക്കാക്ക് അതു മതി. ഫുട്ബോളിന് ഒരു ടിക്കറ്റും ക്രൗൺതിയേറ്ററില് ഇംഗ്ലീഷ് പടത്തിനൊരു ടിക്കറ്റും നേരിയ പത്തിരിയും മീൻ മുളകിട്ടതും – ഇത് മൂന്നും മേടിച്ചു കൊടുത്താല് ഒരു പടത്തിന് ഫ്രീയായിട്ട് ബാബൂക്ക മ്യൂസിക്കിട്ട് കൊടുക്കും. ഇതൊക്കെ മനസ്സിലാക്കിയിട്ട് പല പ്രൊഡ്യൂസർമാരും ബാബൂക്കാനെ പറ്റിച്ചു. ബാബൂക്ക മരിച്ചപ്പോ നമുക്ക് വലിയ സംഗീതം നഷ്ടപ്പെട്ടു; പക്ഷേ, ബാബൂക്കാന്റെ കുടുംബം രക്ഷപ്പെട്ടു. ദേവരാജൻമാഷും യേശുദാസുമൊക്കെ എത്ര വലിയ മനുഷ്യസ്നേഹികളാണ് എന്നറിയാൻ ബാബൂക്കാന്റെ കുടുംബത്തോട് ചോദിച്ചാൽ മതി.

അറിയപ്പെടാത്ത കുറേ കലാകാരന്മാർ കോഴിക്കോട് ഉണ്ടായിരുന്നു. അവര് വലിയ കഴിവുള്ളവരായിരുന്നു. എന്നാൽ, അറിയപ്പെടാനായി അവരൊന്നും ചെയ്തില്ല. പ്രഗല്ഭരാണ്. പക്ഷേ, പ്രശസ്തിയില്ല. ടി.കെ. മുഹമ്മദ് യൂസുഫിനെ (കണ്ടം ബെച്ച കോട്ട്) ഇന്ന് എത്ര കോഴിക്കോട്ടുകാർക്കറിയാം? ബി. മുഹമ്മദിനെ? ബി. മുഹമ്മദായിരുന്നു പഴയ കവിമാഷ്.



## കുതിരവട്ടം പപ്പു

കുതിരവട്ടം പപ്പുവാണ് കോഴിക്കോടിന്റെ മറ്റൊരു വലിയ നടൻ. പദ്മദലാക്ഷൻ എന്നായിരുന്നു ശരിയായ പേര്. സിനിമയില് അഭിനയിക്കുന്നതിന് അനുഗ്രഹം വാങ്ങാൻ വേണ്ടി മൂപ്പർ ബഷീർക്കാന്റെ അടുത്തുപോയി.

എന്താ പേര്?

ബഷീർക്ക ചോദിച്ചു.

പദ്മദലാക്ഷൻ.

എവിടെയാ നാട്?

കുതിരവട്ടം.

ബഷീർക്ക ചിരിച്ചുകൊണ്ടു പറഞ്ഞു: ഇത്ര നല്ലൊരു നാടുള്ളപ്പോൾ എന്തിനാണ് പദ്മദലാക്ഷൻ എന്നൊരു പേര്. നീ കുതിരവട്ടം പപ്പു എന്നറിയപ്പെടും.

ബഷീർക്ക അനുഗ്രഹിച്ചു. അങ്ങനെയാണ് പദ്മദലാക്ഷൻ കുതിരവട്ടം പപ്പു ആയത്.

കുതിരവട്ടം പാവമായിരുന്നു. കുറേ ശിങ്കിടികളുണ്ടായിരുന്നു എപ്പോഴും. ജീവിതത്തെ സ്വയം നിയന്ത്രിക്കാനുള്ള കെല്പില്ലായിരുന്നു. അങ്ങനെ നശിച്ചുപോയ ആളാണ്.

കോഴിക്കോട്ട് നടികളും കുറേയുണ്ട്. ശാന്തേടത്തി(ശാന്താദേവി), കുട്ട്യേടത്തി വിലാസിനി, സാവിത്രി, കോഴിക്കോട് ശാരദ, എൽസി, സുമം.... അങ്ങനെ കുറേ പേരുണ്ട്.

# സിനിമ

സിനിമ എന്റെ ഒരു ജോലിയാണ്. ജീവിതം സിനിമകൊണ്ടാണ്. അത് കാണുന്നവർക്ക് എൻജോയ് ചെയ്യാനുണ്ടാവും. പക്ഷേ, അഭിനയിക്കുന്ന ആൾക്ക് അത് വെറും ഒരു പണി മാത്രമാണ്. നാടകം, ഒരിക്കലും അഭിനയിച്ചു തീർന്നില്ല. ഒരു നാടകനടൻ മരിക്കുമ്പോൾ മാത്രമാണ് അയാളുടെ അഭിനയം അവസാനിക്കുന്നത്. മരണംവരെ അയാൾ അഭിനയിച്ചുകൊണ്ടിരിക്കയാ. ഒന്നുകിൽ നാടകത്തിൽ, അല്ലെങ്കിൽ ജീവിതത്തിൽ. ഡയറക്ടർ ഓ.കെ. പറയുന്ന കലയാണ് സിനിമ. അവനവൻ ഓ.കെ. പറയുന്ന അഭിനയമാണ് നാടകം. ഇങ്ങനെ പറയുമ്പോഴും മലയാളത്തിലെ സിനിമാനടന്മാർ വലിയ അഭിനയശേഷി ഉള്ളവരാ. ഒരിക്കൽ പ്രിയൻ (പ്രിയദർശൻ) പറഞ്ഞു: ഹിന്ദി സിനിമകളിലെ സൂപ്പർസ്റ്റാറുകൾക്കുപോലും മലയാളത്തിലെ ഏറ്റവും ചെറിയ നടന്മാരുടെ അരികത്ത് നിൽക്കാനുള്ള യോഗ്യതയില്ല. ഫൈറ്റും ഡാൻസുമാണ് അവിടെ സിനിമ. നിങ്ങള് കരാട്ടക്കാരനാണെങ്കില് അവിടെ നല്ല നടനാണ്.

ജീവിതത്തില് എന്നെ ഏറ്റവും വേദനിപ്പിച്ചത് ബഹദൂർക്കയുടെ മരണമായിരുന്നു. ലോഹിതദാസിന്റെ ജോക്കർ എന്ന സിനിമയില് ഞങ്ങൾ ഒന്നിച്ചഭിനയിച്ചിരുന്നു. ഞങ്ങൾ ഒരു മുറിയിലാണ് താമസിച്ചത്. ഇത്രയും പ്രശസ്തനായിരുന്നിട്ടും ബഹദൂർക്കാന്റെ അവസാനകാലം വളരെ കഷ്ടപ്പാടിലായിരുന്നു. ഒരാൾക്കൊരു വെഷമം വന്നാല് അത് എങ്ങനെയെങ്കിലും തീർത്താൽ മാത്രം ഉറക്കം കിട്ടുന്ന ചിലര്ണ്ടല്ലോ. അങ്ങനെയാണ് ബഹദൂർക്ക. കൊടുങ്ങല്ലൂര് ബഹദൂർക്കാന്റെ കബറടക്കി ഒരനുശോചനയോഗം ചേർന്നു. എനിക്കതിൽ ഒരക്ഷരം പറയാനായില്ല. ബഹദൂർക്ക എന്ന് പറയുമ്പോഴേക്കും എന്റെ ഖൽബ് പൊട്ടിപ്പോയി. എല്ലാ വിടവാങ്ങലുകളും വേദനയാ.

ഞാൻ കുറെ നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ഇഫ്രീത്ത് രാജ്ഞി, വമ്പത്തി നീയാണ് പെണ്ണ് (ബി. മുഹമ്മദ്), മോചനം, ഗുഹ (എ.കെ.പുതിയങ്ങാടി), മൃഗശാല, കുടുക്കുകൾ (ടി.മമ്മദ്കോയ).... താജിന്റെയും വാസുപ്രദീപേട്ടന്റെയും കുറെ നാടകങ്ങൾ. അപ്പോഴൊക്കെയും കല്ലായിക്കൂപ്പുകളിൽ പോയി തടിയളക്കുന്ന ജോലിയും ചെയ്തിരുന്നു. ഒരു നാടകനടന് നാട്ടിൽ നടക്കാം. കൂട്ടുകാരുടെ കൈയ്പിടിച്ച് എങ്ങോട്ടും പോകാം. എന്നാൽ ഇന്ന് നമ്മള് താരമാണ്. സിനിമാതാരം. സിനിമയിലെ താരങ്ങളെ മാത്രമെന്താണ് ആളുകൾ ഇങ്ങനെ നോക്കുന്നത്?





പഴയ സംഭവങ്ങളൊക്കെ ഓർക്കുമ്പോ എനിക്ക് ഇന്നുള്ള ഈ പ്രശസ്തിയൊന്നും ഒരു പ്രശസ്തിയുമല്ല, ഈ തിരിച്ചറിവൊന്നും ഒരു അറിവുമല്ല. കുട്ടികള് സിനിമ കണ്ടാൽ ചിരിക്കും. അതിലപ്പുറം എന്ത്? ഒരിക്കൽ ഒരു വേദിയില് അഴീക്കോട്മാഷും സമദാനിയും ഞാനുമുണ്ടായിരുന്നു. അഴീക്കോട്മാഷ് പ്രസംഗിച്ചുതുടങ്ങി. അഴീക്കോട്മാഷിന്റെയും സമദാനിയുടെയും പ്രഭാഷണങ്ങൾ വേദിയിലിരുന്ന് മനസ്സമാധാനത്തോടെ കേൾക്കാമല്ലൊ എന്നു വിചാരിച്ചിട്ടാണ് ഞാൻ ആ പരിപാടിക്ക് സമ്മതിച്ചത്. അഴീക്കോട്മാഷിന്റെ പ്രസംഗം തുടങ്ങിയപ്പോത്തന്നെ ആളുകള് അക്ഷമരായി കൂവിത്തുടങ്ങി. സമദാനി ഒരു വിധം പിടിച്ചുനിന്നു. ആളുകൾക്ക് മാമുക്കോയ തമാശ പറയുന്നത് കേൾക്കണം. നമ്മളെന്താ തമാശയും വായിലിട്ട് എപ്പോഴും ചവച്ചു നടക്കുകയാണോ? അഴീക്കോട് മാഷും മമ്മൂട്ടിയോ മാമുക്കോയയോ ഉള്ള ഒരു ചടങ്ങില് ആളുകള് കാത് കൊട്ക്കേണ്ടത് അഴീക്കോട് മാഷിനാണ്; മാമുക്കോയയ്ക്കല്ല. അതാണ് ഞാൻ പറഞ്ഞത്, ജനങ്ങളുടെ തിരിച്ചറിവിലൊന്നും വലിയ കാര്യമില്ല എന്ന്.

പുതിയ ലോകം സ്പീഡിന്റെ ലോകമാണ്. അതിന് ഈ തലമുറയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ആ സ്പീഡില് തന്നെ വയസ്സന്മാരും പോകണം. അല്ലെങ്കില് ജീവിതത്തിന് പിടിത്തം കിട്ടില്ല. അത്രയും ഫാസ്റ്റായിട്ട്ള്ള സംഭവങ്ങളാ. പതിനഞ്ച് വയസ്സ് മുതൽക്ക് ഇരുപത്തഞ്ച് വയസ്സിനിടയിലുള്ളവരാണ് കേരളത്തിലെ സിനിമാപ്രേക്ഷകരധികവും. അവർക്ക് വേണ്ടിയാണ് പ്രൊഡ്യൂസർമാർ സിനിമ പിടിക്കുന്നത്. അവർക്ക് ചിരിക്കാൻ വേണ്ടിയാണ് നമ്മള് അഭിനയിക്കുന്നത്.


ഇന്ന് എല്ലാറ്റിനും ഒരു കാഴ്ചഭംഗി മാത്രം മതി. സാഹിത്യം വേണ്ട, ശുദ്ധസംഗീതം വേണ്ട. ഈ ശുദ്ധിയൊന്നും മനുഷ്യന്മാർക്കും വേണ്ട. അത് കൊണ്ട് ആ പഴയ കോഴിക്കോടൻ സായാഹ്നങ്ങൾ ഇനിയൊരിക്കലും തിരിച്ചുവരില്ല. അതിന്റെ സങ്കേതങ്ങളില്ല, ആൾക്കാരില്ല. ബഷീർക്കാന്റെ വീട്ടില് പോയാല് ബഷീർക്ക പറയാറ്ണ്ട്:

എല്ലാരും ഒന്നാണ്. ഞാനും നീയും ഒന്ന്.

പഴയ മനുഷ്യർ ഒന്നായിരുന്നു. പക്ഷേ, ഒന്നുമായില്ല. ഉള്ളതെല്ലാം മറ്റുള്ളവർക്ക് കൊടുത്ത് വെറുംകൈയോടെ അവരൊക്കെ പോയി...

ഇനിയുള്ള ഒരു കോഴിക്കോട്ടുകാരനും അന്നത്തെ ആ ഭാഗ്യം ഇനി കിട്ടില്ല. അതിന് പറ്റിയ ആളുകള് ഇന്നില്ല. ഇന്ന് എല്ലാവർക്കും വീടായി, കാറായി. മുറിയിലെ സി.ഡി. പ്ലയറില് അവനവന്റെ മുഖംതന്നെ കണ്ടോണ്ടിരിക്കാം. പുസ്തകം വായിക്കാൻ തയ്യാറുള്ള ആൾക്കാരുപോലും ഇന്നില്ല. പിന്നെ ഇന്നത്തെ മതവും രാഷ്ട്രീയവും... ഇന്ന് ഇതിന്റെയൊക്കെ നേതൃത്വം വളരെ അബദ്ധമാണ്. ശരിയായ രാഷ്ട്രീയവുമില്ല, ശരിയായ മതവുമില്ല. എല്ലാവർക്കും ഗ്രൂപ്പുകളായി. മതമോ രാഷ്ട്രീയമോ ഒന്നുമല്ല മനുഷ്യരെ ഒന്നിപ്പിച്ചുനിർത്തുന്നത്. സംഗീതവും സാഹിത്യവും നാടകവുമൊക്കെത്തന്നെയാണ് ഇപ്പോഴും മനുഷ്യരെ മനുഷ്യരായി കാണുന്നത്.

തിരിച്ചുവരില്ല ഇനി ആ കാലം.



# മനുഷ്യരും മരങ്ങളും

# ചെറുപ്പത്തിലെ കഥകള്

നമ്മളെ ചെറുപ്പത്തിലെ കഥകള് നാട്ടുകാർക്ക് വായിക്കാൻ സുഖമില്ലാത്ത കഥകളായിരിക്കും. അത് നമ്മളായിട്ടു പറയണോ? പിന്നെ നമ്മളെ ജീവചരിത്രമല്ലെ. നമ്മളനുഭവിച്ച കഷ്ടപ്പാടൊന്നും ആരോടും പറയാറില്ല. കാരണം, നമ്മളെക്കാൾ കഷ്ടപ്പാടും വേദനയും അനുഭവിച്ചുതീർത്ത ഒരുപാടാളുകളെ എനിക്കറിയാം.

എന്റെ വാപ്പാന്റെ പേര് മമ്മദ്. വാപ്പയുമായിട്ട് എനിക്ക് വലിയൊരു അടുപ്പമുണ്ടായിട്ടില്ല. ഞാൻ ആറാം ക്ലാസിൽ എത്തിയപ്പോൾതന്നെ വാപ്പ മരിച്ചിരുന്നു. വാപ്പ മരിക്കുമ്പോ കുടുംബവുമായിട്ട് വലിയ അടുപ്പമില്ലായിരുന്നു. വാപ്പാക്ക് വേറെ ഭാര്യയും രണ്ടു മൂന്ന് മക്കളുമുണ്ടായിരുന്നു. വാപ്പ അവിടെയായിരുന്നു.

ഞാനും ജ്യേഷ്ഠൻ കോയട്ടിയും പെങ്ങൾ പാത്തുമ്മക്കുട്ടിയും ഉമ്മ ഇമ്പച്ചി ആയിശയുമടങ്ങുന്നതായിരുന്നു എന്റെ കുടുംബം. പെങ്ങൾക്ക് മക്കളില്ല. ചെറുപ്പത്തില് ഞങ്ങളെല്ലാരും ഒന്നിച്ചായിരുന്നു താമസിച്ചിരുന്നത്. ഏട്ടന് ചെറിയൊരു പണിയുണ്ടായിരുന്നു. പക്ഷേ, അത് കുറേക്കാലം കൊണ്ടുനടക്കാൻ പറ്റിയില്ല. നന്നായി സിഗരറ്റ് വലിക്കുന്ന ആളാണ് ഏട്ടൻ. നിക്കോട്ടിന്റെ അംശം ശരീരത്തിൽ കേറിയതുമൂലം രണ്ടു കാലും അരവരെ മുറിച്ചുമാറ്റേണ്ടി വന്നു.

സ്കൂളില് പോകുന്ന കാലത്തുതന്നെ നമ്മള് നാടകത്തിലഭിനയിക്കാൻ തുടങ്ങിയിരുന്നു. സൈഗൾ ആർട്സ് പ്രൊഡക്ഷൻസ് എന്ന പേരിൽ ഒരു ക്ലബ്ബ് അന്നുണ്ടായിരുന്നു. ടി.എം. ആലിക്കോയ എന്ന ഒരാളാണ് അതിന്റെ നാടകം എഴുതലും സംവിധാനവുമൊക്കെ. നമ്മളെ പ്രദേശത്തുള്ള കലാവാസനയുള്ള ആൾക്കാരൊക്കെ ആ നാടകങ്ങളിൽ അഭിനയിക്കുമായിരുന്നു. മച്ചാട്ട് വാസന്തി, മച്ചാട്ട് കൃഷ്ണേട്ടൻ തുടങ്ങിയവരാണ് പ്രധാനമായിട്ടും വേഷമിട്ടിരുന്നത്. പേരുള്ള ഒരു നടനുണ്ടായിരുന്നത് (നെല്ലിക്കോട്) ഭാസ്കരേട്ടനാണ്. കല്ലായീന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പള്ളിക്കണ്ടി എന്ന സ്ഥലത്തായിരുന്നു, സൈഗൾ ആർട്സ് പ്രൊഡക്ഷൻസ്. കുട്ടിക്കാലത്ത് എന്റെ സ്വദേശം പള്ളിക്കണ്ടിയായിരുന്നു. മച്ചാട്ട് വാസന്തിയും മച്ചാട്ട് കൃഷ്ണേട്ടനും നെല്ലിക്കോട് ഭാസ്കരേട്ടനും അഭിനയിക്കുന്ന നാടകത്തിന്റെ റിഹേഴ്സൽ എല്ലാ ദിവസവും കണ്ട് അഭിനയവും സംവിധാനവുമൊക്കെ മനസ്സിലാക്കി വെച്ച് നമ്മള് കുട്ടികളും അതേ നാടകം വേറൊരു രൂപത്തിൽ വീടിന്റെ പരി

സരത്ത് അവതരിപ്പിക്കുമായിരുന്നു. ഉമ്മാന്റെ കാച്ചിയും തട്ടവുമൊക്കെ എടുത്തിട്ടാണ് സ്റ്റേജ് കെട്ടുക. ഇതൊക്കെക്കഴിഞ്ഞ് നമ്മളെങ്ങനെയോ ഹൈസ്കൂളിലെത്തി. മൂന്ന് സ്കൂളിലാണ് നമ്മള് പഠിച്ചത്. ഒന്നുമുതൽ അഞ്ചുവരെ പള്ളിക്കണ്ടി എലിമെന്ററി സ്കൂള്, ആറുമുതൽ എട്ടുവരെ കുറ്റിച്ചിറ ഹയർസെക്കണ്ടറി സ്കൂള്, ഒമ്പതും പത്തും മദ്രസ്സത്തുൽ മുഹമ്മദീയ സ്കൂള്. അന്ന് പതിനൊന്നാം ക്ലാസിലാണ് എസ്.എസ്.എൽ.സി. തുടർന്ന് പോകാനും പഠിച്ച് കേറാനുമുള്ള ചുറ്റുപാടില്ലാത്തതുകൊണ്ട് പത്താം തരത്തിൽ പഠിക്കുമ്പോൾ തന്നെ ഞാൻ പിരിഞ്ഞുപോന്നു. പത്താംക്ലാസ് കഴിഞ്ഞ് കല്ലായില് വന്ന് മരത്തിന്റെ നമ്പറ് അടിക്കുന്ന പണിയിലേർപ്പെട്ടു. എൽ.പി.സ്കൂളിൽ പഠിക്കുമ്പോത്തന്നെ കല്ലായിപ്പുഴയിൽനിന്ന് ഞാൻ ചളിവാരി കൊണ്ടുപോയി വിറ്റിരുന്നു. കല്ലായിപ്പുഴയില് നല്ല കറുത്ത കട്ടയായ ചളി കിട്ടും. ചിലരത് വീട് നിർമ്മാണത്തിന് ഉപയോഗിക്കാറുണ്ട്. ചിലപ്പോ മരത്തിന്റെ തൊലി പൊളിച്ചു വിറ്റു ചില്ലറക്കാശുണ്ടാക്കും. ഞായറാഴ്ചകളിൽ മുരിങ്ങയില പറിച്ച് തളിയിൽ കൊണ്ടുപോയി പട്ടന്മാർക്ക് വിറ്റു. അതൊക്കെ വിറ്റു കിട്ടുന്ന കാശ് കൊണ്ട് കപ്പ, കായ്കറികളൊക്കെ വാങ്ങി പള്ളിക്കണ്ടിയിൽ കൊണ്ടുപോയി വിൽക്കും, ഇങ്ങനെയൊക്കെയുണ്ടാക്കുന്ന കാശ്കൊണ്ടാണ് പുസ്തകം, പേന, മഷി തുടങ്ങിയ പഠനസാമഗ്രികൾ ഒക്കെ വാങ്ങിയത്. പിന്നെ വിചാരിച്ച്, എന്തിനാ കഷ്ടപ്പെട്ടുണ്ടാക്ക്ന്ന പൈസ പഠിച്ച് നഷ്ടപ്പെടുത്ത്ന്നത്! അങ്ങനെയാണ് പത്തില്വെച്ച് പഠനം നിർത്തിയത്.





# കല്ലായി

കോഴിക്കോടിന്റെ പല ഭാഗങ്ങളിൽനിന്നും കല്ലായിലേക്ക് മരങ്ങള് വരും. വയനാട്, നിലമ്പൂര് ഭാഗങ്ങളിൽനിന്നാണ് കൂടുതലും മരങ്ങള് വന്നുകൊണ്ടിരുന്നത്. ലോറിയിലും തൊരപ്പയിലുമൊക്കെയായി അട്ടിയട്ടിയായി മുറിച്ച മരങ്ങള് വന്ന് വീഴും. മരങ്ങളുമായി ലോറി വന്നുകഴിഞ്ഞാൽ മരത്തിന്റെ ഉടമ, ആ മരങ്ങള് വാങ്ങുന്ന ആൾക്കാർക്ക് അളന്നുകൊടുക്കണം. നാരും കോലും ഉപയോഗിച്ചിട്ട് മരം അളക്കല് നമ്മളാണ്. മുമ്പ് കണ്ടിക്കണക്കാണ്. വീശം, വിരല്, കോല് ഇതാണ് കണ്ടിയളവിന്റെ രീതി. കുറേക്കഴിഞ്ഞ് കണക്ക് ക്യൂബിക്കായി. ഇഞ്ച്, ഫുട്ട് തുടങ്ങിയ രീതി. അത് കഴിഞ്ഞിപ്പോ അളവൊക്കെ മീറ്ററിലായി. ഇന്ന് പക്ഷേ കല്ലായി ഉണങ്ങിപ്പോയി. മരങ്ങളുമില്ല അളവ്കാരുമില്ല. പണ്ട് കോഴിക്കോട് ചരിത്രത്തിൽ അറിയപ്പെട്ടത് കല്ലായിയുടെ പേരിലാണ്. ഇന്നത്തെ കുട്ടികൾക്ക് കല്ലായിയെക്കുറിച്ച് ഒന്നുമറിയില്ല. കൂടിയാലവര് കല്ലുമ്മക്കായ് എന്ന് കേട്ടിരിക്കും. അതിലപ്പുറം ഇല്ല. കല്ലായിക്ക് വലിയൊരു ചരിത്രമുണ്ട്. മരവ്യവസായവും അതിന്റെയൊരു സജീവതയുമൊക്കെ ഇന്ന് പൂർണ്ണമായും ഇല്ലാണ്ടായി. കല്ലായിപ്പുഴയുടെ അക്കരെയും ഇക്കരെയുമുള്ള തീരങ്ങളിലാണ് അക്കാലത്തെ കലാപ്രവർത്തനങ്ങളൊക്കെ നടന്നിരുന്നത്. ഇന്ന് കല്ലായില് പ്രകൃതിയുടെ സ്വഭാവംതന്നെ മാറിപ്പോയി.

ഇന്ന് കല്ലായി ആളുകൾക്ക് ചവറ് കൊണ്ടുക്കളയാനുള്ള ഒരു ചളിക്കുണ്ട് മാത്രം. മുമ്പ് കോഴിക്കോട്ടുകാരുടെ ജീവിതം അതിനെ ചുറ്റിപ്പറ്റിയായിരുന്നു.

തടിവ്യവസായത്തിൽ രണ്ടാം സ്ഥാനമാണ് കല്ലായിക്ക്. ആ കാലത്ത് ഞാൻ വിചാരിക്കും, പടച്ചോനെ ഒന്നാം സ്ഥാനം എവിടെയായിരിക്കും? എന്തോരു മരങ്ങള്ണ്ടായിരിക്കും അവ്ടെ! കന്യാകുമാരി മുനമ്പ് കാടു മുതൽ ഏതാണ്ട് മഹാരാഷ്ട്ര അതിർത്തിക്ക് വരെ നമ്മള് മരം അളക്കാൻ പോയിട്ട്ണ്ട്. പിന്നെ ആന്തമാൻ ദ്വീപിലും പോയിട്ടുണ്ട്. കാനഡയിലാണ് ഒന്നാമത്തെ തടിവ്യവസായസ്ഥലം. അവിടെ കുറേ സോമില്ലുകളുണ്ട്. 1990-ൽ കാനഡയിൽ പോയപ്പോൾ അതെല്ലാം ഞാൻ ചുറ്റി നടന്നുകണ്ടു. വൈകുന്നേരം റിക്രിയേഷൻ ക്ലബ്ബിന്റെ വക ഒരു സ്വീകരണമുണ്ടായിരുന്നു. അതിൽ ഞാൻ പറഞ്ഞു:



ഒന്നാം സ്ഥാനം മുതൽ ഒരു നൂറാം സ്ഥാനം വരെ കല്ലായിതന്നെയാണ്. ഞാൻ പഠിച്ച കാലത്ത് രണ്ടാം സ്ഥാനമാണ് കല്ലായി എന്ന് കേട്ടപ്പോ ഒന്നാം സ്ഥാനം എവിടെയാണെന്ന് അറിയാനുള്ള ഒരാഗ്രഹം എനിക്കുണ്ടായിന്. ഇവിടെ വന്നപ്പോളാണ് അറിഞ്ഞത് ഇവിടെ മുറിക്കുന്നതും അളക്കുന്നതുമെല്ലാം ഒരേ തരം മരങ്ങളാണ്. കല്ലായിലുള്ള കനമരങ്ങളൊന്നും ഇവിടെയില്ല.



## മരങ്ങൾ

കല്ലായില് ധാരാളം കനമരങ്ങള് വരും. ചോപ്പ് ആന്തല്, പൊന്തല്, വെള്ള ആന്തല്, പിന്നെ ആന്തലും പൊന്തലുമല്ലാത്ത മരങ്ങള്. വെള്ളത്തില് മോളിലും താഴെയുമല്ലാണ്ട് നിൽക്കുന്ന ആ മരങ്ങളുടെ പേര് ആടാപ്പാടി എന്നാണ്. ചോപ്പും വെള്ളയുമായി തരം തിരിക്ക്ന്നത് കൂടാതെ തേക്ക്, വീട്ടി, മാവ്, പ്ലാവ്, അകിലുകൾ (വെള്ള അകില്, ചൊകന്ന അകില്, കാര അകില്), പൈൻ (വെള്ള പൈൻ, ചൊകന്ന പൈൻ, പൊന്തപ്പൈൻ, അടക്കാപ്പൈൻ), പാലി (മുള്ളൻ പാലി, അടക്കാ പാലി), പുന്ന, വേണ്ടേക്ക് (വെൺതേക്ക്), മരുത്, കരിമരുത് ഇങ്ങനെ ഒരുപാട് മരങ്ങള് കല്ലായീല് വരും. മരമാവുമ്പോ മുഴ വേണം, കമ്പ് വേണം. കാനഡയിലെ മരങ്ങള് നേർക്കുനേർ ഒരു പൈപ്പ്പോലെയുള്ള മരങ്ങളാണ്. അവ ഈട് കുറഞ്ഞ മരങ്ങളാണ്. വീട്ടിമരം കച്ചോടാക്കുമ്പോ നമ്മള് ശ്രദ്ധിക്കേണ്ട കാര്യം, വീട്ടീന്റെ മേലെ കുത്തും ചൊറയും അതുമിതും ഉണ്ടാവണം. ആകെയൊരു വരച്ചു കൂട്ടിയതുപോലെ കണ്ടാൽ ആ വീട്ടി നല്ലതായിരിക്കും. അടിയില് ഗ്രെയിൻസുണ്ടാവണമെങ്കില് മോളില് ഈ ചൊറകളൊക്കെ വേണം. അതാവുമ്പോ ഈടും ഉറപ്പും ഒക്കെയുണ്ടാവും. വെള്ളം കുടുതല് കിട്ട്ന്ന സ്ഥലത്ത് വളരുന്ന മരവും വെള്ളം തീരെ കിട്ടാത്ത സ്ഥലത്ത് വളര്ന്ന മരവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. പാറപ്പുറത്ത് വളര്ന്ന മരങ്ങൾക്കാണ് ഉറപ്പ് കൂടുതല്. കല്ലും മണ്ണുമൊക്കെ തിന്നിട്ടാണ് പാറപ്രദേശത്തെ മരങ്ങളുടെ വളർച്ച. അത് മില്ലിൽ കേറ്റി വാള് തട്ടിയാൽ തീപ്പൊരി പാറും.

സ്ഥലത്തിനനുസരിച്ച് മരങ്ങൾക്ക് വ്യത്യാസമുണ്ട്. ഇതൊക്കെ ഒരു തടിയളവ്കാരന്റെ മനസ്സിലുണ്ടാവണം. മരത്തെ ബാധിക്കുന്ന പ്രധാന കേട് തരിക്കുത്ത് (ഉറക്കുത്ത്), മൂട്ടിലുണ്ടാവുന്ന പൂതല്, മൺകേട് തുടങ്ങിയവയാണ്. ഇതില് മൺകേട് ബാധിച്ച മരങ്ങളെ പുറമേനിന്ന് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാ. മൺകേട് ബാധിച്ച മരങ്ങൾ അളന്നൊക്കെ കഴിഞ്ഞ് മുറിക്കുമ്പോൾ, പപ്പായ മുറിച്ചതുപോലെയുണ്ടാവും. കുത്തനെ നിക്ക്ന്ന മരങ്ങളുടെ കേട് നോക്കി പറയാൻ കഴിവുള്ള വിദഗ്ദ്ധര് കാട്ടില് വേറെയുമുണ്ട്. കാട്ടില് തടിയെടുക്കാൻ പോവാൻ അവരെയും ചിലര് കൂട്ടും. ഇലയും പൂവും തടിയും നോക്കി അവർ മരം ഏതു തരമെന്നു പറയും. വീട്ടാവശ്യത്തിന് തറവാടികള് വെൺതേക്കോ വീട്ടിയോ വാങ്ങും. പാവപ്പെട്ടവരും ഇടത്തരക്കാരും പ്ലാവും പാലിയും വാങ്ങും. എന്റെയൊക്കെ കാലത്ത് കാറ്റാടിയും റബ്ബറും മരമായി

എണ്ണാറില്ല. വിറകായിട്ടുപോലും ഉപയോഗിക്കാറില്ല. അന്ന് കല്ലായില് ഉരു (പത്തേമാരി) വരാറുണ്ടായിരുന്നു. കനമരങ്ങൾ കേറ്റി പത്തേമാരികൾ അറബിനാട്ടിലേക്ക് പോകും. കല്ലായിപ്പുഴയിലെ തടിവ്യവസായം അന്ന് ഒരുപാട് ആളുകളുടെ ഉപജീവനമാർഗ്ഗമായിരുന്നു. വലിയ മരങ്ങൾ ഈരാൻ എഴുക കെട്ടും. ഇതില് ഒരുപാട് അറക്കപ്പൊടിയുണ്ടാവും (ഈർച്ചപ്പൊടി). അത് വാരിക്കൊണ്ടുപോയി വിറ്റു ജീവിച്ചവർ, പിന്നെ മില്ലില് പണിക്കാർക്കും മരങ്ങള് എടുക്കാൻ വരുന്നവർക്കും സർവത്ത്, അവില്, വെള്ളം തുടങ്ങിയവ വിറ്റു ജീവിച്ചവർ, അങ്ങനെ ഒരുപാടാളുകൾ. അക്കാലത്ത് കല്ലായില് ഇരുന്നൂറിൽപരം മരമില്ലുകളുണ്ടായിരുന്നു. കല്ലായിലെ ആദ്യത്തെ മരമില്ല് കോഴിക്കോട് അഴിമുഖത്തിനടത്തുള്ള യുണൈറ്റഡ് സോ മിൽ (കോതി) ആണ്. ഇപ്പളും ആ സ്ഥലത്തിന്റെ പേര് കോതിന്റവിട എന്നാണ്. കോതിയുടെ പടിഞ്ഞാറ് കടപ്പുറം. അവിടെയാണ് പ്രശസ്തമായ ഗുജറാത്തി ശ്മശാനം. പാങ്കാവ്, കോട്ടൺമിൽ, അരയടത്ത് പാലം തുടങ്ങിയ പ്രദേശങ്ങളിലൊക്കെ മരമില്ലുകളുണ്ടായിരുന്നു. അക്കാലത്ത് പത്തിരുന്നൂറ്റമ്പത് ജിൻസ് മരങ്ങള് ഞാനും സുഹൃത്ത് അശോകനും ശേഖരിച്ചിരുന്നു. മരം എന്ന പേരിൽ എൻ.പി. മുഹമ്മദ് ഒരു ബുക്കെഴുതിയിട്ടുണ്ട്. അത് കല്ലായിയുടെ കഥയാണ്. പിന്നീടത് യൂസഫലികേച്ചേരി സിനിമയാക്കി. കല്ലായി പരിസരത്തുവെച്ചു തന്നെയാണ് അത് ഷൂട്ട് ചെയ്തത്. ആ സിനിമയിലാണ്

പതിനാലാം രാവുദിച്ചത്
മാനത്തോ കല്ലായിക്കടവത്തോ.... എന്ന പാട്ടുള്ളത്.



# തിക്കോടിയൻ

കല്ലായി പ്രദേശത്തുള്ള നാടകങ്ങളലഭിനയിച്ചുകൊണ്ടുതന്നെ പുറത്തുള്ള നാടകക്ലബ്ബുകളിലും ഞാൻ ചേക്കേറാൻ തുടങ്ങി. ദേശപോഷിണിയിൽ പ്രധാനപ്പെട്ട ആള് തിക്കോടിയൻമാഷാണ്. ആണ്ടിയേട്ടൻ (കുഞ്ഞാണ്ടി) പ്രധാന നടനും. തിക്കോടിയൻമാഷിന്റെ നാടകത്തില് ഞാനഭിനയിച്ചിട്ടില്ല. നമ്മളെ ക്ലബ്ബ് തിക്കോടിയൻ മാഷിന്റെ പരകായപ്രവേശം എന്ന നാടകം കുറേ വേദികളിൽ അവതരിപ്പിച്ചിരുന്നു. മരിക്കുന്നതുവരെ മാഷും ഞാനും നല്ല അടുപ്പമായിരുന്നു. തിക്കുറുശ്ശി സുകുമാരൻ നായരുടെ മകൾ കനകശ്രീ ഒരു അപകടത്തിൽപെട്ട് മരിച്ച സമയം. മകളെക്കുറിച്ച് തിക്കുറുശ്ശി കുറച്ച് കവിതകൾ എഴുതി ഒരു ബുക്കാക്കി. അതിന്റെ മൂന്ന് കോപ്പികൾ എനിക്ക്തന്ന് തിക്കുറുശ്ശി പറഞ്ഞു: ഒന്ന്, കവിമാഷ്ന്. ഒന്ന്, ആകാശവാണിയിൽ ഖാൻ കാവിലിന്. ഒന്ന്, തിക്കോടിയൻമാഷ്ന്. കവിമാഷും ഖാൻകാവിലും നമ്മളും എപ്പോഴും കാണ്ന്നവരായിരുന്നു. തിക്കോടിയൻമാഷ് അസുഖം ബാധിച്ച് കിടപ്പിലായിരുന്നു. ഞാൻ വീട്ടിലേക്ക് പോയി.

എന്തേയ്?

ഞാൻ തിക്കുറുശ്ശി സുകുമാരൻനായർ തന്ന ബുക്ക് കൊടുത്തു.

ഇത് നിങ്ങൾക്ക് തരാൻ തിക്കുറുശ്ശി തന്നതാ.

തിക്കുറുശ്ശിയുടെ ആരോഗ്യാവസ്ഥയൊക്കെ എങ്ങനെ?

മകള് മരിച്ചേപ്പിന്നെ മാനസികമായി ഭയങ്കര തകർച്ചയിലാ. ഞാൻ തിക്കുറുശ്ശിയുടെ അവസ്ഥ വിവരിച്ചു. രോഗം എന്നെയും കൊണ്ടേ പോകൂ എന്നു തോന്നുന്നു, തിക്കോടിയൻമാഷ് പറഞ്ഞു. വയ്യ, പക്ഷേ, രോഗാവസ്ഥയൊന്നും ഞാനാരോടും പറയാറില്ല. ആരെങ്കിലും പരിപാടിക്ക് വിളിക്കുമ്പോൾ കുളിച്ച് വേഷമൊക്കെ മാറി ഞാൻ പോകാറുണ്ട്. പക്ഷേ, വയ്യ മാമു.

ഇങ്ങനെയാണ് തിക്കോടിയൻമാഷ്. കോഴിക്കോട്ട് ഏത് ചടങ്ങിനും തിക്കോടിയൻമാഷ് വേണം. ആൾക്കാർക്ക് അത് നിർബ്ബന്ധമാണ്. ഉള്ളില് രോഗം വെച്ചും തിക്കോടിയൻമാഷ് പ്രസംഗിക്കാൻ പോകുമായിരുന്നു.

എപ്പോഴും ചിരിച്ചോണ്ടിരിക്കുന്ന ഒരാളാണ് തിക്കോടിയൻമാഷ്. സൗഹൃദങ്ങളിൽ വലിപ്പച്ചെറുപ്പങ്ങളില്ല. എന്നാലും എം.ടി, ജി.അരവിന്ദൻ, എൻ.പി. മുഹമ്മദ്, പട്ടത്തുവിള, എം.വി.ദേവൻ ഇവരൊക്കെയായിരുന്നു തിക്കോടിയൻ മാഷിന്റെ അടുത്ത ചങ്ങാതിമാർ. കലാപരമായ ബന്ധത്തിനപ്പുറം കുടുംബപരമായ കാര്യങ്ങള്കൂടി ഞങ്ങള് ചർച്ചചെയ്യുമായിരുന്നു.

# കാർണിവൽ

കുറച്ചു കാലം ഞാൻ കാർണിവല്ലിൽ പോയിരുന്നു. കല്ലായിയിലെ പണിക്ക്ഒരു സ്പീഡ് കുറഞ്ഞു. പഴയപോലെ പണിയില്ലാണ്ടായി. വരുമാനത്തിനൊക്കെയൊരു കമ്മി. അങ്ങനെയാണ് കാർണിവല്ലിൽ ഹാസ്യനാടകം അവതരിപ്പിക്കാൻ പോയിത്തുടങ്ങിയത്. പപ്പുവേട്ടൻ (നെല്ലിക്കോട് പപ്പൻ), അബൂസിർക്കാറ്, സുശീല, ശാരദ, ഉമ്മറ്, രാജൻ പാടൂർ തുടങ്ങിയ ഒരുപാട് പേര്ണ്ട് അന്ന് കാർണിവലിൽ. കോഴിക്കോട് സ്റ്റേഡിയത്തിനടുത്ത് കാർണിവൽ വരുമ്പോൾ നാട്ടിലാകെ ഒരു ഉത്സവംപോലെയായിരുന്നു. സൂചിയേറ്, ഗാംബ്ലിങ് ഇതൊക്കെയാണ് കാർണിവലിൽ കമ്പനിക്ക് പണമുണ്ടാക്കുന്ന പരിപാടികള്. ചൂതാട്ടത്തിൽ പണം പോയവർക്കും പിന്നെ കുട്ടികൾക്കും സ്ത്രീകൾക്കുമൊക്കെ ഒന്ന് ചിരിക്കാനുള്ള കലാപരിപാടിയാണ് ഈ ഹാസ്യനാടകങ്ങള്. കോഴിക്കോട് കൂടാണ്ട് നിലമ്പൂർ, മഞ്ചേരി, പേരാമ്പ്ര, താമരശ്ശേരി  തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന കാർണിവലിൽ ഞാൻ പരിപാടി അവതരിപ്പിച്ചിട്ട്ണ്ട്. ജോൺപീറ്റർ എന്നൊരാളായിരുന്നു കോഴിക്കോട്ട് അക്കാലത്ത് നടന്ന കാർണിവലിന്റെ പ്രധാന പാർട്ണർ. അയാളുടെ സഹായിയാണ് മൊയ്തീൻ. മൊയ്തീൻ എന്റെ ചങ്ങാതിയായിരുന്നു. ആ പരിചയമാണ് കാർണിവലിലെത്തിച്ചത്.

സ്ക്രിപ്റ്റ് പഠിച്ചിട്ടും റിഹേഴ്സല് ചെയ്തിട്ടൊന്നുമല്ല ഈ ഹാസ്യപരിപാടികള് അവതരിപ്പിച്ചിരുന്നത്. ഒരു ചെറിയ സ്റ്റേജ് കെട്ടിയിട്ടുണ്ടാവും. സ്റ്റേജിൽ കയറുന്നതിനുമുമ്പ് ഞങ്ങള് അന്നവതരിപ്പിക്കേണ്ട ഒരു കഥയാലോചിക്കും. ഓരോ കഥാപാത്രങ്ങളും അല്പം നർമ്മവുമൊക്കെ ചേർത്ത് മനോധർമ്മംപോലെ ആ കഥ അവതരിപ്പിക്കും. ഞാനിപ്പളും ആലോചിക്കും, അന്നത്തെ ആ നാടകങ്ങള് രണ്ട് മാസം റിഹേഴ്സൽ ചെയ്ത് അവതരിപ്പിക്കുന്ന പ്രൊഫഷണൽ നാടകങ്ങളെക്കാൾ ഗംഭീരമായിരുന്നു. നാടകത്തിന്റെ ശാസ്ത്രീയവശങ്ങളൊന്നും നോക്കിയിട്ടുള്ള കളികളല്ല. ഗാനമേള, റിക്കാർഡ് ഡാൻസ്, ഹാസ്യനാടകം– ഇത്രയുമാണ് കാർണിവലിലെ കലാപരിപാടികൾ.

സിനിമയും സംഗീതവും മാത്രമല്ല സാഹിത്യവും കല്ലായില് ചർച്ച ചെയ്യപ്പെട്ട സാധനമായിരുന്നു. വടേരി ഹസ്സൻ എന്ന ഒരു മരക്കച്ചോടക്കാരനുണ്ടായിരുന്നു. നമ്മള് വലിയ സുഹൃത്തുക്കളായിരുന്നു. മരം എന്ന പേരിൽ ഹസ്സൻ ഒരു ബുക്ക് ഇറക്കിയിരുന്നു. കോഴിക്കോട്ട് ഇത്രയധികം കലാകാരന്മാരെയും എഴുത്തുകാരെയും സ്നേഹിച്ചിരുന്ന മറ്റൊരു ചെറുപ്പക്കാരനുമുണ്ടായിരുന്നില്ല.





ഇല്ല എന്നല്ല; ഉണ്ടായിരുന്നു. പണ്ട് ഒരു കോൺസ്റ്റബിൾ കുഞ്ഞമ്മദ്ക്ക. അയാളാണ് ബാബൂക്കാനെയും കാദർക്കാനെയുമൊക്കെ ശരിക്കും പോറ്റിയത്. വടേരി ഹസ്സനും കോൺസ്റ്റബിൾ കുഞ്ഞമ്മദ്ക്കയും മുല്ലവീട്ടിൽ അബ്ദുറഹിമാൻ സാഹിബും കലാകാരന്മാരായിരുന്നില്ല. എന്നാൽ, കലാകാരന്മാരെയും സാഹിത്യകാരന്മാരെയും മാത്രമേ ഇവര് സ്നേഹിച്ചിരുന്നുള്ളൂ. അതിന്റെ പിന്നിലെ ഗുട്ടൻസ് എന്താണെന്ന് നമ്മളെത്ര ആലോചിച്ചിട്ടും പിടി കിട്ടുന്നില്ല. ഹസ്സന് ഒരു പ്രത്യേക സ്വഭാവമുണ്ട്. നമ്മളെ നാട്ടിലെ ഒരു പയ്യൻ  നന്നായി പാട്ടു പാട്ന്ന്ണ്ട് എന്ന് വിചാരിക്കുക. അവന് മാത്രമായി ഒരു കച്ചേരി കോഴിക്കോട് അളകാപുരിയിൽ സംഘടിപ്പിച്ചുകൊടുക്കും. ചെലവ് കംപ്ലീറ്റ് ഹസ്സന്റെ കയ്യിൽനിന്നായിരിക്കും. മരിച്ചുപോയ ആളുകളെ അനുസ്മരിക്കുന്ന ചടങ്ങൊക്കെ ഹസ്സൻ സ്വന്തം ചെലവിൽ സംഘടിപ്പിച്ചിരുന്നു. ബാബൂക്കാന്റെ അനുസ്മരണം മിക്കവാറും സംഘടിപ്പിച്ചിരുന്നത് ഹസ്സനാണ്. ഹസ്സൻ കുറച്ചുവർഷം മുമ്പ് മരിച്ചുപോയി. നല്ല മനുഷ്യനായിരുന്നു.

വടേരി ഹസ്സനെപ്പോലെ കുറേ പൈസ കളഞ്ഞ ആളാണ് സലാം കാരശ്ശേരി. പടമെടുത്ത് പാപ്പരായ ഒരാൾ. സലാം കാരശ്ശേരിയുടെ വാപ്പ എൻ.സി. കോയക്കുട്ടി ഹാജി കല്ലായിലെ പ്രബലനായ ഒരു മരക്കച്ചോടക്കാരനായിരുന്നു. മൂപ്പരുടെ കുറേ മരങ്ങള് ഞാനളന്നിട്ടുണ്ട്. മംഗലാപുരത്ത് ഏറ്റവും കൂടുതൽ ഭൂമിയുണ്ടായിരുന്ന ഒരു കോഴിക്കോട്ടുകാരനായിരുന്നു ഈ കോയക്കുട്ടി ഹാജിക്ക. സിനിമയെപ്പറ്റി സലാം കാരശ്ശേരി നല്ലൊരു ബുക്കെഴുതിയിട്ടുണ്ട്—കാഴ്ച. അത് വായിച്ചാൽ സിനിമയുടെ ഒരു ചരിത്രം നമുക്ക് പിടിത്തം കിട്ടും. നമ്മുടെ ഇ.മൊയ്തു മൗലവിയെക്കുറിച്ച് നൂറ്റാണ്ടിന്റെ സാക്ഷി എന്ന പേരിൽ ഒരു ഡോക്യുമെന്ററിയും സലാം കാരശ്ശേരി എടുത്തിട്ടുണ്ട്. സിനിമകള് മുഴുവൻ സലാംക്കാക്ക് നഷ്ടങ്ങളായിരുന്നു. സാമ്പത്തികവിജയം കിട്ടാവുന്ന സിനിമകൾ എടുത്തിട്ടേ ഇല്ലായിരുന്നു.



## കുഞ്ഞാണ്ടി

എന്റെ ജീവിതത്തിന്റെ വലിയൊരു ഭാഗ്യമായി ഞാൻ കാണുന്നത് കോഴിക്കോട്ടെ വലിയ ആളുകളുടെ ജീവിതവുമായി ചുറ്റിപ്പറ്റി നിൽക്കാൻ കഴിഞ്ഞതാണ്. അതുകൊണ്ട് ജീവിതത്തെ ഒരു വഴിക്ക് പിടിച്ചു നിർത്താൻ കഴിഞ്ഞു. ഇല്ലായിരുന്നെങ്കില് മറ്റാരോ പറയുന്ന ഒരു കോഴിക്കോടൻ കഥയിലെ മുടിയനായ കലാകാരന്മാരിലൊരാളായി നമ്മളെ പേരും പറഞ്ഞു കേൾക്കാം. വലിയ വലിയ കലാകാരന്മാർ നശിച്ചുപോവുന്നത് കൺമുന്നിലെ മായാത്ത ചിത്രങ്ങളാണ്. ഒരു ടാക്കീസിലും പ്രദർശിപ്പിക്കാത്ത സിനിമകളായി അതൊക്കെ നമ്മളെ മനസ്സിലുണ്ട്.

ചെറുപ്പത്തില് ഞാൻ കണ്ട വലിയൊരു നാടകമായിരുന്നു ഈഡിപ്പസ്. ടി.കെ.മേനോൻ എന്നൊരാളാണ് അത് സംവിധാനം ചെയ്തത്. കുഞ്ഞാണ്ടിയേട്ടനായിരുന്നു ഈഡിപ്പസ് ആയി അഭിനയിച്ചത്. ആ നാടകത്തിൽ ബാലൻ കെ. നായരും അഭിനയിച്ചിരുന്നു. കുഞ്ഞാണ്ടിയേട്ടന്റെ അഭിനയം കണ്ട് ഞാൻ പറഞ്ഞിരുന്നു.


പടച്ചോനെ എനിക്കെപ്പോഴെങ്കിലും ഒരു ഈഡിപ്പസ് വേഷം കിട്ടാനുള്ള യോഗമുണ്ടാവുമോ?

പിന്നീട് ഞാൻ കുഞ്ഞാണ്ടിയേട്ടനുമൊക്കെയായി ഒന്നിച്ച് നാടകം കളിച്ചു. അപ്പളും ഈഡിപ്പസ് നമ്മളെ വലിയ മോഹമായി ബാക്കി നിന്നു. നമ്മളെ തടിക്ക് പറ്റിയ വേഷമല്ല അതെന്ന് ഇപ്പോളെനിക്കറിയാം. ചില ജാതി മരങ്ങള്ണ്ട്. ആ മരങ്ങളില് വലിയ ഉരുപ്പടികളോ കൊത്തുപണികളോ തീർക്കാൻ കഴിയില്ല. അതുപോലൊരു ജാതി മരമാണ് ഞാൻ. കല്ലായിലെ ഒരു ആൾമരം.



## കെ.ടി. മുഹമ്മദ്

കോഴിക്കോട് ഉണ്ടായപ്പോഴേ കെ.ടി.യും ഉണ്ടായിട്ടുണ്ടെന്ന് നമ്മൾക്ക് തോന്നാറുണ്ട്. കെ.ടി. യെപ്പോലെ സോഫ്റ്റ് ആയിട്ടുള്ള വേറൊരാളില്ല. ഒരു ദിവസം കവിമാഷും ഞാനും പുതിയങ്ങാടിയിലുള്ള കെ.ടി. യുടെ വീട്ടിൽ ചെല്ലുമ്പോൾ, പി. എം. താജ് അവിടെ എല്ലാം അടിച്ചു തകർക്കുകയായിരുന്നു. ആ വർഷം നടന്ന അക്കാദമി നാടകോത്സവത്തിൽ താജ് ഒരു നാടകം അയച്ചിരുന്നു. ജൂറിയിൽ കെ.ടി.യുണ്ട്. താജിന്റെ നാടകം പരിഗണനയ്ക്ക് വന്നില്ല. താജ് കരുതിയത് അതിന്റെ പിന്നിൽ കളിച്ചത് കെ.ടി. എന്നാണ്. ഒരു പെരുന്തച്ചൻ ഈഗോ കെ.ടി.ക്കുണ്ട് എന്ന് എങ്ങനെയോ താജ് തെറ്റിദ്ധരിച്ചു. താജിന്റെ ഉള്ളിൽ ആരോ വിഷം കുത്തി വെച്ചതുമാവാം. താജ് കെ.ടി.യുടെ മരുമകനായിരുന്നു. കുടിച്ച് പൂസായിട്ടു വന്ന താജ് കെ.ടി.യെ കണക്കിനു ചീത്ത പറഞ്ഞു. കസേരയൊക്കെ വലിച്ചെറിഞ്ഞു. കവിമാഷും ഞാനും താജിനെ ഒരു വിധം പിടിച്ചു നിർത്തി. കെട്ടഴിച്ചു വിട്ട ഒരു മൃഗത്തെപ്പോലെ താജ് അലറി. ഞാൻ ഒരു വിധം താജിനെ പിടിച്ചുവലിച്ച് പുറത്താക്കി.



താജേ, എന്തപ്പായിങ്ങനെ. ആ മനുഷ്യൻ നിന്റെ കാരണോര് മാത്രമല്ല എന്ന വിചാരം നിനക്ക് വേണം. നീ പോ...

കെ.ടി.യുടെ വീട്ടിനു മുന്നിൽ നാടക റിഹേഴ്സലിനു വേണ്ടിയുണ്ടാക്കിയ ഒരു പന്തലും തറയുമൊക്കെയുണ്ടായിരുന്നു. അതിൽ കേറി നിന്ന് താജ് പറഞ്ഞു:

ഞാനിപ്പോ പോകുന്നു. പക്ഷേ, മാമുക്കാ ഞാൻ തിരിച്ചുവരും.

അതൊരു ഭീഷണിപോലെ തോന്നി. കവിമാഷും ഞാനും കെ.ടി.യെ സമാധാനിപ്പിക്കാനായി ചെല്ലുമ്പോ കെ.ടി. ഒരു കുട്ടിയെപ്പോലെ കരയുകയായിരുന്നു. ഭയങ്കര കരച്ചില്. അവൻ... ആ താജ് പറഞ്ഞത് കേട്ടില്ലേ മാമൂ.... ഞാൻ...

സാരില്ല കെ.ടി. അവര് ചെറുപ്പക്കാരല്ലേ. പുതിയ ചെറുപ്പക്കാര്.

കവിമാഷ് കെ.ടി.യെ സമാധാനിപ്പിക്കാൻ ശ്രമിച്ചു. താജ് നല്ല കഴിവുള്ള ചെറുപ്പക്കാരനായിരുന്നു. പക്ഷേ, മൂക്കത്താണ് കോപം. ഒന്നും രണ്ടും പറഞ്ഞാൽ വാക്കേറ്റമാകും. താജിനെ ആർക്കും ഇഷ്ടമല്ല, താജിന്റെ നാടകങ്ങളെ എല്ലാവരും അവഗണിക്കുന്നു എന്നാണ് താജ് കരുതിയിരുന്നത്. എന്നാൽ, സത്യം മറിച്ചായിരുന്നു. താജിനെ എല്ലാർക്കും ഇഷ്ടമായിരുന്നു. പക്ഷേ, താജ് ആരോടും അടുക്കാൻ പോയില്ല. അറിഞ്ഞ് അടുക്കാൻ വന്നവരെ അകറ്റുകയും ചെയ്തു. കെ.ടി.മുഹമ്മദ് കരഞ്ഞ മറ്റൊരു സന്ദർഭം ഭാര്യ സീനത്ത് ആ ബന്ധം വിട്ടുപോയപ്പോഴാണ്.

അവൾ... സീനത്ത്....

കെ.ടി. ഫോണിലൂടെ കരഞ്ഞു.

ഞാൻ കെ.ടി.യോടു പറഞ്ഞു.

കെ.ടീ, പടച്ചോൻ സംവിധാനം ചെയ്യുന്ന വലിയൊരു നാടകത്തിലെ അഭിനേതാക്കള് മാത്രമാണ് നമ്മളൊക്കെ. സന്തോഷങ്ങള് വരും; പോകും. കെ.ടി.യെപ്പോലെയുള്ള ഒരാൾ ഇതിലൊന്നും തകരരുത്.

കെ.ടിയേയോ സീനത്തിനെയോ ഞാൻ കുറ്റപ്പെടുത്തില്ല. മനുഷ്യബന്ധങ്ങളുടെ കാര്യം അങ്ങനെയാണ്. മരങ്ങളെപ്പോലെതന്നെയാണ് നമ്മള് മനുഷ്യന്മാരെയും കാണുന്നത്. അടുത്ത നിമിഷം ഏതു ഈർച്ചമില്ലിലേക്ക് പോകേണ്ടി വരുമെന്ന് മുൻകൂട്ടി പറയാൻ ആർക്കും കഴിയില്ല. കെ.ടി.യെപ്പോലെ മനുഷ്യസ്നേഹിയാണ് സീനത്തും. അത് മാത്രേ എനിക്കറിയൂ. ചില സന്ദർഭങ്ങൾ അങ്ങനെയായിപ്പോയി. വളരെ വൈകി വിവാഹം കഴിക്കാൻ തീരുമാനിച്ചത് കെ.ടി.യുടെ വ്യക്തിപരമായ ഒരു പരാജയമായിരുന്നു.

ഒരിക്കൽ സുകുമാർ അഴീക്കോടിനോട് ഞാൻ ചോദിച്ചു: എത്രയോ ആളുകളുടെ മക്കൾക്ക് അറിവ് പകർന്നു കൊടുക്കാൻ സാറിന് പറ്റിയിട്ടുണ്ട്. അവനവന് ഒരു കുട്ടിയുണ്ടായി അവന് നാലക്ഷരം പറഞ്ഞു കൊടുക്കാൻ കഴിയാത്തതിൽ സാറിന് വിഷമമില്ലേ?

അഴിക്കോട്മാഷ് അത് കേട്ടു ചിരിച്ചു.



# സീതിഹാജി

രാഷ്ട്രീയത്തിലെ മാമുക്കോയയാണ് സീതിഹാജി. സീതിഹാജിന്റെ മരങ്ങള് ഞാൻ ധാരാളം അളന്നിട്ട്ണ്ട്. സബിൽ ദാസ് ജീവൻ സൺസ് എന്നൊരു കമ്പനിയുടെ സ്ഥിരം അളവുകാരനായിരുന്നു ഞാൻ. എടവണ്ണ, നിലമ്പൂര് ഭാഗങ്ങളിലെ മിക്കവരും ഈ കമ്പനിക്കാണ് മരം കൊടുക്കാറ്. സീതിഹാജിന്റെ തറവാട്ടുകാരും ഈ കമ്പനിക്കാണ് മരം കൊടുത്തിരുന്നത്. പത്തായക്കോടന്മാർ എന്ന പേരിലാണ് സീതിഹാജിയുടെ തറവാട് അറിയപ്പെടുന്നത്. പത്തായക്കോടൻ മുഹമ്മദാജി, പത്തായക്കോടൻ കുഞ്ഞാമൂട്ടി ഹാജി പിന്നെ സീതിഹാജി.

സീതിഹാജിയുടെ പേരിൽ നമ്മളിന്ന് കേൾക്കുന്ന തമാശകള് മൂപ്പര് സ്വന്തം പറഞ്ഞവയല്ല. അധികവും കോഴിക്കോട്ടുകാര് കെട്ടിച്ചമച്ചതാണ്. കുറേ തമാശകളുണ്ട്. പലതും അച്ചടിക്കാൻ കൊള്ളാത്തവയാണ്. ഞാൻ സിനിമാനടനായതിനുശേഷം മിക്കപ്പോഴും സീതിഹാജിയെ ട്രെയിനിൽവെച്ചാണ് കണ്ടുമുട്ടാറ്. കാണുമ്പോഴൊക്കെ സീതിഹാജി ചോദിക്കും:

പുതിയ കഥയെന്താണുള്ളത് കേക്കട്ടെ.

എന്ത് കഥ?

അല്ല. എന്നെപ്പറ്റിയുള്ള കഥ. എന്റെ പുതിയ തമാശകള്...

നമ്മള് പല്ല് കാട്ടി അങ്ങനെ ചിരിക്കും. സീതിഹാജിയുടേതായി കേൾക്ക്ന്ന തമാശകള് എങ്ങനെയാ പറയുക?

നീ പറ മാമൂ. നിയമസഭയില് പാസ്സാക്കാനാ. ആ എം.വി.ആറ് എണീക്കുമ്പോ എന്തെങ്കിലുമൊന്ന് മുമ്പില് വെച്ച് കൊടുത്തിട്ടില്ലെങ്കിൽ ആളെ ബേജാറാക്കും.

എം.വി. ആറിനെ നിയമസഭയിൽ കൈകാര്യം ചെയ്യുന്നതിലായിരുന്നു മൂപ്പർ ഏറെ ആഹ്ലാദിച്ചിരുന്നത്. പിന്നെ എം.വി. ആറിനെ മുസ്ലിംലീഗ് പുതിയാപ്പിളയാക്കിയെടുത്തല്ലൊ.

സീതിഹാജിയെപ്പോലെ സി.എച്ച്. മുഹമ്മദ് കോയയുമായിട്ടും എനിക്ക് നല്ല അടുപ്പമായിരുന്നു. കടലമ്മ എന്ന സിനിമയുടെ ഷൂട്ടിങ്ങിന് സത്യൻമാഷ് കോഴിക്കോട് വന്നു. കാപ്പാടായിരുന്നു ഷൂട്ടിങ്. എസ്.പി.പിള്ളയും ബഹദൂറുമൊക്കെ അതിൽ അഭിനയിച്ചിരുന്നു. കോഴിക്കോട് ഗസ്റ്റ് ഹൗസിലായിരുന്നു സത്യൻമാഷ് താമസിച്ചിരുന്നത്. നമ്മൾ ചിലർക്ക് സത്യനെ പരിചയപ്പെടാനാഗ്രഹം. ഗസ്റ്റ് ഹൗസിൽ ചെന്നു. അവിടെ സി.എച്ച്. ഉണ്ടായിരുന്നു.

സത്യൻമാഷെ പരിചയപ്പെടാനാണ് വന്നതെന്നു പറഞ്ഞപ്പോൾ സി.എച്ച്. പറഞ്ഞു: വരിൻ, ഞാൻ പരിചയപ്പെടുത്തിത്തരാം.

സി.എച്ച്. സത്യൻമാഷ്ന് ഞങ്ങളെ പരിചയപ്പെടുത്തി. സത്യൻമാഷ് എന്നെക്കാൾ അല്പം കറുത്തിട്ടാണ്. കൈയിലും കാലിലും മുഖത്തുമൊക്കെ മേക്കപ്പിടും. എന്നാലേ സിനിമയിലൊന്ന് വെളുത്ത് കിട്ടുകയുള്ളൂ. നായക നടന്മാർക്ക് കാഴ്ചഭംഗി പ്രധാനമാണല്ലൊ.



# ഡിപ്ലൈഫ്രറ്റ് അബു

അന്ന് സത്യനെ പരിചയപ്പെടാൻ എന്നോടൊപ്പം വന്നവരിൽ ഒരാള് ഡിപ്ലൈഫ്രറ്റ് അബുവാണ്. കല്ലായിലെ മരക്കച്ചോടക്കാരൻ. ആള് ഭയങ്കര രസികനാണ്. തിരഞ്ഞെടുപ്പിൽ ഒറ്റയ്ക്ക് മത്സരിക്കും. ഒരിക്കൽ മത്സരിച്ചപ്പോൾ 84 വോട്ട് കിട്ടി. മൂപ്പർക്കത് വലിയ സന്തോഷമായി. മൂപ്പർ ചിരിച്ചോണ്ട് വന്ന് നമ്മളോട് പറഞ്ഞു:

84 എന്നാൽ എട്ടേ, നാല്. എട്ടേ നാല് എന്നു പറഞ്ഞാൽ കല്ലായിലെ മരക്കച്ചോടക്കാരെ സംബന്ധിച്ചിടത്തോളം നല്ല സൈസാ.

അങ്ങനെയൊക്കെ തമാശ പറയുന്ന ആളാണ്. മൂപ്പര് ഭയങ്കര വിപ്ലവമുണ്ടാക്കിയിട്ടുണ്ട്. കുറ്റിച്ചിറ ഭാഗങ്ങളിൽ മുമ്പ് സുന്നീ മുജാഹിദ് വിഭാഗീയത മൂർച്ഛിച്ചിരിക്കുന്ന കാലം. രണ്ട് വിഭാഗങ്ങളും രണ്ട് വേദി കെട്ടിയിട്ട് വാദപ്രതിവാദം. ജനങ്ങൾക്കിത് മൊത്തം സ്വൈരക്കേടായി. അതിനിടയിൽ ഡിപ്ലൈഫ്രറ്റ് അബു സുന്നികളുടെയും മുജാഹിദുകളുടെയും വേദികൾക്ക് ഇടയിൽ ഒരു വേദിയുണ്ടാക്കി പ്രസംഗിക്കാൻ തുടങ്ങി. കാളി അബൂബക്കർ എന്ന നമ്മളെ ഒരു സുഹൃത്തായിരുന്നു അദ്ധ്യക്ഷൻ. സിറാത്തുൽ മുസ്തക്കീൻ എന്നായിരുന്നു സംഘടനയുടെ പേര്. ഡിപ്ലൈഫ്രറ്റ് അബു ഫാത്തിഹ ഓതി അർത്ഥം പറഞ്ഞു തുടങ്ങി:

പരമകാരുണികനും
കരുണാനിധിയുമായ
ദൈവത്തിന്റെ നാമത്തിൽ

സർവ്വ സ്തുതിയും ലോകരക്ഷിതാവായ ദൈവത്തിനാകുന്നു.

പരമകാരുണികൻ
കരുണാനിധി

പ്രതിഫലദിനത്തിന്റെ
ഉടമസ്ഥൻ

ദൈവമേ, നിന്നെ മാത്രം
ഞങ്ങൾ ആരാധിക്കുന്നു

നിന്നോടു മാത്രം ഞങ്ങൾ
സഹായം തേടുന്നു.

ശരിയായ മാർഗ്ഗത്തിൽ നീ ഞങ്ങളെ നയിക്കേണമേ!
നീ ആരുടെ മേൽ അനുഗ്രഹം ചൊരിഞ്ഞുവോ,
അവരുടെ മാർഗ്ഗത്തിൽ

നിന്റെ കോപം ഏറ്റവരുടെയും
വഴിപിഴച്ചവരുടെയും
മാർഗ്ഗത്തിൽ അല്ല.*

ഈ പറഞ്ഞ അർത്ഥത്തിനോട് സുന്നികൾക്കോ മുജാഹിദുകൾക്കോ വിയോജിപ്പില്ല. പിന്നെ എവിടെയാണ് സംശയത്തിന്റെ പ്രശ്നം?

ഡിപ്രൈറ്റ് അബു ഉറക്കെ ചോദിച്ചു. നമ്മളൊക്കെ സദസ്സിലുണ്ടായിരുന്നു. ഡിപ്രൈറ്റ് അബുവിന്റെ പ്രസംഗം കയ്യടിച്ച് നമ്മള് പ്രോത്സാഹിപ്പിച്ചു. പിറ്റേന്ന് സുന്നീ മുജാഹിദ് സംവാദത്തിൽ പ്രസംഗിക്കാൻ പണ്ഡിതന്മാർ എത്തിയില്ല.

ആകാശം അല്ലാഹുവിന്റേത്, കടല് അല്ലാഹുവിന്റേത്, കാറ്റ് - വെളിച്ചം- മഴ ഒക്കെ അല്ലാഹുവിന്റേത്.. ഭൂമി കോവിലകത്തെ തമ്പുരാന്റേതും കൊയപ്പത്തൊടി ഹാജിക്കാന്റേതും. ഇതെന്തു കണക്കാണ്? ഭൂമിക്ക് മാത്രം അതിരുകള്. ഭൂമിക്ക് മാത്രം ഉടമ ഇവിടത്തെ കുറെ ജന്മിമാർക്ക്!


ഇത്തരം ആശയങ്ങളുള്ള കുറേ ആൾക്കാർ കോഴിക്കോട് എപ്പോഴുമുണ്ടായിര്ന്നു. ചേകന്നൂർ അതിലൊരാളായിരുന്നു.

* ഖുർആനിലെ ഏറ്റവും ശ്രേഷ്ഠമായത് എന്ന് പ്രവാചകൻ വിശേഷിപ്പിച്ച ഈ പ്രാർത്ഥനയാണ്, ഖുർആനിലെ പ്രഥമ അദ്ധ്യായം.



## തറവാടുകൾ

കോഴിക്കോട് ഭാഗങ്ങളിൽ ഒരുപാട് മുസ്ലിംതറവാടുകളുണ്ട്. പിടിയാനം വീട്, മാളിയക്കല്, തോപ്പിലകം, പുത്തൻവീട്, കൊശാനി വീട്, കാട്ടിൽ വീട്, അന്തക്കലകം, പൊന്മാണിച്ചിന്റകം, പത്തായപ്പുര, കുമ്മട്ടി വീട്, ഈശാപ്പകം വീട്, കുഞ്ഞിരിമ്പലകത്ത് ഇതൊക്കെയാണ് പ്രധാന മുസ്ലിം തറവാടുകള്. ഇരുന്നൂറ്റമ്പത് വോട്ടുകൾവരെയുള്ള തറവാടുകളാണിവ.



# ജോണിന്റെ ക്രൂരകൃത്യങ്ങൾ

ഭയങ്കര ജീനിയസ്സായിരുന്നു ജോൺ എബ്രഹാം. ജോൺ എബ്രഹാമുമായി ബന്ധപ്പെട്ട് കുറേ ഓർമ്മകളുണ്ട്. അന്യരുടെ ഭൂമി എന്ന സിനിമയുടെ ഷൂട്ടിങ് സമയത്ത് ജോൺ വരും, പോകും. അവിടെ വെച്ച് തുടങ്ങിയ പരിചയമാണ്. എനിക്ക് ഇയ്യാക്ക എന്നൊരു സുഹൃത്തുണ്ടായിരുന്നു. ടി.വി. ചന്ദ്രൻ, പവിത്രൻ, ജോൺ എബ്രഹാം തുടങ്ങിയ അവാർഡ് സിനിമാസംവിധായകരുടെയൊക്കെ അടുത്ത സുഹൃത്തായിരുന്നു, ഇയ്യാക്ക. ഇയ്യാക്കയാണ് അന്യരുടെ ഭൂമിയിൽ എനിക്കൊരു റോൾ വാങ്ങിത്തന്നത്. അന്യരുടെ ഭൂമി എന്ന സിനിമയ്ക്ക് പിന്നിലൊരു കഥയുണ്ട്. കെ.ജി. ജോർജ്ജ് മണ്ണ് എന്ന പേരിൽ ഒരു സിനിമ പിടിക്കാൻ തീരുമാനിച്ചിരുന്നു. രണ്ട് പേരായിരുന്നു പ്രൊഡ്യൂസർമാർ. ഷൂട്ടിങ്ങിന്റെ തലേന്നു രാത്രിയിൽ ഏതോ പ്രശ്നത്തിൽ അവർ തമ്മിൽ വാക്ക്തർക്കമായി പരസ്പരം പിരിഞ്ഞു. അതിലൊരാളാണ് അന്യരുടെ ഭൂമിയുടെ പ്രൊഡ്യൂസർ ടി.വി.മാധവൻ. ഇയ്യാക്കാന്റെ അരികില് ഈ മാധവനെത്തി. ഒരു പടം പിടിക്കണം. അഭിമാനപ്രശ്നമാണ്. ഇയ്യാക്കയാണ് നിലമ്പൂർ ബാലേട്ടനെ സംവിധാനം ഏൽപിക്കുന്നത്. ഇയ്യാക്കാക്ക് ഒരു സോമില്ലുണ്ട്. പി.ഐ.വുഡ് ഇൻഡസ്ട്രീസ്. മദ്രാസിലും ഒരു മില്ലുണ്ടായിരുന്നു, വെസ്റ്റ് കോസ്റ്റ് വുഡ് ഇൻഡസ്ട്രീസ്. ഷൂട്ടിങ് സമയത്ത് ബാലേട്ടനും മാധവേട്ടനും തമ്മിൽ ചില്ലറ കശപിശകളുണ്ടാവും. അതു തീർക്കാൻ ഞാൻ പോയി ബാബൂക്കാനെ കൊണ്ടുവരും. ബാബൂക്ക ഒരു രോഗത്തിൽ നിന്ന് കഷ്ടിച്ച് രക്ഷപ്പെട്ട കാലമായിരുന്നു. രോഗം മാറിയതിനുശേഷം ബാബൂക്ക പള്ളിയിൽ നിസ്കാരവും ഓത്തുമായി കഴിഞ്ഞു കൂടുകയായിരുന്നു. പുഴക്കരയിലെ ചെറിയൊരു പള്ളിയിലാണ് മൂപ്പരുടെ സ്ഥിരവാസം. അവിടെനിന്ന് നമ്മള് ചെന്ന് നിർബന്ധിച്ച് ഈ ലൊക്കേഷനിലേക്ക് കൊണ്ടുപോകും. ഓരോ ദിവസവും മാധവേട്ടനും







ബാലേട്ടനും തമ്മിൽ പ്രശ്നങ്ങളുണ്ടാവും. ഓരോ ദിവസവും ബാബൂക്കാനെ മദ്ധ്യസ്ഥം പറയാൻ പള്ളിയിൽ പോയി ഞാൻ കൂട്ടിക്കൊണ്ട് വരും. ബാബൂക്കാനെ കൂട്ടാൻ പള്ളിയിലേക്കുള്ള ആ പോക്കാണ് അക്കാലത്ത് പടച്ചോനുമായിട്ടുള്ള എന്റെ ഒരേയൊരു അടുപ്പം.

എത്ര വലിയ കലാകാരനായാലും അവനവന്റെ മതത്തിലേക്ക് ഇടയ്ക്കൊരു നോട്ടം നോക്കും. കലാകാരന്മാർക്കുള്ള അറിവൊക്കെ അനുഭവത്തിൽനിന്നും ഈ പ്രകൃതിയിൽനിന്നും ബന്ധങ്ങളിൽനിന്നും കിട്ടുന്നതാണ്. മതം മാത്രം പറയുന്നത് മുന്നിൽ വെച്ചിട്ട് പൊതുവിൽ നമുക്കാർക്കും ജീവിക്കാൻ കഴിയില്ല.

ഇയ്യാക്കയുടെ അടുത്ത സുഹൃത്തായിരുന്നു ജോൺ. കാട്ടിൽ മരം അളക്കാൻ പോയാൽ പണിയര് എനിക്ക് കഞ്ചാവ് തരും. ചില്ലറയെന്തെങ്കിലും അങ്ങോട്ടു കൊടുക്കണം. നാട്ടിലെത്തിയാൽ ഞാൻ ബഷീർക്കാക്കും സുരാസുവിനും ജോൺ എബ്രഹാമിനും ഈ കഞ്ചാവ് ഒരു നുള്ള് വീതം കൊടുക്കും. കുറച്ച് ഞാനുമെടുക്കും. അക്കാലത്ത് നമ്മള് കഞ്ചാവ് വലിക്കുമായിരുന്നു. പിന്നെയത് നിർത്തി. 1984 മെയ് 1-ന് പുകവലിയും പൂർണ്ണമായി നിർത്തി.

കഞ്ചാവിൽ തുടങ്ങിയ ബന്ധമായതുകൊണ്ട് ജോണിന് നമ്മളെ വലിയ ഇഷ്ടമായിരുന്നു.

ജോണിന്റെ അമ്മ അറിയാൻ എന്ന സിനിമയുടെ ഷൂട്ടിങ് ബേപ്പൂരും ബഷീർക്കാന്റെ വീടിന്റെ പരിസരത്തുമൊക്കെയായിരുന്നു. പിരിവെടുത്തിട്ടുള്ള ഷൂട്ടിങ്ങാ. ഞാൻ പൈസ കൊടുത്തില്ല. ജോൺ പറഞ്ഞതു പ്രകാരം രണ്ടു ദിവസം കഞ്ഞി വെച്ചു കൊടുത്തു. തേങ്ങ ജോൺ തന്നു. ഷൂട്ടിങ്ങിന്റെ ദിവസങ്ങളിൽ ഫസ്റ്റ് ഷോട്ട് എടുക്കുന്നതിനുമുമ്പ് തമിഴന്മാര് ക്യാമറയ്ക്കു മുന്നില് തേങ്ങയെറിഞ്ഞ് ഉടയ്ക്കും. ആ ഉടച്ച തേങ്ങ എടുത്ത് ജോൺ ബേഗിലിടും. ഇതേയ് ഇങ്ങനെ വെറുതെ ഉടച്ച് കളയാനുള്ളതല്ല. ഇത് കഞ്ഞീലിട്ടാലുള്ള ടേസ്റ്റ് ഒന്ന് വേറെയാ... ജോൺ അവരോട് പറയും.

പിന്നെ ജോണിനെ പേടിച്ച് തമിഴന്മാർ രണ്ട് തേങ്ങ കൊണ്ടുവരാൻ തുടങ്ങി.

ബഷീർ ദ മാൻ പ്രിവ്യൂഷോ കോഴിക്കോട് പുഷ്പ തീയേറ്ററിൽ വെച്ച് നടക്കുന്ന സമയം. ബഷീർക്കയും മറ്റു വലിയ വലിയ ആൾക്കാരൊക്കെയുണ്ട്. സിനിമ പ്രദർശിപ്പിക്കുന്നതിനു തൊട്ടുമുമ്പ് ജോൺ ഒരു മറയുമില്ലാണ്ട് തിയ്യറ്ററിനു പുറത്തു നിന്ന് കഞ്ചാവ് വലിക്കാൻ തുടങ്ങി. ഇതിന്റെ മണം പിടിച്ചിട്ടാണോ എന്നറിയില്ല, ഒരു പൊലീസുകാരൻ വന്ന് ജോണിനെ കസ്ബ സ്റ്റേഷനിലേക്ക് കൊണ്ടുപോയി. ഇതറിഞ്ഞ് വടേരിഹസ്സൻ ഉടനെ സ്റ്റേഷനിലേക്ക് ചെന്ന് എസ്.ഐ.ക്ക് ആളെ പരിചയപ്പെടുത്തി. എസ്.ഐ. വളരെ നിരാശയോടെ പറഞ്ഞു:

നമ്മളൊക്കെ ബഹുമാനിക്കുന്ന ആളാ. പക്ഷേ, ഇങ്ങനെ ആയാൽ എന്തു ചെയ്യും?

മറ്റൊരു സംഭവം:

പവിത്രന്റെ ഉപ്പ് എന്ന സിനിമയുടെ ഡബ്ബിങ് ചിത്രാഞ്ജലിയിൽ നടക്കുകയാണ്. വേറെ ഏതോ ഒരു സിനിമയുടെ ഡബ്ബിങ്ങിന് ഞാനപ്പോ അവിടെയുണ്ടായിരുന്നു. പവിത്രനോടൊപ്പം ജോണുമുണ്ട്. എനിക്ക് അപ്പോൾതന്നെ മടങ്ങേണ്ടതുണ്ടായിരുന്നു. പവിത്രനും ജോണും വിട്ടില്ല. മാമൂക്ക നാളെ പോയാൽ മതി; പവിത്രന് ഒറ്റ നിർബന്ധം. ഡബ്ബിങ്ങിന് കുറച്ച് സമയം ഇരിക്കണം. സ്ലാങ് ശരിയാണോ എന്ന് പരിശോധിക്കണം. ഞാനങ്ങനെ പവിത്രനോടൊപ്പം അവിടെ ഇരുന്നു. ജോൺ എപ്പളോ പുറത്തുപോയിരുന്നു. കുറച്ചു കഴിഞ്ഞപ്പോ ഒരാള് വന്ന് നമ്മളോട് പറഞ്ഞു. അതാ നിങ്ങളോടൊപ്പമുള്ള ആ മന്ഷ്യൻ പുറത്ത് നിന്നുകൊണ്ട് തൂറ്ന്ന്!

പവിത്രനും ഞാനും ചെന്നുനോക്കുമ്പോ ജോൺ ഒരു പൈപ്പും പിടിച്ച് നിന്നു കൊണ്ട് തൂറുകയാണ്! ഒരു വലിയ വിഷമസ്ഥിതി. പവിത്രൻ എന്നെ നോക്കി. ജോണിനെ അങ്ങനെ ഇട്ടേച്ചു പോകാനും പറ്റില്ലല്ലൊ. എപ്പോഴും ഒരു തൂവാല നമ്മള് കൈയിൽ വെക്കാറ്ണ്ട്. അതുകൊണ്ട് ഞാൻ മൂക്ക് കെട്ടി. പവിത്രൻ ജോണിനെ താങ്ങിപ്പിടിച്ച് നിന്നു. പൈപ്പിന്റെ ചോട്ടിൽ നിന്ന് കിട്ടാവുന്ന വെള്ളത്തിൽ ഞങ്ങള് ജോണിനെ വൃത്തിയാക്കി.

പിറ്റേന്ന് ലഹരി വിട്ടുപോയ നേരത്ത് ഞാൻ ജോണിനോട് ചോദിച്ചു:

നിങ്ങള് സിനിമകൊണ്ടും ലേഖനംകൊണ്ടും എങ്ങനെ ആളുകളെ ജീവിതം പഠിപ്പിക്കും? നിങ്ങൾക്കുതന്നെ സ്വയം ജീവിക്കാനറിയില്ല. സ്വയം ജീവിക്കാനറിയുന്ന ഒരാൾക്കു മാത്രമേ മറ്റുള്ളോർക്ക് ജീവിതം പറഞ്ഞ് കൊടുക്കാനുള്ള അവകാശമുള്ളു. അല്ലാണ്ട് നമ്മളെന്തായാലും വേണ്ടില്ല, നിങ്ങള് നന്നായാല് മതി എന്നു പറഞ്ഞതുകൊണ്ട് എന്ത് കാര്യം?

കുട്ടികളോട് ഒരു കുട്ടിയെപ്പോലെയും സ്ത്രീകളോട് അവരുടെ ആങ്ങളയെപ്പോലെയും പെരുമാറുന്ന ജോൺ കുടിക്കാത്ത നേരങ്ങളിൽ ഒരു കുട്ടിയെപ്പോലെയായിരുന്നു. ജോൺ എബ്രഹാമിന്റെ ജീവിതത്തിൽ രണ്ട് ഘട്ടങ്ങളുണ്ട്. താടി വെച്ച കാലവും താടിവെക്കാത്ത കാലവും. ഇന്ന് നമ്മള് കേൾക്കുന്ന പല കഥകളും ജോൺ താടി വെച്ച കാലത്തിനുശേഷം സംഭവിച്ചതാണ്. രണ്ട് കാലത്തും ജോൺ നമ്മളെ ചങ്ങാതിയായിരുന്നു. ജോൺ എബ്രഹാം ഒരിക്കൽ പ്രേംനസീർസാറിന്റെ വീട്ടിൽ പോയൊരു കഥയുണ്ട്. ജോണിനോടൊപ്പം ഉപ്പ് പവിത്രനുമുണ്ടായിരുന്നു. രണ്ടു പേർക്കും പൈസയ്ക്ക് മുട്ടിയപ്പോഴാണ് നസീർസാറിന്റെ വീട്ടിൽ പോകാൻ തീരുമാനിച്ചത്. നസീർ സാറിന്റെ വരാന്തയിൽ പേരക്കിടാങ്ങൾക്ക് കളിക്കാനുള്ള രണ്ട് മരക്കുതിരകളുണ്ടായിരുന്നു. കോളിങ് ബെല്ലമർത്തിയ ശേഷം ജോണും പവിത്രനും ആ മരക്കുതിരമ്മല് കേറിയിരിന്ന് ആടാൻ തുടങ്ങി. നസീർസാറ് വരുമ്പോ കാണുന്നത് കുതിരമ്മല് താടി വെച്ച രണ്ട് കുട്ടികൾ!





ങ്ഹാ .... ഇതാര് ....ജോൺ...വരൂ.... അകത്തിരിക്കാം....

നസീർസാർ അവരെ അകത്തേക്ക് ക്ഷണിച്ചു. നസീർസാറിനെ കണ്ടപ്പോ എണീറ്റു നിന്ന അവർ വീണ്ടും മരക്കുതിരമ്മല്തന്നെ ഇരുന്നു.

നമ്മളിവിടെ ഇരിന്നോളാം.

നസീർസാർ അത് കണ്ട് ചിരിച്ചു.

ങ്ഹാ... വന്ന കാര്യം പറഞ്ഞില്ല..

നസീർസാർ തിരക്കി.

നമ്മൾക്ക് സാറിന്റെ ഡേറ്റ് വേണം.

പവിത്രൻ പറഞ്ഞു.

ഓ ഹോ.. അതു ശരി. തരാമല്ലോ. ങാഹാ.. കഥ കേൾക്കട്ടെ..

കഥയൊക്കെ നല്ല കഥയാ. പവിത്രൻ ജോണിനെ ചൂണ്ടി പറഞ്ഞു: കഥയുടെ മാസ്റ്ററല്ലെ ഈ ഇരിക്ക്ന്നത്!

വളരെ സന്തോഷം. നിങ്ങളെപ്പോലെയുള്ള ചെറുപ്പക്കാരായ പ്രതിഭകളുടെ സിനിമകളിൽ അഭിനയിക്കാൻ എനിക്കാഗ്രഹമുണ്ട്. നസീർസാർ പറഞ്ഞു.

സാറിനു സന്തോഷമായല്ലൊ. ഞങ്ങൾക്കും സന്തോഷമായി. ഒരു നൂറു രൂപ സാറ് അഡ്വാൻസായി താ! ജോൺ എബ്രഹാം എടുത്തിട്ടതുപോലെ പറഞ്ഞു. ജോണിനല്ലാതെ വേറൊരാൾക്കും ഇങ്ങനെ പറയാൻ കഴിയില്ല. നസീർസാർ ഗത്യന്തരമില്ലാതെ നൂറുരൂപ അവർക്ക് കൊടുത്തു. ആ പൈസയ്ക്ക് മുഴുവൻ കള്ളും കുടിച്ച് അവർ കല്ലായിലേക്ക് വന്നു. നമ്മളവിടെ കോയാമൂട്ടി ഹാജിക്കാനെ കാണാൻ പോയതായിരുന്നു. അപ്പോഴാണ് രണ്ടു പേരുടെയും ആടിക്കൊണ്ടുള്ള വരവ്. നസീർസാറിന്റെ വീട്ടിൽ പോയതും സിനിമയിലഭിനയിക്കാൻ നൂറു രൂപ അഡ്വാൻസ് വാങ്ങിയ കാര്യവും അവർ പറഞ്ഞു.

വളരെ മോശമായിപ്പോയി.

ഞാൻ ജോണിനോട് അല്പം നീരസത്തോടെ പറഞ്ഞു. അപ്പളത്തെ ജോണിന്റെ മറുപടി നമ്മളെ ഒരു പരുവത്തിലാക്കി: നസീർസാറ് നൂറു രൂപ തന്നതോണ്ടല്ലെ ഇത്രയും കുടിച്ചത്. നസീർസാറ് ഞങ്ങൾക്ക് അമ്പത് രൂപ തന്നാൽ മതിയായിരുന്നു!

ഒരിക്കൽ ജോണിനോടൊപ്പം നമ്മള് വണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു.

ലെസ്സ് ലഗേജ് മോർ കംഫർട്ടബിൾ.

എന്നെഴുതിയത് ചൂണ്ടി ജോൺ ചോദിച്ചു:

മാമൂക്കാ ആ എഴുതിയതിന്റെ അർത്ഥം പിടികിട്ടിയോ?

നമ്മള് ചിരിച്ചു.

ചിന്ന സാമാനം, പെരിയ നല്ലത് -

ജോൺ പരിഭാഷപ്പെടുത്തി: അതാ ആ എഴുതിയതിന്റെ അർത്ഥം.

ജീവിതത്തിന് ഒരു വഴിയുണ്ട്. നമ്മള് രണ്ട് കൈയും കെട്ടി നോക്കി നിന്നാൽ മതി. ജീവിതം അതിന്റെ വഴിക്കങ്ങനെ മുന്നോട്ടു പോകും. എന്നാൽ ചിലപ്പോ അത് കയറ് പൊട്ടിച്ചോടുന്ന കാലിയെപ്പോലെ ഒരു ഓട്ടമുണ്ട്. അപ്പോ നമ്മള് കയറ് പിടിച്ച് ഒരു കുറ്റിമ്മല് കെട്ടണം. ജോണും സുരാസും ബാബുക്കയുമൊക്കെ ജീവിതം കയറും പൊട്ടിച്ചോടുന്നത് കൈയും കെട്ടി നോക്കി നിന്നു. ഒരു കുറ്റിമ്മലും അവരതിനെ പിടിച്ച് കെട്ടിയിട്ടില്ല. അതായിരുന്നു അവരുടെ പരാജയം.

ജോൺ മരിച്ച ദിവസം ഓർക്കുമ്പോ എനിക്കിപ്പളും കരച്ചില് വരുന്നു. അതൊരു വല്ലാത്ത ഓർമ്മയാണ്. ജോൺ മരിച്ചത് ഒരു നോമ്പ്കാലത്താണ്. വൈകിട്ട് എ.ടി. അബുവിന്റെ ഫോൺ: മാമൂക്കാ, ജോണും സിദ്ധിഖും (കാരപ്പറമ്പ് സിദ്ധിഖ്) വേണുവും ഒയാസീസ് ബിൽഡിങ്ങില് മുറിയെടുത്തിട്ടുണ്ട്. രാത്രിയാവുമ്പോ ഞാനും സുരാസുവും അവിടെയെത്താം. നിങ്ങള് വരുമ്പോ നോമ്പിന്റെ പലഹാരം കൊണ്ടുവരണം.

ജോണിനെയൊക്കെ കണ്ടിട്ടും കുറച്ചു കാലമായിരുന്നു. വൈകുന്നേരം ഭാര്യ ഉണ്ടാക്കിയ ഉന്നക്കായും സമൂസയും ഒരു പോളിത്തീൻ കവറിലാക്കി ഓട്ടോക്ക് ഞാൻ കോഴിക്കോട്ടേക്ക് പോയി. ഒയാസീസ് ബിൽഡിങ്ങിലെത്തുമ്പോഴേക്കും പുറത്ത് വലിയൊരു ആൾക്കൂട്ടം. ജോൺ ടെറസ്സിൽനിന്നു വീണു! ആരോ ഒരാള് എന്നോടു പറഞ്ഞു. ആ ഓട്ടോയിൽതന്നെ ഞാൻ മെഡിക്കൽ കോളേജിലേക്ക് പോയി. അവിടെയെത്തുമ്പോൾ ഉമ്മൂക്ക (കെ.പി.ഉമ്മർ) യുടെ ഭയങ്കര ശബ്ദം. ആരാ അദ്ദേഹമെന്ന് നിങ്ങൾക്കറിയാമോ? ജോൺ എബ്രഹാമാണയാൾ. എവിടെ ആർ.എം.ഒ.? എവിടെ ഡി.എം.ഒ? എല്ലാവരെയും വിളിക്കൂ.

ജോണിനെ ആശുപത്രിയിൽ കൊണ്ടുവന്നപ്പോൾ ആരും വേണ്ടത്ര ശ്രദ്ധിച്ചില്ല എന്നറിഞ്ഞ് ഉമ്മൂക്ക നഴ്സുമാരോട് ചൂടാവുകയാണ്. എന്തായാലും ജോൺ മരിച്ചുകഴിഞ്ഞിരുന്നു. സിദ്ധിഖ് എന്നോട് ജോണിന്റെ അന്ത്യനിമിഷത്തെക്കുറിച്ച് പറഞ്ഞു. ഖാദർക്ക പാടിയ ഒരു പാട്ടുണ്ട്.

അകാലേ ആരും
കൈവിടും
നീ താനേ
നിൻ സഹായം....

ജോണിന് ഇഷ്ടപ്പെട്ട ഒരു പാട്ടായിരുന്നു അത്. ജോൺ നന്നായി കുടിച്ചിരുന്നു. കൈ രണ്ടും ഒരു ചിറകുപോലെ വീശി ഈ പാട്ടും പാടി ജോൺ ടെറസ്സിൽ നിൽക്കുകയായിരുന്നു. പെട്ടെന്ന് ജോണിന്റെ കാല് പതറി....

ജോണിന്റെ മുഖം ഞാൻ നോക്കി. എവിടെയോ എത്തേണ്ടിയിരുന്ന ഒരാള്... തിരിച്ചുവരുമ്പോ ഭാര്യ തന്ന ഉന്നക്കായിയും സമൂസയും നമ്മള് കല്ലായിപ്പുഴയിലേക്ക് വലിച്ചെറിഞ്ഞു.





# കുരിക്കളും കൂലിക്കാരനും

# വലിയങ്ങാടിയിലെ കൂലിക്കാരൻ

മാമുക്കോയയുടെ ജീവിതവർത്തമാനം കേൾക്കുന്നതിന്റെ മൂന്നാം പകൽ. കഴിഞ്ഞ പകലുകളിൽ മരങ്ങളെയും മനുഷ്യരെയും കുറിച്ച് പറഞ്ഞു. മാമുക്കോയയുടെ കഥ കേൾക്കുമ്പോൾ ആ മനസ്സ് ആളൊഴിഞ്ഞ ഒരു പഴയ നാടകശാലയാണ് എന്ന് തോന്നിപ്പോയി. അഭിനയിച്ചവരിൽ പലരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. കാലം കഴിയുന്തോറും കാണികളുടെ എണ്ണം കുറഞ്ഞു. അപ്പോഴും കോയക്കയുടെ മനസ്സിലെ നാടകകാരൻ ഓർമ്മകൾക്ക് തിരശ്ശീല വീഴ്ത്തിയില്ല. കഥാപാത്രങ്ങളും ശബ്ദവും വെളിച്ചവും ഈ പഴയ മനസ്സിൽ ഇപ്പോഴുമുണ്ട്. ഒറ്റയ്ക്കിരിക്കുമ്പോൾ അവർ ഓർമ്മകളിലേക്ക് രംഗപ്രവേശം ചെയ്യുന്നു.

ഒരു മുസ്ലിം കലാകാരൻ എന്ന നിലയിൽ മാമുക്കയും മമ്മൂട്ടിയും പ്രേംനസീറുമൊക്കെ അഭിമുഖീകരിച്ച ചില സ്വത്വപ്രശ്നങ്ങൾ ഉണ്ട്. മുസ്ലിമായ ഒരാൾ കലയുടെ വഴി തെരഞ്ഞെടുക്കുമ്പോൾ മതം ചില മാർഗ്ഗതടസ്സങ്ങൾ സൃഷ്ടിക്കാൻ ഇടയുണ്ട്. കലയുടെ ഇച്ഛാശക്തിയാണ് ഇത്തരം മാർഗ്ഗതടസ്സങ്ങൾ നീക്കി ഒരാളെ പൂർണ്ണനാക്കുന്നത്. മാമുക്കോയയുടെ ജീവിതത്തിൽ മതം എങ്ങനെയാണ് ഇടപെട്ടത്? ഈ ചോദ്യത്തിൽനിന്ന് തുടങ്ങിയ വർത്തമാനം നാടകത്തിലേക്കും സി.എൻ. അഹമ്മദ് മൗലവിയിലേക്കും നീണ്ടു.

മാമുക്കോയ ജീവിതവർത്തമാനം തുടർന്നു:

ഞാനൊരു മുസ്ലിമാണ്. എന്നാൽ നിങ്ങള് വിചാരിക്ക്ന്നത്പോലെയുള്ള ഒരു മുസ്ലിമല്ല ഞാൻ. മനുഷ്യന്മാർക്ക് കലയും നാടകവും സിനിമയും ഹറാ[1]മാണ് എന്ന് പറയുന്ന ഒരു വിഭാഗം പണ്ഡിതൻമാര്ണ്ട്. കലാകാരന്മാര് കാഫറാണ് എന്നാണവരുടെ അഭിപ്രായം. അവര്ടെ കൂട്ടത്തിൽ നമ്മളില്ല. നമ്മളെ ദീനിൽ കലാകാരന്മാർക്ക് വലിയ സ്ഥാനമുണ്ട്. ഇവിടത്തെ ചില ആളുകള് അവരുടെ വിവരമില്ലായ്മകള്കൊണ്ട് കൂട്ടിയുണ്ടാക്കിയ ഒന്നാണ് ഇപ്പളത്തെ മതം. ഞാൻ വളരെ ചെറുപ്പത്തിലേ ഓത്ത് പഠിച്ചിട്ട്ണ്ട്. പുരയില് ഉമ്മ എപ്പോഴും കുത്ത്‌വിളക്ക്[2] കത്തിച്ചുവെക്കും. ആ വെളിച്ചത്തിലാണ് ഉമ്മാന്റെ ഓത്തും നിസ്കാരവുമൊക്കെ. മുസ്ലിങ്ങള് നിലവിളക്ക് കത്തിക്കാൻ പാടില്ലാന്ന് ഒരു വിഭാഗം മതപണ്ഡിതന്മാര് ഫത്‌വ ഇറക്കിയപ്പോൾ ഞാൻ എന്റെ പാവം ഉമ്മാനെ ഓർത്തുപോയി. കുത്ത്‌വിളക്കില് ഖുർആൻ ഓതിയ എന്റെ കുട്ടിക്കാലം ഓർത്തുപോയി.

1 നിഷിദ്ധം
2 നിലവിളക്ക്

മനുഷ്യന്മാരുടെയും മൃഗങ്ങളുടെയും മറ്റ് ജീവജാലങ്ങളുടെയും ചിത്രം വരക്കന്നത് കണ്ടാൽ ചെറുപ്പത്തില് മൗലവിമാർ വഴക്ക് പറയുമായിരുന്നു:

നിനക്ക് ഈ ചിത്രത്തിന് റൂഹ്[1] കൊടുക്കാൻ പറ്റുമോ?

ഉസ്താദ് ചോദിക്കും.

ഇല്ല.

മുത്തുനബീന്റെ ഫോട്ടോ നമ്മളെ പുരക്ക്ണ്ടോ?

ഇല്ല.

നമ്മള് പറയും.

ഉസ്താദ് തുടരും:

മുത്തുനബീന്റെയും സഹാബിമാര്ടെയും ഫോട്ടോകള് നമ്മൾക്കില്ല. മനുഷ്യന്മാരുടെയും മൃഗങ്ങള്ടെയും ചിത്രം വരയ്ക്കാൻ നമ്മൾക്ക് ഹറാമാണ്. മഹ്ഷറ[2] യിൽ എത്തിയാൽ നമ്മള് വരച്ചു കൂട്ടിയ ചിത്രങ്ങളിലേക്ക് നോക്കി അല്ലാഹു ചോദിക്കും:

നിനക്ക് റൂഹ് കൊടുക്കാൻ കഴിയോ?

ഹില്ല!

ഓത്തുപള്ളിയിലെ കുട്ടികൾ ഒറ്റയൊച്ചയില് ഉത്തരം പറയും. അപ്പോ ഉസ്താദ് കൂട്ടിച്ചേർക്കും:

ചിത്രം വരച്ചാലും ഫോട്ടോ എടുത്താലും നരകം നമ്മളെ വീടാണ്!

ഇങ്ങനെ പറഞ്ഞ ഇതേ ആളുകള് തന്നെ പിന്നെ ഫോട്ടോ എടുക്കാൻ തുടങ്ങി. ഹറാം പോയി ഹലാലായി. കാരണം, ഹജ്ജിനു പോകാൻ പാസ്പോർട്ട് വേണം. പാസ്പോർട്ട് വേണമെങ്കിൽ ഫോട്ടോ എടുക്കണം. അപ്പോ പണ്ട് പറഞ്ഞതെല്ലാം വിഴുങ്ങി. ഇപ്പോ ഫ്ളക്സ് ബോർഡുകളില്വരെ മൗലവിമാരുടെ ഒരാള് വലിപ്പത്തിലുള്ള ഫോട്ടോകള് തൂക്കിയിടാറുണ്ട്.

അപ്പോ ചിത്രം വരക്കന്നതും ഫോട്ടോ എട്ക്കുന്നതും പാട്ട് പാടുന്നതും ഹറാമാണ് എന്ന് ഒരു കിത്താബിലും പറഞ്ഞിട്ടില്ല. സിനിമയെക്കുറിച്ച് ഖുർആനില് ഒരു വാക്ക് പോലുമില്ല. സിനിമ ഹറാമാണോ ഹലാലാ[3] ണോ എന്ന് പറയാൻ ആർക്ക് കഴിയും? സിനിമ കാണരുത് എന്ന് നമ്മുടെ പണ്ഡിതന്മാർ പറയുന്നത് ഏത് കിത്താബിനെ അടിസ്ഥാനമാക്കിയിട്ടാണ്? അപ്പോ അർത്ഥമില്ലാത്ത നിഷേധങ്ങൾ ഉണ്ടാക്കിയിട്ട് ഒരു കാര്യവുമില്ല. ഘട്ടം ഘട്ടമായി അതൊക്കെ മാറ്റിപ്പറയേണ്ടിവരും.

ഫോട്ടോ എടുക്ക്ന്നത് ഹറാമാണ് എന്നു പറഞ്ഞ പണ്ഡിതന്മാര് മുമ്പ് മൈക്ക് ഉപയോഗിക്കുന്നതും ഹറാമാണ് എന്ന് പറഞ്ഞിരുന്നു. ഇന്ന് ഏറ്റവുമധികം മൈക്ക് ഉപയോഗിക്ക്ന്നവര് മുസ്ലിങ്ങളാണ്. ചില മഹല്ലുകൾ മുസ്ലിം കല്യാണങ്ങളിൽ വീഡിയോ എടുക്ക്ന്നത് നിരോധിച്ചിട്ട്ണ്ട്. ആ മഹല്ലിലും ആ വിശ്വാസത്തിലും ഞാനില്ല.

1 ജീവൻ
2 പരലോകം
3 അനുവദനീയം





ഇന്ന് ഇസ്ലാമില് ഒരുപാട് ഗ്രൂപ്പുകള്ണ്ട്. സുന്നി, മുജാഹിദ്, ജമാഅത്തെ ഇസ്ലാമി അങ്ങനെ ഒരുപാട് ഗ്രൂപ്പുകള്. നമ്മളെ ചോദ്യം ഇതാണ്: അല്ലാഹു ഇതിൽ ഏത് ഗ്രൂപ്പുകാരനാണ്? അല്ലാഹു സുന്നിയാണോ മുജാഹിദാണോ? അല്ലെങ്കിൽ മുഹമ്മദ് നബി ഏത് ഗ്രൂപ്പുകാരനാണ്? പണ്ഡിതന്മാർക്ക് എന്റെ ഈ ചോദ്യത്തിന് ഉത്തരം പറയാൻ കഴിയില്ല.

മുമ്പ് നമ്മള് ഒരു നാടകം അവതരിപ്പിച്ചിരുന്നു. ഒരു ശരാശരി ഇന്ത്യൻ പൗരനാണ് അതിലെ കഥാപാത്രം. വലിയങ്ങാടിയിൽ കൂലിപ്പണിക്ക് പോകുന്ന ഒരു സാധാരണ മനുഷ്യൻ. കോഴിക്കോടുനിന്ന് വലിയങ്ങാടിയിലേക്ക് പോകുമ്പോ കുറ്റിച്ചിറ എന്നൊരു സ്ഥലമുണ്ട്. ഒരു കുളവും ചെറിയൊരു മൈതാനവും. സ്ഥിരമായിട്ട് പ്രസംഗം നടക്കുന്ന സ്ഥലമാണ്. മതക്കാരും രാഷ്ട്രീയക്കാരും എല്ലാവരും വന്ന് പ്രസംഗിക്കും. കോഴിക്കോട് പ്രസംഗങ്ങൾ നടക്ക്ന്ന പ്രധാന മൈതാനങ്ങളാണ് മുതലക്കുളവും കുറ്റിച്ചിറയും. നമ്മളെ നാടകത്തിലെ ഈ മനുഷ്യൻ, കോഴിക്കോട് നിന്ന് വലിയങ്ങാടിയിലേക്ക് പോയി തലയില് ഒരു ചുമടുമായി വരുമ്പോ കുറ്റിച്ചിറയില് ഒരാള് പ്രസംഗിക്ക്ന്നത് കേൾക്കുന്നു. പ്രസംഗിക്ക്ന്നത് ഈയെമ്മെസാണ്. ഈയെമ്മെസ്സിന്റെ ഒരു പ്രസംഗംതന്നെ ടേപ്പ് ചെയ്ത് നമ്മള് നാടകത്തില് കേൾപ്പിക്കുന്ന്ണ്ട്. പ്രസംഗം കേൾക്ക്ന്ന ആളുകള് മാത്രമാണ് സ്റ്റേജില്. അവരിലൊരാളായിട്ട് ഈ മനുഷ്യനും തന്റെ ചുമടുമായി നിൽക്കുന്നു. പ്രസംഗം കഴിഞ്ഞ് ആളുകള് പിരിയുന്നു. കുറച്ച് നടക്കുമ്പോ വീണ്ടും ഒരു പ്രസംഗം. കരുണാകരനാണ് ഇപ്പള് പ്രസംഗിക്ക്ന്നത്. പിന്നെ സി.എച്ച്.മുഹമ്മദ്കോയ, അച്യുതമേനോൻ. ഇവരുടെയൊക്കെ ശരിയായ പ്രസംഗങ്ങള് ടേപ്പ് ചെയ്തിട്ട് കേൾപ്പിക്കുകയാണ് ചെയ്തത്. ഭയങ്കര ഒറിജിനാലിറ്റിയാണ്. വലിയങ്ങാടിയിലെ ഈ കൂലിപ്പണിക്കാരനായ കഥാപാത്രം ഒരു മുസ്ലിമാണ്. ഈ രാഷ്ട്രീയ പ്രസംഗങ്ങളൊക്കെ കേട്ട് പിന്നെ സുന്നികള്ടെയും മുജാഹിദുകളുടെയും പ്രസംഗം ഈ മനുഷ്യൻ കേൾക്കുന്നു. ഇങ്ങനെ ഓരോ പ്രസംഗങ്ങളും കേട്ട് തളർന്നവശനായി ഈ മനുഷ്യൻ ഒരു വീട്ടിലെത്തുന്നു. വാതില് മുട്ടുന്നു. ഒരാള് വാതില് തുറക്കുന്നു. ഈ മനുഷ്യൻ ചോദിക്കുന്നു:

ഇതാണോ കൊല്ലൻ കൃഷ്ണേട്ടന്റെ വീട്? ഒരു നാടൻ ബോംബ്ണ്ടാക്കാൻ എത്ര ചെലവ് വരും?

ഇത് മാത്രമാണ് ആ നാടകത്തിലെ ഒരേയൊരു ഡയലോഗ്. അതോടുകൂടി തിരശ്ശീല വീഴുന്നു.

വലിയങ്ങാടിയിലെ ചുമട്ടുകാരനായി ചില സ്റ്റേജുകളില് ഞാനാണഭിനയിച്ചത്. കുറ്റിച്ചിറയിലും മുതലക്കുളത്തും ഇപ്പളും പ്രസംഗങ്ങള് നടക്ക്ന്ണ്ട്. അതിന്റെ വാർത്തകളൊക്കെ പത്രത്തിൽ വായിക്കുമ്പോൾ വലിയങ്ങാടിയിലെ ആ പഴയ കൂലിപ്പണിക്കാരനെ എനിക്ക് ഓർമ്മ വരാറ്ണ്ട്. സാധാരണക്കാരായ മനുഷ്യർ ഈ രാഷ്ട്രീയ നേതാക്കന്മാര്ടെയും മതനേതാക്കന്മാര്ടെയും പ്രസംഗങ്ങള് കേട്ട്കേട്ട് അടി തെറ്റിപ്പോവുകയാ. ഒരു കാര്യത്തിലും ഒരു തീരുമാനവും എടുക്കാൻ കഴിയാത്ത അവസ്ഥയിലാണ് സാധാരണ മനുഷ്യന്റെ ഓട്ടം. അങ്ങനെ ഓടുന്ന കൂട്ടത്തിൽ ഒരാളാണ് ഞാനും. വലിയങ്ങാടിയിലെ കൂലിക്കാരൻ.

# പുള്ളിക്കുപ്പായം

കുറച്ചുകാലം സുന്നീടൈംസ് എന്നൊരു പത്രത്തിന്റെ സർക്കുലേഷൻ മാനേജറായിരുന്നു ഞാൻ. സർക്കുലേഷൻ മാനേജർ എന്നാണ് പേരെങ്കിലും അഡ്രസ്സെഴുതി ആളുകൾക്ക് പത്രം അയയ്ക്കലായിരുന്നു നമ്മളെ ശരിക്കുമുള്ള പണി. സമസ്തകേരള ജംഇയ്യത്തുൽ ഉലമയാണ് ആ പത്രം പുറത്തിറക്കിയത്. ഇതില് ജോലി ചെയ്യുമ്പോഴും ഞാൻ രഹസ്യമായി നാടകത്തിലഭിനയിക്കാൻ പോകുമായിരുന്നു. നമ്മളെ സുഹൃത്തായ ചെമ്മങ്ങാട് റഹ്മാൻ എഴുതിയ നാടകങ്ങളിലാണ് അക്കാലത്ത് അഭിനയിച്ചുകൊണ്ടിരുന്നത്. ചെമ്മങ്ങാട് റഹ്മാന് ഭയങ്കരനാടകപ്രാന്താണ്. മൂപ്പര് ഇപ്പളും ജീവിച്ചിരിപ്പുണ്ട്. അക്കാലത്ത് നമ്മളോടൊപ്പം അഭിനയിച്ചിരുന്നവര് റങ്കൂൺ റഹ്മാൻ, എക്സൽ ബാബു, വേണു മാങ്കാവ്, രഘൂത്തമൻ, കെ.ടി.കുഞ്ഞു... തുടങ്ങിയവരാണ്. ചെമ്മങ്ങാട് റഹ്മാന്റെ പ്രശസ്തമായ ഒരു നാടകത്തിന്റെ പേര് പുള്ളിക്കുപ്പായം എന്നാണ്. അതില് എനക്ക് നല്ലൊരു വേഷമായിരുന്നു. കോമഡി. ഒരു ഹാജ്യാരും അന്തസ്സായി ജീവിക്ക്ന്ന ഒരു കുടുംബവും. ആ ഹാജ്യാർക്ക് വേലക്കാരിയിലുണ്ടായ ഒരു മോനാണ് നമ്മള്. അങ്ങനെയുള്ള ഒരു കഥ.

നല്ല രസമുള്ള നാടകമായിരുന്നു പുള്ളിക്കുപ്പായം. കുറേ കളിച്ചു. കുഞ്ഞാണ്ടിയേട്ടനും വാസുവേട്ടനും ഈ നാടകം സംവിധാനം ചെയ്തിട്ടുണ്ട്. ഒരു ദിവസം സുന്നീ ടൈംസിന്റെ ഓഫീസിലേക്ക് ആരോ പുള്ളിക്കുപ്പായത്തിന്റെ നോട്ടീസ് എത്തിച്ചു. നോട്ടീസിന്റെ ഒരു മൂലയ്ക്ക് നമ്മളെ തലയും ഉണ്ട്. ഈ നോട്ടീസുമായി ഒരു മൗലവി നമ്മളട്ത്ത് വിശദീകരണം ചോദിച്ചു.

എന്തായിത്?

നോട്ടീസ്.

എന്ത് നോട്ടീസ്?

നാടകത്തിന്റെ നോട്ടീസ്.

നോട്ടീസ്ലുള്ള നമ്മളെ മുഖത്തേക്ക് നോക്കി മൗലവി ചോദിച്ചു:

ഇതാരാ?

നമ്മളന്നെ.

നാടകം നമ്മക്ക് ഹറാമാണെന്ന് അറിഞ്ഞ് കൂടെ? ഇതൊന്നും ഇവ്ടെ ശരിയാവൂല എന്നറിഞ്ഞുകൂടെ?

അത്രയും പറഞ്ഞ് മൗലവി പോയി.





കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോ ഒരു സ്റ്റാഫ് മീറ്റിങ്. സ്റ്റാഫ് മീറ്റിങ് എന്നു കേൾക്കുമ്പോ നിങ്ങള് വിചാരിക്കും, സ്റ്റാഫിന്റെ പ്രശ്നങ്ങള് കേൾക്കലും പരിഹരിക്കലുമാണെന്ന്. അതല്ല. രണ്ട് മൂന്ന് മൗലവിമാരുടെ ഉത്ബോധന പ്രസംഗമാണ് സ്റ്റാഫ് മീറ്റിങ്. അതില് എന്നെപ്പറ്റിയും പറഞ്ഞു:

നമ്മളെ കൂട്ടത്തിൽ ഒരാള് ഹറാമാക്കപ്പെട്ട നാടകത്തിൽ അഭിനയിക്കുന്നുണ്ട്!

അത് എനക്കത്ര പിടിച്ചില്ല.

അതിനുമുമ്പേ ഞാൻ അവരുടെ കണ്ണിൽ ഒരു നോട്ടപ്പുള്ളിയായിരുന്നു.

ആ കഥ പറയാം:

സുന്നീടൈംസില് ഇരിക്കുന്ന സമയത്ത് തന്നെ കുന്ദമംഗലത്ത് സുന്നീ യുവജനസംഘടനയുടെ വലിയൊരു മീറ്റിങ് നടന്നു. വളരെ വിശാലമായൊരു മൈതാനത്ത് ജനലക്ഷങ്ങള് പങ്കെടുത്ത ഒരു സമ്മേളനം. സ്റ്റേജില് ജവഹർലാൽ നെഹ്രുവൊക്കെ വന്നാൽ വെക്കുന്നതുപോലെ കുറേ മൈക്കൊക്കെ വെച്ചിട്ടുണ്ട്. അവിടെ സെയ്ദ് അബ്ദുറഹ്മാൻ ബാഫക്കി തങ്ങൾ, ഇ.കുട്ടിയസ്സൻ ഹാജി, കെ.വി.മുഹമ്മദ് മുസ്ലിയാർ കൂറ്റനാട്, ബി.ഉസ്മാൻ ഹാജി... ഇങ്ങനെ പ്രഗല്ഭരും പ്രശസ്തരുമായ പണ്ഡിതന്മാർ പങ്കെടുത്തിരുന്നു. ഈ പറഞ്ഞവരൊക്കെ സ്ഥിരമായിട്ട് മൈക്കിലൂടെ *വഅള് പറയുന്നവരാണ്. എന്നാൽ, അന്നത്തെ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തത് കൊച്ചടി മുഹമ്മദ് മുസ്ലല്യാരായിരുന്നു. ഒരു പാവം മനുഷ്യൻ. പൊക്കം കുറഞ്ഞിട്ട് വലിയ താടിയുള്ള ഒരാൾ. അറബിവേഷമാണ് ഇട്ടത് . അയാള് മൈക്ക് ഓപ്പറേറ്ററെ വിളിച്ചിട്ട് പറഞ്ഞു.

ഈ മൈക്കൊക്കെ എടുത്ത് മാറ്റ്. മുത്തുനബീന്റെ കാലത്ത് മൈക്കിലൂടെയൊന്നുമല്ല ആളുകള് പ്രസംഗിച്ചത്.

ഓപ്പറേറ്റർ മൈക്കൊക്കെ എടുത്തുമാറ്റി. കൊച്ചടി മുഹമ്മദ് മുസ്ല്യാരുടെ പ്രസംഗം ഒരാൾക്കുപോലും കേൾക്കാൻ കഴിഞ്ഞില്ല. ഇദ്ദേഹത്തെ മോശാക്കണ്ട എന്ന് കരുതിയിട്ടാവാം മറ്റു പണ്ഡിതന്മാരൊന്നും മൈക്ക് ഉപയോഗിച്ചുമില്ല. നമ്മളൊക്കെ സദസ്സിലുണ്ടായിരുന്നു. ഒന്നും കേട്ടില്ല.

പിറ്റേന്ന് കോഴിക്കോട്ടുനിന്ന് പുറത്തിറങ്ങുന്ന പ്രദീപം എന്ന പത്രത്തിൽ കെ.ടി.മുഹമ്മദ് ഈ സംഭവത്തെക്കുറിച്ചെഴുതി:

മനുഷ്യൻ ഓടിക്കൊണ്ടിരിക്കുന്ന ഒരു വാഹനമാണ്. മതം ഒരിക്കലും ഒരു സഡൻ ബ്രെയ്ക്കാവരുത്. മറിച്ച്, ഒരു സ്റ്റിയറിങ്ങായിരിക്കട്ടെ!

കെ.ടി.പറഞ്ഞത് വളരെ ശരിയാണ്. ഈ കാര്യം ഞാൻ സുന്നീ ടൈംസിലെ ചങ്ങാതിമാരോട് പറഞ്ഞിരുന്നു. ഞാൻ കെ.ടി.മുഹമ്മദിനെ പിന്തുണച്ചതും വലിയ പ്രശ്നമായി.

പിന്നെ നാടകത്തിലെ അഭിനയവും. ഒക്കെക്കൂടി പറയാലോ, അവസാനം ഞാൻ സുന്നീടൈംസിൽനിന്ന് പുറത്തായി.

* പ്രഭാഷണം

മതത്തിന്റെ പേരിൽ ഇങ്ങനെ പല പ്രശ്നങ്ങളും മുസ്ലിംകലാകാരന്മാർ അഭിമുഖീകരിക്കുന്ന്ണ്ട്. സൂപ്പർസ്റ്റാറായ മമ്മൂട്ടിക്കും കോമഡിനടനായ മാമുക്കോയയ്ക്കും മതം എപ്പോഴും ചില്ലറ പ്രശ്നങ്ങള് മുന്നില് വെച്ച് തരും. സിനിമാനടന്മാർക്ക് മാത്രമല്ല പ്രശ്നം. ഈയിടെ ഒരു മുജാഹിദ് പണ്ഡിതൻ പ്രസംഗിക്കുന്നത് കേട്ടു:

കവിത ഇസ്ലാമിക വിരുദ്ധമാണ്! കവിയായിരിക്കുക എന്നത് ഒരു മുസ്ലിമിന് ഭൂഷണമല്ല!

ഇവരൊക്കെ ഏത് നൂറ്റാണ്ടിലാണ് ജീവിക്കുന്നത്? കഥകളി പഠിച്ചതുകൊണ്ട് ചെറുതുരുത്തിയില് ഒരു മുസ്ലിംബാലന് മഹല്ല് ഊരുവിലക്ക് ഏർപ്പെടുത്തി. അതിനെതിരെ സംഘടിപ്പിച്ച ഒരു യോഗത്തിൽ പങ്കെടുത്ത് ഞാൻ അസ്സലൊരു വഅള് പറഞ്ഞു:

ഏത് കാലഘട്ടത്തിലേക്കാണ് നമ്മള് പോണത്? കഥകളി പഠിച്ചാല് ഒരാള് ഇസ്ലാമിന് പുറത്തായി എന്ന് തീരുമാനിക്കണ്ടത് നിങ്ങളാണോ? ഞാനാണോ? നമ്മളാരുമല്ല. എന്റെ പ്രവർത്തനങ്ങളൊക്കെ നോക്കിയിട്ട് ഞാൻ സ്വർഗ്ഗത്തിലാണോ നരകത്തിലാണോ എന്ന് തീരുമാനിക്കേണ്ടത് പടച്ചോനാണ്. കലാമണ്ഡലം ഹൈദരലിയുടെ പാട്ട് കേട്ട് പടച്ചോൻപോലും സന്തോഷിക്കുന്നുണ്ടാവും. നമ്മള് മുസ്ലിങ്ങൾക്കും ഈ കഥകളിപ്പദമൊക്കെ നാവിനു വഴങ്ങും എന്ന് കാണിച്ചുകൊടുത്തത് ഹൈദരലിയാണ്. സിനിമയില് മമ്മൂട്ടി നടത്തിയ ഒരു വിപ്ലവമാണ് കഥകളിപ്പാട്ടില് കലാമണ്ഡലം ഹൈദരലി ഉണ്ടാക്കിയത്.

ഇങ്ങനെയൊക്കെ ഞാൻ അവിടെ പ്രസംഗിച്ചു.

ഇപ്പോ എനിക്ക് വലിയൊരു പ്രശ്നമായി തോന്നുന്നത് ഈ പർദ്ദയാണ്. മുമ്പും മുസ്ലിം സ്ത്രീകള് ഈ ബുർഖ ധരിക്കാറ്ണ്ട്. എന്നാലും ഇപ്പളത്തെ ചെറുപ്പക്കാരിപ്പെണ്ണുങ്ങളൊക്കെ ഇടുന്ന കണ്ണും മൂക്കും പൊത്തുന്ന പർദ്ദ നമ്മളെ പിറകോട്ട് കൊണ്ടുപോകുമെന്നാ എന്റെ വിശ്വാസം. ബുർഖ ഇട്ടോളിൻ. പക്ഷേ, കണ്ണും മൂക്കും കെട്ടണോ?

കഴിയുന്നതും നമ്മളെ മക്കളെ കലാകാരന്മാരാക്കി വളർത്തണം. കലാകാരന്മാർക്ക് വർഗ്ഗീയവാദം കുറയും. ഹിന്ദുവായ ഒരു വയലാർ പാട്ടെഴുതുന്നു, ക്രിസ്ത്യാനിയായ ഒരു യേശുദാസ് അത് പാടുന്നു, മുസ്ലിമായ ഒരു മമ്മൂട്ടി അതില് അഭിനയിക്കുന്നു. ഈ മൈത്രി നമുക്ക് മതത്തില് കാണാൻ കഴിയില്ല. പള്ളിയില് മുസ്ലിങ്ങള് മാത്രം, ചർച്ചില് ക്രിസ്ത്യാനികള് മാത്രം, അമ്പലത്തില് ഹിന്ദുക്കള് മാത്രം, എന്നാൽ തിയേറ്ററിലോ? അവിടെ എല്ലാ ജാതി മതസ്ഥരുമുണ്ട്. നല്ല സിനിമകള് കാണാൻ തിയേറ്ററിൽ പോകുന്നത് പുണ്യമുള്ള കാര്യമായിട്ടാണ് നമ്മള് കാണേണ്ടത്. അവ്ടെ നിങ്ങളെ തൊട്ടടുത്തിരിക്കുന്ന എതിർമതത്തിൽപെട്ട ആള് കോമഡി സീൻ വരുമ്പോ നിങ്ങളെപ്പോലെതന്നെ ചിരിക്കുന്നു, കരയുന്ന സീൻ വരുമ്പോ നിങ്ങളെപ്പോലെതന്നെ കരയുന്നു. സിനിമയിൽ മാത്രമല്ല, എല്ലാ കലാവേദികളിലും ഈ ഒരുമയുണ്ട്.





നാല് മതപണ്ഡിതന്മാർക്ക് ഇക്കാലത്ത് ഒരു വേദിയിലിരിക്കാൻ പറ്റില്ല. അവര് തമ്മില് അഭിപ്രായവ്യത്യാസമായിരിക്കും. മുമ്പ് പള്ളി അല്ലാഹുവിന്റെ ഭവനമാണ് എന്നാണ് പറയാറ്. എന്നാൽ ഇപ്പോ അത് ഓരോ മുസ്ലിം ഗ്രൂപ്പുകളും വീതിച്ചെടുത്തിരിക്കയാണ്. എവിടെയും അഭിപ്രായവ്യത്യാസം.

എന്നാ ഒരു സിനിമയോ നാടകമോ കണ്ടതിനുശേഷം വിലയിരുത്തുമ്പോൾ അഭിപ്രായവ്യത്യാസം ഉണ്ടാവാമെങ്കിലും കണ്ടിരിക്കുമ്പോൾ എല്ലാവരും ഒന്നുതന്നെ.

മതവും രാഷ്ട്രീയവും ഒരു ചെറിയ കള്ളി വരച്ചിട്ട് മനുഷന്മാരെ അതില് നിർത്തിയിരിക്കയാണ്. ലോകം മുഴുവൻ കള്ളി(കളം)യാക്കിയാലും അതില് മനുഷ്യനു നിൽക്കാൻ കഴിയില്ല. ഈ മതവും രാഷ്ട്രീയവുമൊക്കെ വരയ്ക്കുന്ന കള്ളിക്ക് പുറത്തുപോകുന്നവരാണ് കലാകാരന്മാര്. കലാകാരന്മാർക്ക് കുടുസ്സായി ചിന്തിക്കാൻ കഴിയില്ല. അവര്ടെ ലോകം വളരെ വിശാലമാണ്, ആയിരിക്കണം.

# ശ്രീമാൻ കോൽക്കളി

മുമ്പ് നാടകം എന്നു പറഞ്ഞാൽ ഒരു സാമൂഹിക പ്രവർത്തനമാണ്. നാട്ടിപ്പതിനായിരം പ്രശ്നങ്ങള് നാടകത്തിൽ പറയാൻ കഴിയും. ശ്രീമാൻ കോൽക്കളി എന്ന പേരിൽ നമ്മളൊരു ഗംഭീര നാടകം അവതരിപ്പിച്ചിരുന്നു. മുഴുനീള ആക്ഷേപഹാസ്യം. ഓർക്കുമ്പോത്തന്നെ ചിരിവര്ന്ന നാടകമാണ്. നമ്മുടെ രാഷ്ട്രീയക്കാരെയും വികസനസങ്കല്പത്തെയുമൊക്കെ കണക്കിനു കളിയാക്കുന്ന നാടകമാണ്. അതിന്റെ കഥ ചുരുക്കിപ്പറയാം:

തീരെ അക്ഷരാഭ്യാസമില്ലാത്ത ഒരാള് പഞ്ചായത്ത് പ്രസിഡണ്ടായി. വലിയൊരു കോൽക്കളി കുരിക്കളാണ്. കുറേ സ്വത്തും കാര്യങ്ങളൊക്കെയുള്ള ആളാ. മൂപ്പര്ടെ വീടുതന്നെ ചെറിയൊരു പഞ്ചായത്താപ്പീസ്പോലെയാണ്. ചെറിയ ചെറിയ കച്ചറകളൊക്കെ വീട്ടിൽനിന്നുതന്നെ പറഞ്ഞ് തീർക്കും. പ്രസിഡണ്ടിന്റെ ഒരു ദിവസം എന്നും പറഞ്ഞിട്ടാണ് നാടകത്തിന്റെ തുടക്കം. പ്രസിഡണ്ടായിട്ട് അഭിനയിച്ചത് നമ്മളാണ്. പ്രസിഡണ്ടിന്റെ ബുദ്ധി ഭയങ്കരമാണ്. ആ നാടകത്തിലെ ചെറിയൊരു സംഭവം പറയാം. ഒരു ചെറുപ്പക്കാരൻ ഏതോ ബാങ്കിൽനിന്ന് ലോണെടുത്ത് ചീരകൃഷി തുടങ്ങി. അടുക്കളത്തോട്ടം. അയാളുടെ ഭാര്യ ചീര നട്ടുനനച്ച് വളർത്തി. ഈ ചെറുപ്പക്കാരന്റെ അയൽക്കാരൻ ഏതോ ബാങ്കിൽനിന്ന് ലോണെടുത്ത് ഒരു കോഴികൃഷിയും നടത്തുന്നുണ്ട്. ഒരു ദിവസം ഇയാളെ കോഴികള് പോയി ചീര തിന്ന് നശിപ്പിച്ചു. ചീര നട്ട ചെറുപ്പക്കാരൻ പഞ്ചായത്ത് പ്രസിഡണ്ട് കുരിക്കളെ പരാതിയുമായി സമീപിച്ചു. കുരിക്കള് കോഴികൃഷിക്കാരനെ വിളിപ്പിച്ചു. കോഴി ചീരപോലെ കുഴിച്ചിട്ടാൽ വളരുന്ന സാധനമല്ലെന്ന് അയാള് പറഞ്ഞു. പ്രസിഡണ്ട് കുരിക്കൾ കുറേ നേരം ആലോചിച്ചു. എന്നിട്ട് ചീരകൃഷിക്കാരനോട് പറഞ്ഞു. ഒരു കാര്യം ചെയ്യിൻ. ബാങ്കിൽ പോയിട്ട് ഒരു ലോണെടുത്ത് നിങ്ങളൊരു കുറുക്കൻകൃഷി തൊടങ്ങ്. വേണ്ട ഏർപ്പാട് നമ്മള് ചെയ്യാം.

(നമ്മളെ നാട്ടിലെ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ഇങ്ങനെയുള്ള പദ്ധതികള് നടപ്പിലാക്കിയിട്ടാണ് കർഷക ആത്മഹത്യകൾ അവസാനിക്കാത്തത്!)

പ്രസിഡണ്ട് കുരിക്കൾക്ക് ഒരു വിചിത്രസ്വഭാവമുണ്ട്. ഏടെയെങ്കിലും കോൽക്കളിയുടെ ശബ്ദം കേട്ടാൽ അപ്പോ ബാധകേറും. കോൽക്കളിയാണ് മൂപ്പരുടെ വീക്നസ്സ്. വീട്ടിലെ അടുക്കളയിലെ കയിലിനുപോലും തുണി ചുറ്റി വെച്ചിരിക്കയാ. പാത്രത്തില് കയ്ല് വീഴുന്ന ശബ്ദം കേട്ടാല് പോലും ഇയാള് ചാടിക്കളിക്കും. ഇതില് നിലമ്പൂർ ബാലേട്ടൻ ഒരു പ്രധാന വേഷം അവതരിപ്പിച്ചിട്ടുണ്ട്. കേക്കോഡീസി ചെയർമാനായിട്ടാണ് ബാലേട്ടൻ അഭിനയിച്ചത്. KEKODC എന്നു പറഞ്ഞാല്, കേരളാ കോൽക്കളി ഡവലപ്പ്മെന്റ് കോർപ്പറേഷൻ. കോല് ഉണ്ടാക്കാൻ വേണ്ടി പന വളർത്തണം, പന വളർത്താനാവശ്യമായ റിസർച്ചിനുവേണ്ടി സൗദി അറേബ്യയിലൊക്കെ പോയി വന്ന ആളാണ് ബാലേട്ടൻ. ഒക്കെ ഭയങ്കര വാരലാണ്.





പഞ്ചായത്ത് പ്രസിഡണ്ടിന്റെ വാപ്പാന്റെ ഫോട്ടോ വീട്ടിന്റെ മുമ്പില് തൂക്കി വെച്ചിട്ടുണ്ട്. രണ്ട് കോലും അതിന്റെ ചുവട്ടില് ക്രോസ് ചെയ്ത് വെച്ചിട്ട്ണ്ട്. കുരിക്കള് എപ്പഴും അതുതന്നെ നോക്കിനിൽക്കും. അയാള് ഭാര്യയോട് പറയും:



നോക്ക് ന്റെ ബാപ്പാന്റെ ഓർമ്മയ്ക്ക് കോല്! കോല് എന്ന് പറഞ്ഞാല് നീയെന്താന്നാ വിചാരിച്ചത്? ഈ ലോകത്തിന്റെ ഉത്ഭവംതന്നെ കോൽക്കളിയിൽനിന്നാണ്. ആദമിന്റെ കോൽക്കളി. അതുകൊണ്ട് ഭാര്യേ ഇടയ്ക്കിടയ്ക്കേ നീ കോലിന് എണ്ണയിട്ട് വെക്കണം. കോൽക്കളിയില്ലെങ്കിൽ ഭൂമിയില്ല!

ശ്രീമാൻ കോൽക്കളി എന്ന നാടകം ഓരോ പുതിയ സ്റ്റേജില് കളിക്കുമ്പോഴും അപ്പോഴത്തെ നാട്ടിലുണ്ടാവാറുള്ള പ്രശ്നങ്ങള് അതില് കേറ്റും. നാടകത്തിന്റെ അവസാനമാണ് നല്ല രസം. നാട്ടിലെ ഒരു ചെറുപ്പക്കാരന് കോൽക്കളിബാധ വരും. അയാളെ ബന്ധുക്കള് സൈക്യാട്രിസ്റ്റിനെ കാണിക്കും. സൈക്യാട്രിസ്റ്റ് പറയും:

നിങ്ങള് ഇവനെ നല്ലൊരു കുരിക്കളെ കൊണ്ടുപോയി കാണിക്കണം. കോൽക്കളി കളിച്ചു കളിച്ച് ഇവന്റെ ബാധ തീരണം. ഉച്ചാടനം. അതേ വഴിയുള്ളൂ.

നാട്ടിലെ ഏറ്റവും വലിയ കോൽക്കളിയാശാൻ പ്രസിഡണ്ടാണ്. ചെറുപ്പക്കാരനെയും കൂട്ടി ഓന്റെ മൂത്താപ്പ പ്രസിഡണ്ടിന്റെ വീട്ടിലേക്ക് വരും. പ്രസിഡണ്ട് കക്കൂസിൽ പോയ സമയമായിരുന്നു. പ്രസിഡണ്ടിന്റെ വാപ്പാന്റെ ഫോട്ടോക്ക് ചുവട്ടില് വെച്ച കോല് കാണുമ്പോത്തന്നെ ചെറുപ്പക്കാരന് ഹാലിളകും. അതെടുത്തു മുട്ടും. അതിന്റെ ശബ്ദം കേട്ട പ്രസിഡണ്ട് വെള്ളക്കിണ്ടിയും കൈയിൽ പിടിച്ച് മുട്ടോളം മുണ്ടുയർത്തി കക്കൂസിൽനിന്ന് ഓടിവരുന്നു. അങ്ങനെ രണ്ടുപേരും ചേർന്ന് കോൽക്കളി ഗംഭീരമായി കളിക്കുമ്പോ തിരശ്ശീല വീഴുന്നു.

സിനിമയില് ഇത്തരം വേഷങ്ങള് ഞാൻ ചെയ്തിട്ടില്ല. അടിമുടി ചിരിപ്പിക്കുന്ന കഥാപാത്രം. എല്ലാവരെയും ഒന്ന് വാര്ന്ന നാടകം.

# മനുഷ്യൻ

കോഴിക്കോട് കണ്ട വലിയൊരു മനുഷ്യനായിരുന്നു സി.എൻ.അഹമ്മദ് മൗലവി. ഖുർആൻ പരിഭാഷ ചെയ്ത ആളാണ്. കലാകാരന്മാരുമായിട്ടും യുക്തിവാദികളുമായിട്ടും മൂപ്പർക്ക് നല്ല ബന്ധമായിരുന്നു. ആർക്കും എപ്പോഴും സമീപിക്കാം. സി.എൻ. അഹമ്മദ് മൗലവിയുമായി ബന്ധപ്പെട്ട് വലിയൊരു ഓർമ്മ എനക്കുണ്ട്. പത്ത് മുപ്പതുകൊല്ലം മുമ്പ് കവിമാഷ് ഒരു നാടകമെഴുതി. പേര് മനുഷ്യൻ. ഇത് ശരീഅത്തിലെ ഒരു വിധിക്കെതിരായിട്ടുള്ള വിമർശനാണ്.

ബാപ്പ ജീവിച്ചിരിക്കെ മകൻ മരിച്ചുപോയാൽ മരിച്ച മകന്റെ മക്കൾക്ക് വല്യാപ്പയുടെ സ്വത്തിൽ അനന്തരാവകാശമില്ല എന്നൊരു വിധിയുണ്ട്. ഉദാഹരണം പറയാം. അഹമ്മദ് ഹാജിക്ക് കുറേ മക്കളുണ്ട്. ഇതിൽ മുഹമ്മദ്കുട്ടി എന്ന മകൻ അഹമ്മദ് ഹാജി ജീവിച്ചിരിക്കെ മരിച്ചുപോയാൽ മുഹമ്മദ്കുട്ടിയുടെ മക്കൾക്ക് അഹമ്മദ് ഹാജിയുടെ സ്വത്തിൽ ഒരവകാശവുമില്ല. മാത്രവുമല്ല, മുഹമ്മദ് കുട്ടി സ്വന്തമായി സമ്പാദിച്ചതെല്ലാം അഹമ്മദ് ഹാജിക്ക് ചെന്നുചേരുകയും ചെയ്യും. ആ സ്വത്തിൽ അയാളുടെ മറ്റ് മക്കൾക്ക് അവകാശമുണ്ടാവും. എന്നാലും അതിൽനിന്ന് ഈ പേരക്കുട്ടികൾക്ക്, അതായത് മുഹമ്മദ് കുട്ടിയുടെ മക്കൾക്ക് ഒന്നും കിട്ടില്ല.

മുസ്ലിം നാട്ടാചാരത്തിലെ ഇത്തരമൊരു നിയമമാണ് കവിമാഷ് നാടകമാക്കിയത്. അദ്ദേഹത്തിന്റെ നാടകത്തിൽ മൂത്തമകൻ ക്ഷയരോഗിയാണ്. മരണം ഏതാണ്ട് തീർച്ചയാണ്. അയാൾ മരിച്ചാൽ ബാപ്പയുടെ സ്വത്തിൽനിന്ന് അയാളുടെ മക്കൾക്ക് ഒന്നും കിട്ടില്ല. താൻ സമ്പാദിച്ചത് മുഴുവനും ബാപ്പക്ക് പോവുകയും ചെയ്യും. അയാൾ ബാപ്പയെ കൊന്നു. കോടതിയിൽ മൂത്തമകൻ കുറ്റം ഏറ്റു. തന്റെ നാലുമക്കളെ പട്ടിണിയിൽനിന്നും പിച്ച തെണ്ടുന്നതിൽനിന്നും രക്ഷിക്കാൻ വേണ്ടിയാണ് ബാപ്പയെ കൊന്നത്. ഒരുപാട് ജീവിതങ്ങള് രക്ഷിക്കാൻ വേണ്ടിയാണ് വയസ്സായ ഒരു ജീവൻ താൻ കളഞ്ഞത്. താൻ ചെയ്തതു തെറ്റായോ എന്ന് ക്ഷയരോഗിയായ മകൻ കോടതിയോട് ചോദിച്ചതിന് മറുപടി ഉണ്ടായില്ല. ഒരു വിധിയും പറയാനാകാതെ കോടതി സ്തംഭിച്ചു നിൽക്കുന്നേടത്തു നാടകം തീരുന്നു.

എം.എം. ഹൈസ്കൂളിലെ ഒരു പരിപാടിക്ക് കളിക്കുന്നതിനുവേണ്ടിയാണ് നാടകം എഴുതിയത്. റിഹേഴ്സൽ തുടങ്ങിയപ്പോഴേ സംഗതി ലീക്കായി.





നാടകം ഇസ്ലാം വിരുദ്ധമാണ്. കച്ചറ ഉണ്ടാവും എന്ന് ഉറപ്പായി. നോട്ടീസ് ഇറങ്ങി. നാടകം കളിക്കാൻ വിടരുത്!

കവിമാഷും ഞാനും കുഞ്ഞാവയും എല്ലാംകൂടി വളരെ നേരം ആലോചിച്ചു.

എന്തു ചെയ്യും?

ഒടുക്കം നമ്മളൊരു തീരുമാനം എടുത്തു. സി.എൻ. അഹമ്മദ് മൗലവിയെ കണ്ട് ഇതിനെപ്പറ്റി ഒരു വിധി പറഞ്ഞുതരണമെന്ന് ആവശ്യപ്പെടാം.

അങ്ങനെ ഞങ്ങൾ മിഠായിത്തെരുവിലെ കൗസർ സ്റ്റോറിൽ ചെന്ന് മൗലവിയെ കണ്ടു. മൂപ്പർ നാടകത്തിന്റെ കഥ, സംഭാഷണം മുതലായവയെല്ലാം വിശദമായി ചോദിച്ചു മനസ്സിലാക്കി. പിന്നെ പതിവുള്ള പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു:

ശരീഅത്തിലെ ഒരനാചാരത്തെയാണ് നിങ്ങൾ എതിർക്കുന്നത്. അത് എതിർക്കപ്പെടേണ്ടതാണ്. ഇതിന് പിന്നിലുള്ള നിങ്ങളുടെ ലക്ഷ്യം സദുദ്ദേശ്യപരമാണ്. നാടകം അതിന് പറ്റിയ നല്ലൊരു മാർഗ്ഗവുമാണ്. അതുകൊണ്ട് ഈ നാടകം കളിക്കാം, കളിക്കണം. ഇതൊക്കെയായിട്ടും നാടകം എം.എം. ഹൈസ്കൂളിൽ കളിക്കാൻ കഴിഞ്ഞില്ല. എതിർപ്പ് അത്ര കട്ടിയായിരുന്നു.

നീതി എന്ന പേരിൽ റേഡിയോ നാടകമായി ഇത് പിന്നീട് അവതരിപ്പിച്ചു. കൊലയാളിയായ മകന്റെ റോളാണ് ഞാൻ അപ്പോൾ എടുത്തത്.

സി.എൻ. അഹമ്മദ് മൗലവിയുടെ വലിപ്പം ഏറെ വലുതാണ്. മൂപ്പർ ശരിയായ പരിഷ്കരണവാദിയാണ്. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ ശിഷ്യനാണ് സി.എൻ.അഹമദ് മൗലവി. കേരളം കണ്ട വലിയ മനുഷ്യനാണ് അബ്ദുറഹ്മാൻ സാഹിബ്. മൂപ്പര്ടെ അത്രയും സത്യസന്ധനും ധൈര്യശാലിയും ആയിട്ട്ള്ള മുസ്ലിംനേതാക്കള് കേരള രാഷ്ട്രീയത്തില് വേറെ ഉണ്ടായിട്ടില്ല. കണ്ണപ്പറമ്പ് മൈതാനത്തിലാണ് സാഹിബിനെ കബറടക്കിയത്. കുറെക്കാലം ഞങ്ങൾ സാഹിബിന്റെ ചരമദിനം നോക്കി അവിടെ പോകുമായിരുന്നു. കബറൊക്കെ വൃത്തിയാക്കി അബ്ദുറഹ്മാൻ സാഹിബിനെ സ്വർഗ്ഗത്തിലാക്കണേ എന്ന് പടച്ചോനോട് ദുആ ചെയ്യും.

കോഴിക്കോട് പുറത്തൊക്കെ പോയി നമ്മള് നാടകം കളിക്കാൻ കാരണം ചില പ്രത്യേകതരം മനുഷ്യന്മാരുടെ സഹായമാണ്. അതില് പ്രധാനപ്പെട്ട ഒരാളാണ് കണ്ണൂര് പഴയങ്ങാടിയിലെ ഇബ്സൺ കണ്ണേട്ടൻ. മൂപ്പര് കമ്മ്യൂണിസ്റ്റാണ്. വല്യ നാടകസ്നേഹിയാ. വാസുവേട്ടന്റെ പുതിയ നാടകങ്ങളാവുമ്പോ വിളിച്ച് ബുക്ക് ചെയ്യും. വാസുവേട്ടന്റെ ഒട്ടുമിക്ക നാടകങ്ങളും കണ്ണേട്ടൻ ആ നാട്ടില് കളിപ്പിച്ചിട്ടുണ്ട്. പത്രക്കച്ചോടമാണ് മൂപ്പര്ടെ അക്കാലത്തെ പണി. ഒന്നുരണ്ട് ചായപ്പീടികകളുള്ള ഒരു മൊട്ടപ്പുറത്താണ് കണ്ണേട്ടന്റെ വീട്. കണ്ണേട്ടനെപ്പോലെ പല ആളുകളുമുണ്ട്.

കോഴിക്കോട്ടെ നാടകക്കാർക്കും എഴുത്തുകാർക്കും എപ്പോഴും ഫ്രീയായിട്ട് ചായ വാങ്ങിക്കൊടുക്കുന്ന ഒരാളുണ്ടായിരുന്നു, മാധവൻമാഷ്. വലിയ മനുഷ്യനായിരുന്നു. അവിവാഹിതൻ. ജെ.ഡി.റ്റി.സ്കൂളിലെ മാഷായിരുന്നു. കലാകാരന്മാരെ സ്നേഹിക്കല് മാത്രമായിരുന്നു ഈ മനുഷ്യന്റെ ഹോബി. ചായയൊക്കെ കുടിച്ച് മാധവൻമാഷ് ഓരോരുത്തരുടെയും പേര് വിളിച്ച് യാത്രയയ്ക്കും. ബാബൂ വിട്ടോളിൻ, മജീദേ (ബാബൂക്കാന്റെ അനിയൻ) വിട്ടോളിൻ, കാദറേ വിട്ടോളിൻ, മാമൂ വിട്ടോളിൻ...

എല്ലാവരെയും യാത്രയാക്കിയശേഷം മൂപ്പര് തനിച്ച് വീട്ടിലേക്കു പോകും.

ഇപ്പോ നല്ല നല്ല ആളുകള് ഇല്ല. കണ്ടിരിക്കാൻ നല്ല നല്ല നാടകങ്ങള് ഇല്ല. കേൾക്കാൻ നല്ല നല്ല പാട്ടുകള് ഇല്ല.





# പച്ചമനുഷ്യർ

## ഖൽബിൽ കുത്തുന്ന ചോദ്യം

മാമുക്കോയയുടെ ജീവിതകഥ കേൾക്കുന്നതിന്റെ നാലാം പകൽ. മാമുക്കോയ തുടർന്നു:

ഒരുപാട് സംഭവങ്ങള് കോഴിക്കോട്ടുണ്ട്. അത് എത്രകാലം പറഞ്ഞാലും തീര്ല്ല. ഒരുപാടാളുകള് മാറ്റിമറിച്ച മണ്ണാണിത്. സിനിമാനടനായതിനുശേഷം മണ്ണില് കാല് ചവിട്ടി നടക്കാൻ കുറച്ച് ബുദ്ധിമുട്ടാണ്. നടൻ മാമുക്കോയ! എന്നും പറഞ്ഞ് കൊച്ചുകുട്ടികളടക്കം വളഞ്ഞ് നിൽക്കും. അതുകൊണ്ട് എനിക്ക് നമ്മളെ നാട്ടിലെ ഉത്സവങ്ങളുപോലും കാണാൻ പോകാനുള്ള ഉത്സാഹം കുറഞ്ഞു. ആളുകള് വന്ന് തൊട്ടോണ്ട് നിൽക്കുമ്പോ കുറേ നേരം പിടിച്ച് നിൽക്കാൻ വയ്യ. ഒരു സാധാരണ നടൻ മാത്രമായ നമ്മള് ഈ അനുഭവത്തിലൂടെയൊക്കെ കടന്നുപോവുന്നുണ്ടെങ്കില് വലിയ വലിയ സൂപ്പർ സ്റ്റാറുകളുടെ കാര്യം എന്തായിരിക്കുമെന്ന് പറയണ്ടല്ലൊ. ഹോട്ടൽമുറി വിട്ടാല് ലൊക്കേഷൻ. ലൊക്കേഷൻ വിട്ടാല് നേരെ ഹോട്ടൽമുറി. അതിന്റെ ഇടയ്ക്ക്ള്ള വേഷംമാറലും ചായമിടലും ചിരിയും കരച്ചിലും ഗുസ്തിയുമൊക്കെത്തന്നെ നടന്മാർക്ക് ജീവിതം. ഒരർത്ഥത്തില് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരാണ് സിനിമാതാരങ്ങള്. എല്ലാ താരങ്ങളും ഒരു ദിവസം ഉൽക്കകള്പോലെ അടർന്ന് ഭൂമിയിലേക്ക് വീഴും. പിന്നെ ആളുകള് കണ്ടാൽ ചോദിക്കും.

ഇപ്പോ പഴയത്പോലെ ചാൻസൊന്നും കിട്ട്ന്ല്ല. ല്ലേ?

ഖൽബില് കുത്ത്ന്ന ചോദ്യമാണത്. അങ്ങനെ ഒരു പ്രായം വരുമ്പോ സിനിമാതാരമെന്ന ഈ പോരിശയൊക്കെ എടുത്ത് മാറ്റേണ്ടിവരും. പക്ഷേ, അഭിനയിക്ക്ന്ന കാലത്ത് നടന്മാര് നല്ല വിയർപ്പൊഴുക്കേണ്ടിവരും. ഒട്ടും വിയർപ്പൊഴുക്കാണ്ട് പിടിച്ച്നിൽക്കാൻ പറ്റുന്നവര് രാഷ്ട്രീയക്കാര് മാത്രമാണ്. പ്രസംഗിക്കാന്ള്ള മൈക്കും കേട്ടു നിൽക്കാൻ കുറച്ച് ആളുകളുമുണ്ടായാല് അവരെ കാര്യം അങ്ങനെ ജീവിതാവസാനംവരെ കഴിഞ്ഞ് പോകാം. അവരും ഒരു തരത്തില് താരങ്ങള്തന്നെ. മണ്ണിൽ കാല് കുത്താതെ ജീവിക്ക്ന്ന മനുഷ്യര്.



## വാസുപ്രദീപ്

കോഴിക്കോട്ടെ നാടകകലാകാരന്മാർക്ക് മാർഗ്ഗദർശിയാണ് വാസുപ്രദീപ്. കല്യാണം കഴിക്കുമ്പോ ക്ഷണക്കത്ത് അടിക്കാൻ എന്റെ കൈയിൽ കാശില്ലാഞ്ഞിട്ട് ഞാൻ വാസുപ്രദീപനോട് പറഞ്ഞു:

വാസുവേട്ടാ, കല്യാണം നിശ്ചയിച്ചു. കുറച്ച് ആളുകളെ വിളിക്കണ്ടെ. അതിന് കത്തടിക്കണം. കയ്യില് കാശില്ലാ.

അപ്പോ വാസുവേട്ടൻ പറഞ്ഞു:

മാമൂ, കല്യാണക്കത്ത് കൈകൊണ്ടെഴുതി ഇങ്ങ് താ. നിന്റെ നല്ല ഹാൻഡ് റൈറ്റിങ്ങാ.

അങ്ങനെ ഞാൻതന്നെ എഴുതി. ഇത്രാം തീയതി ഞാൻ വിവാഹിതനാവാൻ പോവുകയാണ്. അന്നേ ദിവസം താങ്കൾ കുടുംബസമേതം എന്റെ വീട്ടിലേക്ക് വരണം.



ഇങ്ങനെ എഴുതി ഞാൻ വാസുവേട്ടന്റെ കൈയിൽ കൊടുത്തു. അന്ന് കോ ഓപ്പറേറ്റീവ് പ്രസ്സിൽ സൈക്ലോസ്റ്റൈൽ പ്രിന്റിങ് ഉണ്ട്. വാസുവേട്ടൻ സ്വന്തം ചെലവില് അതിന്റെ കുറേ കോപ്പികള് അടിച്ചു തന്നു. ആദ്യത്തെ കത്ത് ബിസ്മിയും കൂട്ടി നമ്മള് കോഴിക്കോട് അബ്ദുൾ കാദർക്കാക്ക് കൊണ്ടുപോയി കൊടുത്തു.

വാസുവേട്ടൻ ഒരു പച്ച മനുഷ്യനാ. കുടുംബത്തെ അങ്ങേയറ്റം സ്നേഹിച്ച ആളാ മൂപ്പര്. വാസുവേട്ടൻ സ്വന്തം കുടുംബത്തെ നോക്കി എടുക്കുന്നതിനിടയില് വൈകി കല്യാണം കഴിച്ച ആളാണ്. വാസുവേട്ടന്റെ സമപ്രായക്കാരും താഴെ നിൽക്ക്ന്നവരുമൊക്കെ കല്യാണം കഴിഞ്ഞ് പോയിട്ടും വാസുവേട്ടൻ ചിത്രംവരയും നാടകവുമൊക്കെയായി ഒറ്റത്തടിയായി അങ്ങനെ നിന്നു. അങ്ങനെയിരിക്കേ ഒരു ദിവസം കവിമാഷ് വാസുവേട്ടനോട് പറഞ്ഞു:

വാസൂ, ചന്തിരൂർ ശ്രീധരപ്പണിക്കര് എന്നൊരാള്ണ്ട്. ജ്യോത്സ്യരാ. അവിടൊന്ന് പോയാല് നിന്റെ പ്രശ്നം അറിയാം.

അതൊക്കെ വേണോ? വാസുവേട്ടൻ സംശയിച്ചു നിന്നു. നമ്മക്ക് പെണ്ണ് കിട്ടാൻ എന്തിനാ അവിടെയൊക്കെ പോവ്ന്നത്.

ഒന്ന് പോയ് നോക്കാം, കവിമാഷ് നിർബന്ധിച്ചു. അങ്ങനെ അവര് പോയി. അവരെ ദൂരെനിന്ന് കണ്ടപ്പോത്തന്നെ ശ്രീധരപ്പണിക്കര് വിളിച്ചുപറഞ്ഞു:

കല്യാണക്കാര്യല്ലേ. ഇങ്ങട് വരേണ്ടിയിര്ന്നില്ല. പെണ്ണ് വീട്ന്റെ ചുറ്റ്വട്ടത്തൊക്കെത്തന്നെയുണ്ട്. അടുത്തമാസം സംഭവം നടക്കും. ശ്രീധരപ്പണിക്കര് പറഞ്ഞതുപോലെതന്നെ വാസുവേട്ടന് പിറ്റേന്നത്തെ മാസം പെണ്ണിനെ കിട്ടി. ചുറ്റ്വട്ടത്തുതന്നെയുള്ളൊരു കുട്ടി.

വാസുവേട്ടന് മുട്ടിനൊരു വേദനയുണ്ട്. കുറേക്കാലമായി. വീട്ടില് ഒരു കസേരയില് അങ്ങനെ ഇരിക്കും. ആ ഇരിപ്പിൽതന്നെയാണ് ചിത്രംവരയും നാടകരചനയും സംവിധാനവും റിഹേഴ്സലും ഒക്കെ ചെയ്യുന്നത്. ഭയങ്കര അത്ഭുതമാണ് വാസുവേട്ടന്റെ കാര്യം. ഒരുകാലത്ത് വാസുവേട്ടന്റെ തുണയില്ലാതെ ഒരടി മുന്നോട്ട് പോകാൻ കോഴിക്കോട്ടെ കലാകാരന്മാർക്ക് കഴിയില്ലായിര്ന്നു. എല്ലാറ്റിനും വാസുവേട്ടൻ വേണം. ആർക്കും സമീപിക്കാം. തലക്കനമില്ല. ജാടകളില്ല. ശുദ്ധ മനുഷ്യൻ. നാടകങ്ങളില് ഒരുപാട് പരീക്ഷണങ്ങള് നടത്തിയിട്ട്ണ്ട്. ഡയലോഗില്ലാത്ത നാടകം, ഒറ്റ ഡയലോഗ് മാത്രമുള്ള നാടകം, ഒറ്റ നടൻ മാത്രമുള്ള നാടകം – അങ്ങനെ പല മാതിരി നാടകങ്ങള്. ഒരു പത്ത് ഉറുപ്പികപോലും ആദായം കിട്ടിയിട്ടല്ല വാസുവേട്ടൻ ഈ കലാപണിയൊക്കെ ചെയ്തത്. കല എന്നാല് വാസുവേട്ടന് ജനിക്കുമ്പോളേ ഉള്ള സാധനമാണെന്ന് എനിക്ക് തോന്നിയിട്ട്ണ്ട്. ഗർഭപാത്രത്തിലിരിക്ക്മ്പളും വാസുവേട്ടൻ നാടകത്തെക്കുറിച്ച് ചിന്തിച്ചിട്ട്ണ്ടാവും. വാസുവേട്ടനെ തിരിച്ചറിയുന്നതിലും അംഗീകരിക്കുന്നതിലും കോഴിക്കോട്ടുകാര് വേണ്ടത്ര ശുഷ്കാന്തി കാണിച്ച്ട്ടില്ല. നാടകത്തിന്റെ മർമ്മം അറിയ്ന്ന ആളായിട്ട്പോലും വാസുവേട്ടൻ ഒരിക്കലും തന്നെപ്പൊക്കി ഒന്നും പറഞ്ഞിട്ടില്ല. സ്വന്തമായി പുകഴ്ത്തിപ്പറയുന്ന ശീലം ഒട്ടുമില്ലാത്ത ആള്. ഇപ്പളും ഞാൻ വാസുവേട്ടനെ കാണാൻ ഇടയ്ക്ക് പോകാറുണ്ട്. പഴയ കാര്യങ്ങള് പറഞ്ഞ് അങ്ങനെ കുറേ നേരം ഇരിക്കും. സ്നേഹമില്ലെങ്കില് മനുഷ്യന്മാരെ എന്തിന് കൊള്ളും. വെറും ചകിരിക്കഷ്ണങ്ങള് മാത്രം.



## ശാന്താദേവിയും കോഴിക്കോട് അബ്ദുൾഖാദറും

വാസുവേട്ടൻ എഴുതിയതില് അസ്സലായിട്ട് വിജയിച്ച ഒരു നാടകമാണ്, താഴും താക്കോലും. അന്തംവിട്ടുപോയ നാടകമാണ്. അതില് ശാന്താദേവിയുടെ ഒരു പെർഫോമൻസുണ്ട് ചങ്ങാതീ. ഒന്ന് കാണണം. ഒരാൾക്ക് ഇങ്ങനെയൊക്കെ അഭിനയിക്കാൻ കഴിയുമല്ലോ എന്ന് ഞാൻ കണ്ട് അതിശയിച്ച നാടകം. ശാന്താദേവി മുസ്ലിം കഥാപാത്രത്തെ അവതരിപ്പിക്കുമ്പോ ഒറിജിനൽ മുസ്ലിമായിട്ട്തന്നെ തോന്നും. ശാന്താദേവിയുടെ സഹവാസം മുസ്ലിങ്ങളുമായിട്ടാണ്. ശാന്താദേവിയുടെ മുഖം കാണുമ്പോളൊക്കെ ഇഫ്രീത്ത് രാജ്ഞി എന്ന നാടകത്തിലെ ശാന്താദേവീടെ ഒരു ഡയലോഗ് നമ്മക്ക് ഓർമ്മ വരും. അതില് തറവാടിയായ ഒരു മുസ്ലിം കഥാപാത്രമാണ് മൂപ്പത്തി.

എടീ സക്കീനാ, ആരാണ് അങ്ങേപ്പുറത്ത് മരിച്ചത്?

അത് അവിട്ത്തെ കയ്ച്ചൂത്താത്ത.

ഓ! അപ്പം അത് എനക്ക് പോകാൻ പറ്റിയ മരണമല്ല! എനക്ക് പോകാൻ പറ്റിയ ആരെങ്കിലും മരിക്കാൻ കെടക്ക്ന്ന്ണ്ടാ!

ശാന്തേട്ടത്തി നല്ല മനുഷ്യത്തിയാണ്. ശാന്തേട്ടത്തിക്ക് ആദ്യം ഒരു ഭർത്താവുണ്ടായ്ന്. പിന്നെ കാദർക്കയുമായിട്ടായി ഒരു അടുപ്പം. കാദർക്ക നേരത്തേ ക്രിസ്ത്യാനിയായിരുന്നു. ലെസ്ലി. പിന്നെ മുസ്ലിമായി. കാദർക്കാക്ക് ശാന്തേട്ടത്തിയിൽ പിറന്ന കുട്ടിയാണ് സത്യജിത്ത്.

നമ്മള് മതത്തെക്കുറിച്ച് കുറേ പറഞ്ഞല്ലോ. അതില് പറയാൻ വിട്ടുപോയ ഒരു സംഭവമുണ്ട്. മതം എന്നൊക്കെ പറയ്ന്നത് നിഷ്പ്രഭമാകുന്ന ചില സന്ദർഭങ്ങൾ. കാദർക്ക മരിച്ചിട്ട് മയ്യിത്ത് കൊണ്ടുപോവുകയാണ്.

ആര് മയ്യത്ത് എടുക്കും?

സാധാരണനിലയിൽ ഒരാള് മരിച്ചാല് അതാത് മതത്തില് പെട്ട ആൾക്കാരാണ് മയ്യത്ത് കട്ടില് ചുമക്കല്.

സത്യജിത്ത് ഹിന്ദുവാണ്. അവന്റെ അച്ഛനാണ് കാദർക്ക. സത്യജിത്ത് മയ്യിത്ത് കട്ടിലിന്റെ ഒരു ഭാഗം പിടിച്ചു.

നജ്മൽബാബു മുസ്ലിമാണ്. അവന്റെ ഉപ്പയാണ് കാദർക്ക.

നജ്മൽ മയ്യത്ത് കട്ടിലിന്റെ മറ്റൊരു ഭാഗം പിടിച്ചു. കാദർക്കയുടെ ജ്യേഷ്ഠന്മാരുടെ മക്കളും ബന്ധുക്കളുമൊക്കെ ക്രിസ്ത്യാനികളായിരുന്നു. അവര് മൃതദേഹത്തെ അനുഗമിച്ചു. ഇങ്ങനെയൊരു വിലാപയാത്ര ഞാൻ വേറെ കണ്ടിട്ടില്ല. ശരിക്കും പറഞ്ഞാല് ഒരു വിശ്വപൗരനാണ് കാദർക്ക. ഒന്നാ

ലോചിച്ച് നോക്കിയാൽ കാദർക്കാന്റെ മതമേതാണ്? അല്ലെങ്കിൽതന്നെ ഈ മതമെന്ന് പറയ്ന്ന സംഗതിക്ക് നമ്മളെന്തിനാ ഇത്ര പ്രാധാന്യം കൊട്ക്കന്നത്? കമ്പാർട്ട്മെന്റ് മാറിമാറി കയറുന്നതുപോലെ എല്ലാ മതങ്ങളിലേക്കും കാദർക്ക മാറി മാറി കയറി. അവസാനം എല്ലാ മനുഷ്യരും കണ്ണടച്ച് യാത്ര ചെയ്യുന്ന ആ കമ്പാർട്ട്മെന്റിൽ കയറി കണ്ണപ്പറമ്പ് ശ്മശാനത്തിലേക്ക് യാത്രയാവുകയും ചെയ്തു. അതാണ് കാദർക്ക. ആർക്കും പിടികൊടുക്കാത്ത ഒരത്ഭുതമനുഷ്യൻ. എല്ലാ മതങ്ങളുടെയും പാല് കുടിച്ച് വളർന്ന ആളാണ് ബഷീർക്ക എന്ന് പറയാറുണ്ടല്ലോ. കാദർക്ക ഓരോ പശുവിന്റെയും ചുവട്ടിൽപോയി പാല് കറന്ന് നോക്കിയ മനുഷ്യനാണ്.



# രാമദാസൻ വൈദ്യര്

രാമദാസൻ വൈദ്യര് ആണ് കോഴിക്കോടിന്റെ കുഞ്ചൻനമ്പ്യാർ. വല്ലാത്തൊരു പഹയൻ. രാമദാസ് വൈദ്യര് പറയ്ന്നത്രയും തമാശകള് ഒരു ഹാസ്യനടന്റെ കയ്മ്മലും ഉണ്ടാവ്ല്യ. കോഴിക്കോട്ട്കാർക്ക് ഒരായുസ്സ് മുഴുവൻ ചിരിക്കാനുള്ള ഓർമ്മകള് രാമദാസൻ വൈദ്യരുടേതായിട്ട്ണ്ട്.

ലോകസുന്ദരിപ്പട്ടം കൊടുക്കുന്നതിനെ ആക്ഷേപിച്ച് ലോക വൈരൂപ്യ റാണി മത്സരം, മുതലക്കുളത്ത് എത്രയോ കാലമായി പീഡനം സഹിക്ക്ന്ന അലക്കുകല്ലിന് പൊന്നാടയണിയിക്കൽ, തെങ്ങുകയറ്റുമത്സരം—അങ്ങനെ പല പരിപാടികളും വൈദ്യര് സംഘടിപ്പിച്ചിട്ടുണ്ട്. വൈകുന്നേരം പെട്ടെന്നായിരിക്കും മൂപ്പർക്ക് എന്തെങ്കിലുമൊരു തമാശബുദ്ധി തോന്നുക. പിറ്റേന്നത് നടപ്പിലാക്കും. ഒന്നിനെയും കൂസാത്ത ഒരാള്. വൈദ്യർടെ നടക്കാതെപോയ ഒരാഗ്രഹമുണ്ട്. സ്വന്തം ഭാര്യയ്ക്ക് പെൻഷൻ നൽകി ആദരിച്ചുകൊണ്ട് ഒരു ചടങ്ങ് സംഘടിപ്പിക്കണമെന്ന് മൂപ്പര് വിചാരിച്ചിരുന്നു. മറ്റ് ഭർത്താക്കന്മാർക്കൊക്കെ മാതൃകയാകാൻ ഒരു ചടങ്ങ്. രാമദാസ് വൈദ്യര് ഒരിക്കൽ എന്നോട് പറഞ്ഞു:

ജീവിതകാലം മുഴുവൻ പുരുഷന്മാരുടെ ഭാരം ചുമക്കുന്നവരല്ലേ സ്ത്രീകള്! അവർക്ക് പെൻഷൻ നൽകാൻ ഭർത്താക്കന്മാരായ പുരുഷന്മാർ ബാദ്ധ്യസ്ഥരാണ്!

കോട്ടപ്പറമ്പ് ജനറൽ ആശുപത്രിക്ക് നേരെ എതിരിലാണ് രാമദാസ് വൈദ്യർടെ നീലകണ്ഠൻ വൈദ്യശാല. മൂപ്പർക്ക് ഒരു ലോഡ്ജ്മുണ്ട്. ആനിഹാൾ റോഡിൽ നീലഗിരി ലോഡ്ജ്. ആ ലോഡ്ജിനു മുന്നിൽ ഇങ്ങനെയൊരു ബോർഡുണ്ട്:

വൃദ്ധദമ്പതികൾക്കൊരു സുവർണാവസരം! ടെമ്പിൾ അറ്റാച്ച്ഡ് ലോഡ്ജ്!

സംഗതി മറ്റൊന്നുമല്ല, ലോഡ്ജിന്റെ തൊട്ടപ്പുറത്ത്തന്നെ ഒരു അമ്പലമുണ്ട്.

നീലഗിരി ലോഡ്ജിൽ ഒരു മുറി വൈദ്യര് എപ്പളും ഒഴിച്ചിട്ട് വെക്കും. സുരാസു, ജോൺ എബ്രഹാം തുടങ്ങിയ കോഴിക്കോട്ടെ അന്തേവാസികൾക്കായിട്ടാണ് ആ മുറി. ആ മുറിക്ക് വാടകയില്ല. ആ മുറിയിൽ താമസിക്കുന്നവർ തിന്നുന്നതിന്റെയും കുടിക്കുന്നതിന്റെയും ചെലവും വൈദ്യരുടെ കയ്യിൽ നിന്നുതന്നെ പോകും.

വൈദ്യരെപ്പോലെയുള്ള ആളുകളാണ് കോഴിക്കോടിന്റെ മുതൽക്കൂട്ട്. രസികശിരോമണി.

പറഞ്ഞു പറഞ്ഞ് നമ്മളെ വർത്തമാനം കുറച്ച് സീരിയസ്സാവുന്നുണ്ടോ എന്ന് സംശയം. എന്തെങ്കിലും പറഞ്ഞ് ചിരിപ്പിക്കുക എന്നത് നമ്മള് സിനിമയ്ല് മാത്രം എടുക്കുന്ന അഭിനയമാണ്. ജീവിതത്തില് നമ്മള് ഒരല്പം ഗൗരവക്കാരനാ. ഒരിക്കൽ ഏതോ ഒരു ചടങ്ങില് മുഖ്യാതിഥിയായി ഞാൻ പങ്കെടുത്തു. വലിയ ആൾക്കൂട്ടം. പരിപാടി തുടങ്ങി. ഞാൻ സാധാരണപോലെ കുറെ സാമൂഹ്യപ്രശ്നങ്ങൾ പ്രസംഗത്തിൽ അവതരിപ്പിച്ചു. പ്രസംഗം ശ്രോതാക്കൾക്കും സംഘാടകർക്കും രസിച്ചില്ല. സംഘാടകഭാരവാഹികൾ എന്നോട് പറഞ്ഞു:

സാറിൽനിന്ന് എല്ലാവരും ഒരു തമാശപ്രസംഗമാണ് പ്രതീക്ഷിച്ചത്. പ്രസംഗം സീരിയസ്സായിപ്പോയി!


അപ്പോ ഞാൻ പറഞ്ഞു:

ഇങ്ങനെയാണെങ്കില് നമ്മളെ ഭീമൻരഘുവിനെയോ ടി.ജി. രവിയെയോ ഒരു പരിപാടിയില് ക്ഷണിച്ചാല് നിങ്ങള് സ്റ്റേജില് വെച്ച് ബലാത്സംഗം ചെയ്ത് കാണിക്കാൻ പറയുമല്ലൊ!

അവരെ ഉത്തരം മുട്ടിപ്പോയി.

ചിലര്ടെ ഉത്തരം മുട്ടിക്കാൻ എനിക്കറിയാം. അതിന് ബുദ്ധിയും ഡിഗ്രിയൊന്നും വേണ്ട. ജീവിതം മതി. പച്ച ജീവിതം.






# കോയാ കാ ദോസ്ത്

# മഹാന്മാർ

മാമുക്കോയയുടെ ജീവിതകഥ കേൾക്കുന്നതിന്റെ അഞ്ചാം പകൽ. മാമുക്കോയ തുടർന്നു:

ജീവിതത്തെക്കുറിച്ച് എനിക്ക് തോന്നുന്നത്, ജനിച്ചതുകൊണ്ട് ജീവിക്കാൻ നിർബ്ബന്ധിതരായ കുറേ ആൾക്കാര് ഈ ഭൂമിയിലുണ്ട്. ജനനത്തിനും മരണത്തിനുമിടയിലെ ഇരുകാലിലുള്ള പാച്ചിലാണല്ലോ ജീവിതം. ഓരോ കാറ്റടിക്കുമ്പം അങ്ങോട്ടു പോകും; ഓരോ ഒഴുക്കിലും ഇങ്ങോട്ടു വരും. കാലത്തിന്റെ പോക്കനുസരിച്ച് അങ്ങനെ ഒരു പോക്ക്. ഏതോ ഒരു സ്ത്രീ ഏതോ ഒരു പുരുഷനുമായി ബന്ധപ്പെടുന്നു, കുട്ടികളുണ്ടാവുന്നു, കുടുംബമാവുന്നു. ആലോചിച്ചുപോയാൽ വലിയ പിടി കിട്ടാത്ത സംഗതിയാണ് ജീവിതം. കാറ്റ്, വെളിച്ചം, വായു, ഇവയ്ക്കെല്ലാം ഞാൻ പടച്ചോന് നൽകുന്ന നികുതിയാണ് പ്രാർത്ഥന. ബുദ്ധൻ, ക്രിസ്തു, മുഹമ്മദ് നബി, ഗാന്ധിജി ഇവരൊക്കെ മഹാന്മാരാവ്ന്നത് നമ്മളെപ്പോല്ള്ള ചെറിയ മനുഷ്യന്മാർ ജീവിച്ചിരിക്കുന്നതുകൊണ്ടാണ്. അവര് മഹാന്മാരാണ് എന്ന് തിരിച്ചറിയാനുള്ള നമ്മുടെ കഴിവിന്റെ മഹത്ത്വം കാരണമാണ് അവരൊക്കെ മഹാന്മാരായിത്തീർന്നത്. ഇതൊക്കെ നമ്മള് കുറേ കാലമായി മനസ്സിലിട്ട് കളിക്കുന്ന കാര്യമാണ്. ജീവിതം ഒരു വല്ലാത്ത സംഗതിയാണ്. മഹാന്മാർ പറഞ്ഞതിനനുസരിച്ച് ജീവിക്കാനാവൂല്ല. ജീവിക്കാനുള്ള പങ്കപ്പാടിനിടയിൽ ഇടയ്ക്കെല്ലാം ഓർക്കാൻ ഒരു ക്രിസ്തു, ഒരു ബുദ്ധൻ, ഒരു നബി, ഒരു ഗാന്ധിജി. നമ്മള് ഇടയ്ക്ക് കണ്ണാടി നോക്കാറുണ്ടല്ലോ. അതുപോലെ ഇടയ്ക്കിടെ നോക്കാൻ കുറേ ആൾക്കണ്ണാടികള്.

## പ്രേമം

ചെറുപ്പം തൊട്ടേ പ്രേമം എന്ന സംഗതിയെക്കുറിച്ച് എനിക്കൊന്നും അറിയില്ല. സ്നേഹിക്കുക, പ്രേമിക്കുക അങ്ങനെയൊരു മൂഡേ നമ്മുടെ ജീവിതത്തിലുണ്ടായിട്ടില്ല. ഒരു പെണ്ണിന് മുഹബത്തുണ്ടാകാൻ എന്തെങ്കിലുമൊരു ആകർഷത്വം നമ്മളെ മുഖത്ത് വേണ്ടേ? അതും വേണല്ലോ. പ്രണയിക്കാനുള്ള ഒരു കോപ്പും നമ്മളെ മുഖത്തില്ല. ഈ പ്രണയം എന്നൊക്കെപ്പറയ്ന്നത് വലിയ മഹത്ത്വമുള്ള സംഗതിയായിട്ടൊന്നും എനക്ക് തോന്നിയിട്ടില്ല. ജാതി, മതം, സമ്പത്ത്, ശരീരത്തിന്റെ നിറം – ഇതൊക്കെ നോക്കിയിട്ടാണ് ആളുകള് തമ്മാമ്മില് പ്രേമിക്ക്ന്നത്. സ്വാഭാവികമായിട്ട് എല്ലാ സാധാരണ മനുഷ്യരും ചെയ്യ്ന്നത്പോലെ കാലും കൈയും മറ്റവയവങ്ങളും വണ്ണം വച്ചപ്പോ ഞാനും മങ്ങലം കഴിച്ചു. അതിലപ്പുറം ഒന്നുമില്ല. എന്റെ കല്യാണത്തിന്റെ കാര്യത്തിൽ ഇപ്പളും ഞാനോർക്കുന്ന ഒരു സംഗതി, പുതിയാപ്പിളയായി പൂമാലയുമിട്ട് ഘോഷയാത്രയായി നടക്കുമ്പള് നമ്മള് ചെരിപ്പിട്ടിട്ടില്ലായിരുന്നു. എല്ലാമായി വന്നപ്പോ ചെരിപ്പ് വാങ്ങാൻ കമ്മി, അതങ്ങ് വിട്ടുകളഞ്ഞു. കല്ലായിലെ ഒരു തടിയളവുകാരന്റെ മങ്ങലത്തിൽ കവിഞ്ഞ ഒരാഘോഷവും എന്റെ മങ്ങലത്തിനുമുണ്ടായിട്ടില്ല. പക്ഷേ, എന്റെ മങ്ങലത്തിന് വന്നവര് ചെറിയ ആൾക്കാരല്ല. എസ്. കെ; ഖാദർക്ക, ബാബൂക്ക.... കല്ലായിലെ ഒരു തടിയളവ്കാരന് ഇതിൽപ്പരം മറ്റെന്തു ഭാഗ്യം വേണം?

പെണ്ണ്ങ്ങളെപ്പോലത്തെ ആണ്ങ്ങളെയാണ് പെൺകുട്ടികൾക്ക് ഇന്നത്തെ കാലത്ത് ഇഷ്ടം. പൗരുഷം എന്ന സംഗതി കുറഞ്ഞ് കുറഞ്ഞ് വര്ന്നതായിട്ടാണ് എനിക്ക് തോന്നുന്നത്.

എസ്.കെ. ആഫ്രിക്കയിലൊക്കെ പോയി വന്നാല് ആ നാട്ടില് നടക്ക്ന്ന പ്രേമത്തെക്കുറിച്ചൊക്കെ നമ്മൾക്ക് പറഞ്ഞ്തരുമായിരുന്നു. അവ്ട്ത്തെ ആണുങ്ങളും പെണ്ണുങ്ങളും തമ്മാമ്മില് നടത്തുന്ന പരിപാടികളെക്കുറിച്ചൊക്കെ പറഞ്ഞ് ചിരിക്കും. ഭയങ്കര രസമാണ് അവരുടെ പരിപാടികള്.



## മമ്മൂട്ടിയും മോഹൻലാലും

മമ്മൂട്ടിയെയും മോഹൻലാലിനെക്കുറിച്ചുമൊക്കെ എന്താണഭിപ്രായം എന്ന് പലരും ചോദിക്കാറ്ണ്ട്. മമ്മൂട്ടി നല്ലൊരു നടനും ദീനീഭക്തനുമാണ്. അമേരിക്കയില് ഒരിക്കൽ ഒരു പരിപാടിക്ക് ഞങ്ങളൊക്കെ ഒന്നിച്ചാണ് പോയത്. ഒരു ചെറിയ പെരുന്നാളിന്റെ ദിവസമാണ് ഞങ്ങളവിടെ പെട്ടത്. നമ്മളൊക്കെയാണെങ്കില് വേറൊരു നാട്ടിലെത്തിയാല്, പ്രത്യേകിച്ചും അമേരിക്കപോലെയുള്ള ഒരു നാട്ടിലെത്തിയാല് നിസ്കാരമൊക്കെ അങ്ങ് മറന്നുപോകും. പക്ഷേ, മമ്മൂട്ടി അങ്ങനെയല്ല. അമേരിക്കയിലെ വലിയൊരു ജുമാമസ്ജിദില് മമ്മൂട്ടിയോടൊപ്പം പെരുന്നാൾ നിസ്കാരത്തിന് പോയത് ഒരിക്കലും മറക്കാൻ കഴിയില്ല. കൊച്ചിൻ ഹനീഫയും കൊച്ചിൻ ഇബ്രാഹിം എന്ന ഗായകനും അന്നത്തെ ആ പെരുന്നാൾ നിസ്കാരത്തിനുണ്ടായിരുന്നു. പള്ളില് ഇരിക്കുമ്പള് നമ്മള് മമ്മൂട്ടിയെ ഒന്നു നോക്കി. പടച്ചോനുമായി ഏറ്റവും അടുപ്പമുള്ള ഒരാളെപ്പോലെ തികച്ചും ശാന്തനായി മമ്മൂട്ടി ഇരിക്കുന്നു. മമ്മൂട്ടിയെപ്പോലെയുള്ള ആളുകള് നിരീശ്വരവാദികളാവ്ന്നതിനേക്കാൾ എനിക്കിഷ്ടം അവര് വിശ്വാസികളെപ്പോലെ ജീവിക്കുന്നതാണ്. മമ്മൂട്ടിയെപ്പോലെയുള്ള ചിലര് ഈ മതത്തില് വേണം. പള്ളിയില് പോവുന്ന മമ്മൂട്ടി, നോമ്പു നോക്കുന്ന മമ്മൂട്ടി, അഭിനയിക്കുന്ന മമ്മൂട്ടി – എന്ത് നല്ല രസമുള്ള മമ്മൂട്ടി.

മമ്മൂട്ടിയെപ്പോലെ പാലൊളി മുഹമ്മദ് കുട്ടിയേയും എനിക്കിഷ്ടമാണ്. നാട്ട്കാര്ടെ മുതലിൽ കൈവെക്കാത്ത നേതാവാണ് പാലൊളി. പാലൊളി ഒരു നിരീശ്വരവാദിയാവുന്നതിനേക്കാൾ നല്ലത് വിശ്വാസിയാവുന്നതാണ്. ഒരു കൈയിൽ ചെങ്കൊടിയും മറുകയ്യിൽ ഖുർആനും പിടിച്ച് നിൽക്കുന്ന പാലൊളിയെപ്പോലെയുള്ള ആൾക്കാരും നമ്മളുടെ മതത്തില് വേണം. നിലാവൊളി പോലൊരു പാലൊളി. എന്ത് നല്ല മനുഷ്യൻ.

മോഹൻലാൽ വ്യക്തിജീവിതത്തില് വലിയ മഹത്ത്വം കല്പിക്കുന്ന ആളാണ്. എല്ലാവരോടും വളരെ ഈസിയായിട്ട് പെരുമാറും. മമ്മൂട്ടിയേക്കാള് സിനിമാക്കാർക്ക് ഇടപെടാൻ എളുപ്പം മോഹൻലാലുമായിട്ടാണ്. സെറ്റിലൊക്കെ വളരെ ഫ്രീ മൂഡില് സംസാരിക്കും.

മമ്മൂട്ടി, മോഹൻലാൽ എന്നീ നടന്മാരാണ് മലയാളസിനിമയെ ഒരു വ്യവസായമാക്കി പിടിച്ചുനിർത്തുന്നത്. ഇവര് രണ്ടു പേർക്ക് ചുറ്റുമാണ് എത്രയോ കാലമായിട്ട് മലയാള സിനിമ. നമ്മുടെ മമ്മൂട്ടിയും മോഹലൻലാലുമല്ലേ, ഈ രീതിയെപ്പറ്റി ഗുണദോഷവിചാരങ്ങള് വേണ്ട.

ബഹദൂർക്കയാണ് എനിക്ക് പ്രിയപ്പെട്ട ഹാസ്യനടൻ. ഹാസ്യനടൻ എന്ന് ബഹദൂർക്കാനെ പറയാൻ പറ്റില്ല. ഹാസ്യത്തോടൊപ്പംതന്നെ വളരെ ഗൗരവമുള്ള കഥാപാത്രങ്ങളെയും ബഹദൂർക്ക അവതരിപ്പിച്ച്ട്ട്ണ്ട്. അഭിനയംകൊണ്ടും വ്യക്തിത്വംകൊണ്ടും എനിക്കേറ്റവും ആദരവ് തോന്നിയ ആളാണ് ബഹദൂർക്ക. ഇത്രയും ആദരവ് അടൂർഭാസിയോട് എനിക്ക് തോന്നിയിട്ടില്ല. മലയാളസിനിമയിൽ വ്യക്തിത്വംകൊണ്ട് ഞാൻ ഏറ്റവും ബഹുമാനിച്ചുപോയ നടൻ ബഹദൂർക്കയാണ്. ഒരു കലാകാരൻ എന്ന നിലയിൽ ബഹദൂർക്കാന്റെ മനുഷ്യത്വം വളരെ വലുതായിരുന്നു. ഇന്ന് ജീവിച്ചിരിക്ക്ന്നവരിൽ എനിക്കേറ്റവും പ്രിയപ്പെട്ട ഹാസ്യനടൻ ജഗതി ശ്രീകുമാറാണ്.



## ശ്രീനിവാസൻ

അന്യരുടെ ഭൂമി, സുറുമയിട്ട കണ്ണുകൾ എന്നീ സിനിമകൾക്ക് ശേഷം പുതിയ അവസരങ്ങൾക്ക് വേണ്ടി ഞാൻ കാത്തുനിന്നു. കല്ലായിയിലെ പണിക്കൊക്കെ ചില ഇളക്കങ്ങൾ തട്ടിക്കൊണ്ടിരുന്നു. കല്ലായിയൊക്കെ ഏതാണ്ട് ആറിത്തുടങ്ങി. അങ്ങനെയിരിക്കേയാണ് ദൂരെ, ദൂരെ ഒരു കൂടുകൂട്ടാം എന്ന സിനിമ എട്ക്കാൻ വേണ്ടി അരോമ മണി കോഴിക്കോട്ടേക്ക് വര്ന്നത്. സിബി മലയിലാണ് സംവിധാനം. ശ്രീനിവാസനാണ് സ്ക്രിപ്റ്റ്. ഒരു സ്കൂൾ പശ്ചാത്തലത്തിലാണ് കഥ. മോഹൻലാല് വ്യാജസർട്ടിഫിക്കറ്റില് ഒരു അദ്ധ്യാപകനായി വര്ന്ന കഥയാണ്. അതിലെ സ്കൂളിലെ അറബി മുൻഷിയായിട്ട് മാമു ചെയ്താല് നന്നായിരിക്കും, എന്ന് ശ്രീനിവാസൻ പറഞ്ഞു. അശോകൻ എന്ന എന്റെ സുഹൃത്ത് വഴിയാണ് ശ്രീനി ഇക്കാര്യം അറിയിക്കുന്നത്. അശോകനും ഞാനും കോഴിക്കോട് മഹാറാണിയിൽ പോയി ശ്രീനിയെ കണ്ടു.

സിബി മലയിൽ അവിടെയുണ്ട്. ശ്രീനി സിബി മലയിലിനെ പരിചയപ്പെടുത്തി. ആദ്യം അറബി മുൻഷിക്ക് ഒന്നു രണ്ട് സീൻ മാത്രമേ സ്ക്രിപ്റ്റിലുണ്ടായ്ര്ന്നുള്ളൂ. ആദ്യത്തെ ചില സീനുകള് കണ്ടപ്പോ സിബി ശ്രീനിയോട് പറഞ്ഞു.

അറബി മുൻഷി തരക്കേടില്ല.

അങ്ങനെ പിന്നെ സീൻ കേറ്റി കേറ്റി ഞാനും അതിലെ പ്രധാനപ്പെട്ട ഒരു കഥാപാത്രമായി. നമ്മളെ സംബന്ധിച്ചിടത്തോളം അറബി മുൻഷിയായിട്ട് അഭിനയിക്കാൻ വളരെ ഈസിയാണല്ലൊ.

സിനിമയുടെ കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത ആളാണ് ശ്രീനിവാസൻ. ശ്രീനിവാസന്റെ സഹായം എനിക്ക് ഒരുപാട് കിട്ടിയിട്ടുണ്ട്. അടിത്തട്ടിൽനിന്ന് വന്നത്കൊണ്ടായിരിക്കാം ആ സ്നേഹം. ശ്രീനിയും നമ്മളെപ്പോലെ പല മനുഷ്യരുമായി ഇടപഴകിയ ആളാണ്. ശ്രീനിവാസനും സത്യൻ അന്തിക്കാടും എനിക്ക് സിനിമയില് തന്ന അവസരങ്ങള് കാരണമാണ് ഒരു ഹാസ്യതാരം എന്ന നിലയിലേക്ക് എനിക്ക് വളരാൻ കഴിഞ്ഞത്. ശ്രീനിയുടെ കുടുംബവുമായിട്ടുതന്നെ പ്രത്യേകിച്ചൊരു അടുപ്പം എനിക്കുണ്ട്.

ഇത്രയും പറഞ്ഞതിനുശേഷം കോയക്ക ഇങ്ങനെ ചോദിച്ചു:

നമ്മുക്ക് വാസുവേട്ടന്റെ കടയിലേക്ക് പോയാലോ?

ഒരു ഓട്ടോവിൽ കോഴിക്കോട് മിഠായിത്തെരുവിലെ വാസുപ്രദീപിന്റെ പ്രദീപ് ആർട്സ് എന്ന കൊച്ചുമുറിയിലേക്ക് ഞങ്ങൾ പോയി. ഇടുങ്ങിയ

# കോയാ കാ ദോസ്ത്

പഴയ എഞ്ചിനിലോടുന്ന ഒരു വണ്ടിപോലെയാണ് കോഴിക്കോട്. പലരും ഈ വണ്ടിയിലെ യാത്രക്കാരായിര്ന്നു. ഓരോരുത്തരായി ഓരോ സ്റ്റേഷനില് ഇറങ്ങിപ്പോയി.

ഏതോ സ്റ്റേഷനില് ഒരു ചുവന്ന സിഗ്നലും പിടിച്ച് പടച്ചോൻ നമ്മളെയും കാത്ത് നിൽക്കുന്നുണ്ട്. ആ സ്റ്റേഷൻ എത്ത്ന്നത് വരെ ഈ യാത്ര തുടരണം.

ചിലര് മരിക്കുമ്പള് അവര് മരിക്കരുതായിരുന്നു എന്നൊരു തോന്നലുണ്ടാവുമല്ലോ. ബാബൂക്ക മരിച്ചപ്പോ എനിക്കങ്ങനെ തോന്നി; കാദർക്ക മരിച്ചപ്പോ എനിക്കങ്ങനെ തോന്നി. അവര് എല്ലാ കാലത്തിനും വേണ്ടി ജീവിച്ചിരിക്കണമായിരുന്നു. മനുഷന്മാർക്കിടയിൽ പടച്ചോൻ നേരിട്ടയച്ച ശിപായ്മാരെപ്പോലെ ചിലർ. അവര് മരിക്കര്തായിരുന്നു.

സത്യൻ അന്തിക്കാടിന്റെ നാടോടിക്കാറ്റ് എന്ന സിനിമയില് ഗഫൂർക്ക എന്ന വേഷം നമ്മള് അവതരിപ്പിച്ചിരുന്നു. ആ സിനിമ കണ്ട ആരും അത് മറക്കാനിടയില്ല. മോഹൻലാലിനെയും ശ്രീനിവാസനെയും ദുബായിയാണെന്ന് പറഞ്ഞ് മദ്രാസ്സിലിറക്കിയ ഗഫൂർക്ക. കരകാണാ കടലല മേലേ... എന്ന പാട്ട് കേൾക്കുമ്പോ എന്റെ രൂപം ചിലപ്പോ ഓർമ്മ വന്നേക്കാം. അതില് നമ്മള് ലാലിനോടും ശ്രീനിയോടും പറയ്ന്ന്ണ്ട്. ദുബായിലെത്തി ആര് ചോദിച്ചാലും ഗഫൂർക്കാ ദോസ്ത് എന്നു പറഞ്ഞാമതി.

ഇപ്പോ ഞാനത് ഓർക്കുന്നു.

നമ്മള് ഒന്നുമല്ല. കല്ലായിലെ ഒരു തടിയളവ്കാരൻ. കാർണിവല്ലിലെ ഒരു തമാശക്കാരൻ. ഇപ്പോ സിനിമയിലെ ഒരു നടൻ.

അസാധാരണക്കാരായ കുറേ മനുഷ്യരോടൊപ്പം ജീവിക്കാൻ ഭാഗ്യം കിട്ടിയ ഒരു സാധാരണ മനുഷ്യൻ. മാമു. മാമുക്കോയ.

മുമ്പൊരിക്കല് വലിയ കഷ്ടപ്പാടും ദുരിതവർത്തമാനങ്ങളുമായി ഒരു ചെറുപ്പക്കാരൻ സെറ്റിൽ വന്ന് പരിചയപ്പെട്ടു. എപ്പോഴോ അയാള് കരഞ്ഞു. അപ്പോള് ഞാൻ ചോദിച്ചു:

എന്തിനാണ് കരയുന്നത്? ചിരിക്കാൻ എന്തെങ്കിലുമുണ്ടാവും ജീവിതത്തില്.. ആലോചിച്ചുനോക്ക്. കരച്ചില് മാത്രമല്ലല്ലോ ജീവിതം. ദുഃഖങ്ങൾക്കിടയിൽ ചിരിക്കുന്നത് ആരോഗ്യത്തിന് നല്ലതാ.

അയാൾ എന്റെ കൈ പിടിച്ചു. എന്നിട്ട് പറഞ്ഞു:

ഇനി നമ്മള് പറയും, കോയാ കാ ദോസ്ത്!

അപ്പോൾ ഞാൻ നാടോടിക്കാറ്റ് എന്ന സിനിമയിലെ കഥാപാത്രത്തെ ഓർത്തുപോയി. കര കാണാ കടലല മേലേ. ...... എന്ന പാട്ട് അറിയാണ്ട് മൂളിപ്പോയി.



അനുബന്ധം : 1

## മാമുക്കോയ അഭിനയിച്ച പ്രധാന സിനിമകൾ

1. ദൂരെ ദൂരെ ഒരു കൂടുകൂട്ടാം
2. ഗാന്ധിനഗർ IInd സ്ട്രീറ്റ്
3. സന്മനസ്സുള്ളവർക്ക് സമാധാനം
4. നാടോടിക്കാറ്റ്
5. ഹിസ്ഹൈനസ് അബ്ദുള്ള
6. മഴവിൽക്കാവടി
7. പൊൻമുട്ടയിടുന്ന താറാവ്
8. സന്ദേശം
9. സമൂഹം
10. സ്വാഗതം
11. സസ്നേഹം
12. പെരുവണ്ണാപുരത്തെ വിശേഷങ്ങൾ
13. തൂവൽസ്പർശം
14. പട്ടണപ്രവേശം
15. നഗരങ്ങളിൽ ചെന്ന് രാപാർക്കാം
16. കിരീടം
17. ചെങ്കോൽ
18. കമലദളം
19. ദുബായ്
20. ഇരുപതാം നൂറ്റാണ്ട്
21. ആഗസ്ത് ഒന്ന്
22. രണ്ടാംവരവ്
23. അപൂർവ്വം ചിലർ
24. വിദ്യാരംഭം
25. ആകാശക്കോട്ടയിലെ സുൽത്താൻ
26. സോപാനം
27. തിളക്കം
28. പാഠം ഒന്ന് ഒരു വിലാപം
29. കളിപ്പാട്ടം
30. നാൽക്കവല
31. ശ്രീധരന്റെ ഒന്നാം തിരുമുറിവ്
32. അടിമകൾ ഉടമകൾ

33. വടക്കുനോക്കിയന്ത്രം
34. ചിന്താവിഷ്ടയായ ശ്യാമള
35. രാരീരം
36. വരവേല്പ്
37. ആധാരം
38. സവിധം
39. സാന്ത്വനം
40. പാരലൽ കോളേജ്
41. വർണ്ണം
42. കർമ്മ
43. ഒരുക്കം
44. ഗജകേസരിയോഗം
45. പുന്നാരം
46. ശുഭയാത്ര
47. ഗർഷോം
48. ഡോക്ടർ പശുപതി
49. ആലഞ്ചേരിതമ്പ്രാക്കൾ
50. അമൃതം
51. പച്ചക്കുതിര
52. കല്യാൺജി ആനന്ദ്ജി
53. മംഗലംവീട്ടിൽ മാനസേശ്വരി ഗുപ്ത
54. മംഗളം നേരുന്നു
55. പൂരം
56. ബോയ്ഫ്രണ്ട്
57. റാംജിറാവ് സ്പീക്കിങ്
58. മക്കൾ മാഹാത്മ്യം
59. അനുഭൂതി
60. ഇന്നത്തെ പ്രോഗ്രാം
61. കല്ലുകൊണ്ടൊരു പെണ്ണ്
62. ആമിനാടൈലേഴ്സ്
63. നായർസാബ്
64. കാലം മാറി കഥ മാറി
65. പക്ഷെ
66. മേഘം
67. ചന്ദ്രലേഖ
68. രസതന്ത്രം
69. അസുരവംശം
70. കൗതുകവാർത്തകൾ
71. വളയം
72. നരൻ



73. തൂവൽകൊട്ടാരം
74. വീണ്ടും ചില വീട്ടുകാര്യങ്ങൾ
75. വെട്ടം
76. മന്ത്രമോതിരം
77. കള്ളനും പോലീസും
78. അഗ്നിമുഹൂർത്തം
79. എല്ലാരും ചൊല്ലണ്
80. ഒന്നാം മുഹൂർത്തം
81. പഞ്ചപാണ്ഡവർ
82. പൂച്ചയ്ക്കാരു മണികെട്ടും
83. ധ്വനി
84. മനസ്സിനക്കരെ
85. ഫോട്ടോഗ്രാഫർ
86. കളിക്കളം
87. ചെറിയ ലോകവും വലിയ മനുഷ്യരും
88. പ്രാദേശികവാർത്തകൾ
89. കാണാക്കിനാവ്
90. പെരുമഴക്കാലം
91. ആഗ്നേയം
92. ആയുഷ്ക്കാലം
93. കോരപ്പൻ ദി ഗ്രേറ്റ്
94. ഒരുതരം രണ്ടു തരം മൂന്ന് തരം
95. കാക്കത്തൊള്ളായിരം
96. ദീപസ്തംഭം മഹാശ്ചര്യം
97. ഭീഷ്മാചാര്യ
98. ദാദ
99. ഗുരുശിഷ്യൻ
100. കളരി
101. അഖില
102. ഒരാൾമാത്രം
103. എന്നും നന്മകൾ
104. മുദ്ര
105. പ്രായിക്കര പാപ്പാൻ
106. സല്ലാപം
107. സമ്മാനം
108. സാഫല്യം
109. കുറുപ്പിന്റെ കണക്ക്പുസ്തകം
110. ഞങ്ങളുടെ കൊച്ചുഡോക്ടർ
111. ഒരു കൊച്ചുഭൂമികുലുക്കം
112. ജനം

113. അമ്മക്കിളിക്കൂട്
114. സുദിനം
115. വാരഫലം
116. പ്രവാചകൻ
117. സ്നേഹമുള്ള സിംഹം
118. വചനം
119. മെയ്ദിനം
120. കൺകെട്ട്
121. പൊന്നുരുക്കും പക്ഷി
122. എന്റെ പൊന്നുതമ്പുരാൻ
123. ഉത്സവമേളം
124. കണ്ണാടിക്കടവത്ത്
125. ലേഡി ഡോക്ടർ
126. ജീവിതം ഒരു രാഗം
127. ജോക്കർ
128. ഭീഷ്മാചാര്യ
129. കയ്യൊപ്പ്
130. മായാവി



അനുബന്ധം : 2

## മാമുക്കോയയുടെ വീട്ടിലൂടെ കൗസല്യ വഴിനടന്നിരുന്നു

പത്തുപതിനഞ്ചു വർഷങ്ങൾക്കു മുൻപ് ഞാൻ ബേപ്പൂർ റോഡിലുള്ള മാമുക്കോയയുടെ വീട്ടിൽ പോയി. സിനിമയിൽവെച്ച് പരിചയമുണ്ടെങ്കിലും ആദ്യമായിട്ടാണ് വീട്ടിൽ പോകുന്നത്. കൂടെ എന്റെയും മാമുക്കോയയുടെയും സ്നേഹിതനായ വടക്കേക്കാട്ടുകാരൻ ബക്കറുമുണ്ട്. റോഡിനു കിഴക്കുവശത്തുള്ള ഒരിടത്തരം വീടായിരുന്നു അത്. വലിയ മതിലോ ഗേറ്റോ ഇല്ല. ആൾത്തിരക്കും തെരുക്കച്ചവടക്കാരുമുണ്ടായിരുന്നു വീടിന്റെ മുൻപിൽ. ആൾക്കൂട്ടത്തിൽനിന്ന് മാമുക്കാ വന്ന് എന്റെ കയ്യിൽ പിടിച്ചതറിഞ്ഞില്ല. ബരിം രണ്ടാളും. ഊഷ്മളമായ വരവേല്പ് എന്നൊക്കെ പറഞ്ഞു കേട്ടിട്ടുള്ളത് അനുഭവിക്കുകയായിരുന്നു ഞാൻ.

പരവതാനികളോ സിംഹാസനതുല്യമായ ഫർണിച്ചറോ ഇല്ലാത്ത നടുത്തളത്തിലൂടെ ഒരു ചെറിയ മുറിയിലേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. അവിടെയുള്ള കട്ടിലിൽ ഇരുത്തിയിട്ട് കട്ടിലിനടിയിൽനിന്ന് ഒരു വലിയ പെട്ടി വലിച്ചെടുത്ത് കട്ടിലിൽ വെച്ചു. അത് തുറക്കുന്നതിനിടയിൽ പറഞ്ഞു: ഞാൻ ഇന്നലെയാ കുവൈറ്റീന്നു വന്നത്. അവിടെ നമ്മക്ക് അറബികളായ ബന്ധുക്കളുള്ള കാര്യം അറ്യാലോ? ഈ പെട്ടീന്ന് എന്താ വേണ്ടത്ന്ന് വെച്ചാ എടുത്തോളീ. തുറന്ന പെട്ടി ഞങ്ങളുടെ മുന്നിൽവെച്ച് പുറത്തേക്കു പോകുമ്പോൾ തിരിഞ്ഞുനിന്ന് പറഞ്ഞു: അടുക്കളേല് എന്തെങ്കിലും തിന്നാൻള്ളത് ണ്ടോന്ന് നോക്കട്ടെ.

സോപ്പ്, ചീപ്പ്, കണ്ണാടി, തുണിത്തരങ്ങൾ, ബ്ലേഡ്, സുഗന്ധതൈലങ്ങൾ എല്ലാമുണ്ടായിരുന്നു പെട്ടിയിൽ. എന്താണ് ചെയ്യേണ്ടതെന്നറിയാതെ പെട്ടിയിൽനിന്നു പൊന്തിയ സുഗന്ധം തലയ്ക്കുപിടിച്ച് ഞങ്ങളിരുന്നപ്പോൾ നടുത്തളത്തിൽ അറുപതു വയസ്സോളം പ്രായം വരുന്ന മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു സ്ത്രീ പ്രത്യക്ഷപ്പെട്ടു. കൂടെ ഒരു ആടുമുണ്ട്. ഒരു കയ്യിൽ ആടിനെ കെട്ടിയ കയറ്, മറ്റേ കയ്യിൽ ഒരു കെട്ടി പ്ലാവില. വീടിന്റെ അകത്ത് ഇങ്ങനെയൊരു രംഗം തീരെ പ്രതീക്ഷിച്ചിരുന്നില്ല ഞങ്ങൾ. നമ്മളെ സൽക്കരിക്കാനായി ബിരിയാണി വെക്കാൻ ആടിനെ കൊണ്ടന്നതാകുമോ? കോഴിക്കോട്ടുകാർ അതിഥിസൽക്കാരപ്രിയരാണെന്നു കേട്ടിട്ടുണ്ട്. ഞാൻ ബക്കറിനോടു ചോദിച്ചുതീരുമ്പോഴേക്കും രണ്ടു ഗ്ലാസുകളിൽ സുലൈമാനിയുമായി മാമുക്കാ കടന്നുവന്നു. ആടിന്റെ കയറും പിടിച്ച് ഞങ്ങളെ നോക്കിനിൽക്കുന്ന സ്ത്രീയെ ചൂണ്ടി ഞാൻ മാമുക്കായോടു ചോദിച്ചു:

എന്താ, അവരിങ്ങനെ ആടിനെയും പിടിച്ച് അകത്തുനിൽക്കണത്?

അതോ, അത് കൗസല്യേടത്ത്യല്ലേ. ആടിന് എലേം വാങ്ങി പൊരേല്ക്ക് പോണ വയിക്ക് ഇങ്ങളെ കണ്ടപ്പോ നിന്നതാ.

ആടിന് ഇല വാങ്ങി ഇതിലെ അകത്തുകൂടെയാണോ പോണത്? ഞാൻ ചോദിച്ചു.

ആ, ഞമ്മടെ അവുത്തുകൂട്യാ ഓരെ പൊരേല്ക്കുള്ള വഴി. അല്ലാണ്ടും വഴീണ്ട്. ഇമ്മിണി ചിറ്റണം. ഏതോ സിൽമാനടൻ വന്നട്ക്കണൂന്ന് കുട്ട്യോള് പറഞ്ഞപ്പോ കാണാൻ നിക്വാ. പിന്നെ അവരോടായി പറഞ്ഞു.

ഇങ്ങള് പൊയ്ക്കോളീ കൗസല്യേടത്ത്യേ, ഇത് അമ്മാതിരിള്ള സിൽമാനടന്മാരൊന്ന്വല്ല. അതു കേട്ട് അവർ ആടിനെയും പിടിച്ച് അടുക്കളഭാഗത്തേക്കു നടന്നു.

കഴിഞ്ഞവർഷം ഒരു പരസ്യചിത്രത്തിന്റെ ഷൂട്ടിങ്ങിനായി ഞാൻ വീണ്ടും മാമുക്കായുടെ വീട്ടിൽ പോയി. ഇപ്പോൾ റോഡിന്റെ പടിഞ്ഞാറുവശത്താണ് വീട്. അടഞ്ഞ കൂറ്റൻ ഗേറ്റിനുമുന്നിൽ വണ്ടി നിന്നു. ആരോ വന്ന് ഗേറ്റ് തുറന്നു. ഞങ്ങൾ അകത്തു കടന്നു. വീണ്ടും ഗേറ്റടഞ്ഞു. മാമുക്കാ വന്ന് അകത്തേക്കു ക്ഷണിച്ചു. അകത്തുകടന്നപ്പോൾ എനിക്ക് സമാധാനമായി. പണ്ട് മാമുക്കായുടെ വീട്ടിൽ ഇല്ലാതിരുന്ന എല്ലാം ഇപ്പോൾ അവിടെ ഉണ്ട്. എങ്കിലും ഞാൻ പ്രതീക്ഷ കൈവിടാതെ ചുറ്റും നോക്കുന്നതു കണ്ട് മാമുക്കാ ചോദിച്ചു.

ഇങ്ങളെന്താന്നു തെരഞ്ഞുനോക്കണ്?

ആടിനേം പിടിച്ച് കൗസല്യേടത്തി ഗേറ്റുകടന്നു വരുമോന്നുനോക്കിയതാ. ഇല്ല. ഇതിലേ അവരുടെ വീട്ടിലേക്ക് വഴിയില്ലല്ലോ? ഞാൻ ആത്മഗതമെന്നോണം പറഞ്ഞു.

**വി.കെ. ശ്രീരാമൻ**



പഠനം

## ഓർമ്മകളുടെ കോഴിക്കോടൻ ആൽബം

എന്തുകൊണ്ടാണ് കോഴിക്കോടൻ തെരുവിന് മിഠായിമധുരം കിട്ടിയത്? കോഴിക്കോടൻ ഹലുവയ്ക്ക് ദേശമുദ്ര കിട്ടിയത്? കോഴിക്കോടൻ കൂട്ടായ്മയ്ക്ക് ഇത്രയേറെ ഗരിമ കിട്ടിയത്.

പണ്ടുപണ്ട് ഒരു മറുനാടൻ വ്യാപാരി കോഴിക്കോട് തുറമുഖത്തു വന്നു. രാജാവിനെ മുഖം കാണിച്ചു വ്യാപാരി താൻ തിരിച്ചുവരുന്നതുവരെ സൂക്ഷിക്കാൻ കുറച്ച് അച്ചാർ ഭരണികൾ രാജാവിനെ ഏല്പിച്ചു. ഒരു വർഷം കഴിഞ്ഞ് വ്യാപാരിയുടെ മകൻ അച്ഛനേൽപ്പിച്ച ഭരണികൾ തിരിച്ചുവാങ്ങാൻ ചെന്നു. ഭരണികളിൽ പൂഴ്ത്തിവെച്ചിരിക്കുന്നത് പൊന്നാണെന്നറിഞ്ഞുകൊണ്ടുതന്നെ രാജാവ് ഭദ്രമായി അവ തിരിച്ചേല്പിച്ചു. വ്യാപാരി പറഞ്ഞു. ഇതാണ് സത്യത്തിന്റെ തുറമുഖം.

17-ാം നൂറ്റാണ്ടിലെ യൂറോപ്യൻ സഞ്ചാരി പൈറാർഡ് ഡി ലാവൽ ചരിത്രരേഖയിൽ ഇങ്ങനെ കുറിച്ചു:

കോഴിക്കോടെന്നപോലെ സാർവ്വത്രികമായി സമാധാനം കളിയാടുന്ന ഒരു പ്രദേശവും ഇന്ത്യയിലില്ല. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് കോഴിക്കോട് പിറക്കുന്നത്. പാളയം മുതൽ മാനാഞ്ചിറ വരെ പരന്നുകിടന്ന കോയിൽ (കോവിൽ = കൊട്ടാരം) കോട്ടയാകാം കോഴിക്കോടായി ലോപിച്ചത്. അല്ലെങ്കിൽ തളിക്ഷേത്രത്തിൽ നിന്നും കോഴികൂവിയാൽ കേൾക്കുന്ന ഒരിടം എന്നർത്ഥത്തിലാകാം. കോഴിക്കോടൻ മനസ്സിന് കർണ്ണാടകസംഗീതത്തിന്റെയും ഹിന്ദുസ്ഥാനിസംഗീതത്തിന്റെയും നാടകത്തിന്റെയും ഫുട്ബോളിന്റെയും സംലയനപാരമ്പര്യമുണ്ട്. പീടികമുറികളുടെയോ പാണ്ടികശാലകളുടെയോ മുകളിൽ ഖയാലും ധ്രുപദ്യും ഗസലും മാൽകോൺസും ടപ്പയും കെസ്സുകളും നിറഞ്ഞ രാത്രികൾ പിൻതലമുറകളുടെ സ്മരണകളാണ്. മരക്കച്ചവടക്കാരും അരിക്കച്ചവടക്കാരും സ്വർണ്ണക്കച്ചവടക്കാരും ഒരുപോലെ ഈ മാളികപ്പുറസംസ്കാരങ്ങളിലലിഞ്ഞു. സ്വർണ്ണക്കച്ചവടക്കാരായ ഗുജറാത്തികളും വെള്ളിപ്പണിക്കാരായ മറാഠികളും ഇവിടത്തെ കോയമാരും കോഴിക്കോടിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളായ കുറ്റിച്ചിറയിലും വലിയങ്ങാടിയിലും പാടിയിലും തിങ്ങിപ്പാർത്തിരുന്നു. നാല്പതുകളിൽ എങ്ങുനിന്നൊക്കെയോ (ചിലപ്പോൾ ബംഗാളിൽനിന്നാകാം, മംഗലാപുരത്തുനിന്നാകാം) ഹിന്ദുസ്ഥാനി സംഗീതജ്ഞർ ഇവിടേക്ക് വന്നു. അവർക്ക് ഗുരുദക്ഷിണയില്ല. പാടിയും ഭക്ഷിച്ചും അവർ കുറച്ചുകാലം തങ്ങും. അവരാണ് മെഹ്ഫിൽ സംസ്കാരം ഇവിടെ വളർത്തിയത്. ചിലർ ഇവിടെ സ്ഥിരതാമസമാക്കി. ബംഗാളിൽനിന്നെത്തിയ ജാൻമുഹമ്മദ് അവരിലൊരാളാണ്. ബാബുരാജിന്റെ പിതാവ്. ഹാർമോണിയവും തബലയും ബുൾബുളുമെല്ലാം മാളികപ്പുറത്ത് രാഗതാളങ്ങൾ നിറച്ചു. മലബാർ കേന്ദ്രകലാസമിതിയുടെ നാടകോത്സവങ്ങളാണ് കോഴിക്കോടൻ കലാപാരമ്പര്യത്തിന്റെ പെരുമയുള്ള ഓർമ്മകൾ. മുല്ലവീട്ടിൽ അബ്ദുറഹിമാനും വി.

അബ്ദുള്ളയും തെരുവത്ത് രാമനും എം. അബ്ദുറഹിമാനും മുല്ലശ്ശേരി രാജുവും കെ.പി. രാമൻനായരും നീനാബാലനുമൊക്കെയായിരുന്നു സംഘാടകർ. 54-ൽ തിക്കോടിയന്റെ കന്യാദാനം കലാസമിതി അവതരിപ്പിച്ചപ്പോൾ പ്രധാന കഥാപാത്രങ്ങളായി വന്നത് നടൻ സത്യനും മിസ് കുമാരിയുമാണ്. ആയിടെ റിലീസായ നീലക്കുയിൽ അവരെ അത്രയ്ക്ക് പ്രശസ്തരാക്കിയിരുന്നു. ഇപ്പോഴത്തെ ഇൻകം ടാക്സ് കെട്ടിടമുള്ള സ്ഥലത്ത് നെടുമ്പുര കെട്ടിയാണ് അന്ന് നാടകം കളിച്ചത്. കുട്ടികൃഷ്ണമാരാരുടെ ഷഷ്ടിപൂർത്തി രണ്ടാമത്തെ നാടകോത്സവകാലത്താണ് നടന്നത്. അതൊരു വലിയ അനുഭവമായിരുന്നെന്ന് യു.എ. ഖാദർ ഓർക്കുന്നു. മുണ്ടശ്ശേരിയും ശങ്കരക്കുറുപ്പും എൻ.വി.യും ഒളപ്പമണ്ണയുമെല്ലാം ടൗൺഹാളിൽ വന്നു പ്രസംഗിച്ചു. മൂന്നാമത്തെ നാടകോത്സവത്തിനാണ് ബഷീർ കോഴിക്കോട്ടെത്തുന്നത്. ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു തിക്കോടിയൻ നാടകമാക്കി. ആകാശവാണിയുടെ ക്ഷണിക്കപ്പെട്ട സദസ്സിനു മുന്നിൽ തിക്കോടിയന്റെ 'പുതിയ തെറ്റ്' അവതരിപ്പിക്കുമ്പോൾ അത് ഒരേ സമയം ലൈവ് ആയി വായുവിൽ പോയി.

എഴുപതുകളുടെ അവസാനമാണ് ഞാൻ കോഴിക്കോടൻ മനസ്സ് അറിഞ്ഞു തുടങ്ങുന്നത്. നാലു വയസ്സിൽ മാനാഞ്ചിറയിൽനിന്നും ഒരു സർക്കസ്സ് കണ്ട ഓർമ്മയുണ്ട്. സർക്കസ് കഴിഞ്ഞ് അന്നൊരു കുടുംബഫോട്ടോ എടുത്തിരുന്നു. ആ ഫോട്ടോ ഇപ്പോഴുമുണ്ട്. സ്റ്റുഡിയോ ഇല്ല. മിഠായി തെരുവിലെ ഗോഡ്സൺ സ്റ്റുഡിയോ. കോഴിക്കോട് അന്ന് മൂന്ന് തിയേറ്ററേ ഉള്ളൂ— ക്രൗണും രാധയും കോറണേഷനും. കോറണേഷനിൽനിന്ന് ജയിൽ എന്ന സിനിമ അന്ന് കണ്ടിരുന്നു. എഴുപതുകളുടെ അവസാനം കോട്ടയത്തുകാരിയായ എന്റെ ഒരു പ്രണയിനിയെ യാത്രയയയ്ക്കാൻ വടകരയിൽനിന്ന് ഞാൻ കോഴിക്കോട്ട് വന്നപ്പോൾ ടൗൺഹാളിനു മുന്നിൽ വലിയ ജനാവലി. ഉറൂബിന്റെ മൃതദേഹം പൊതുദർശനത്തിനു വെച്ചിരിക്കുന്നു. അന്നാണ് ഉറൂബിനെ നേരിൽ കാണുന്നത്. അന്നത്തെ എന്റെ താരുണ്യത്തെ മഥിച്ച സിനിമയായിരുന്നു, 'അവളുടെ രാവുകൾ'. അത് എല്ലാ അർത്ഥത്തിലും ഒരു കോഴിക്കോടൻ സിനിമയായിരുന്നു. അന്ന് ആ സിനിമയും പഞ്ചവടിബാറും സീമയും എ.ടി.ഉമ്മറിന്റെ പാട്ടുകളും പട്ടത്തുവിളയുടെ കഥകളും ചില അധോലോകപത്രബന്ധങ്ങളുമെല്ലാം കോഴിക്കോടൻ സ്വപ്നങ്ങൾക്ക് മായികലഹരിയായിരുന്നു.

പണ്ഡിതനോ എഴുത്തുകാരനോ വലിയ വായനക്കാരനോ അല്ലാത്ത മാമുക്കോയയുടെ ഓർമ്മകളിൽ തെളിയുന്ന അസാധാരണമായ ചില സാധാരണതകളും നിരീക്ഷണങ്ങളിലെ ഗ്രാമ്യവെളിച്ചങ്ങളും നിലപാടുകളിലെ ദാർഢ്യവും ഈ കോഴിക്കോടൻ ആൽബത്തെ ഹൃദ്യമാക്കുന്നു. അന്യരുടെ ഭൂമിയിൽനിന്നു മുന്നോട്ടു നടന്ന് മാമുക്കോയ മുന്നേറുന്നത് സത്യൻ അന്തിക്കാടിന്റെ സിനിമകളിലൂടെയാണ്. നാടോടിക്കാറ്റിലെ ഗഫൂർ മുതിർന്നവരുടെയും കുഞ്ഞുങ്ങളുടെയും പ്രിയപ്പെട്ട തമാശ കഥാപാത്രമായി. അത് ബ്രേക്കുമായി. പിന്നീട് തിരിഞ്ഞുനോക്കിയിട്ടില്ല. പെരുമഴക്കാലത്തിലെ നിർവ്വഹണത്തിന് അദ്ദേഹത്തിന് വലിയ അംഗീകാരങ്ങൾ ലഭിക്കേണ്ടതായിരുന്നു. വലിയ മനുഷ്യരുടെ കൂടെ ഇടപഴകാൻ കഴിഞ്ഞ ഭാഗ്യം നമ്മളുമായി പങ്കുവയ്ക്കുന്ന മാമുക്കോയ പറയുന്നുണ്ട്:

ചില ജാതി മരങ്ങളുണ്ട്. ആ മരങ്ങളില് വലിയ ഉരുപ്പടികളോ കൊത്ത്പണികളോ തീർക്കാൻ കഴിയില്ല. അതുപോലൊരു ജാതി മരമാണ് ഞാൻ. കല്ലായിലെ ഒരു ആൾമരം.



അജ്ഞാതമായ ജീവിതങ്ങളും അപരിചിതമായ അനുഭവങ്ങളും കേരളീയ സമൂഹത്തിന് പരിചയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് താഹ മാടായി. ഒരു കലാകാരന്റെ ജീവിതം നഗരത്തിന്റെ സംസ്കാരകഥകൂടിയായി മാറുന്നത് മാമുക്കോയയിലൂടെ താഹ കാണിച്ചുതരുന്നു. ജീവിതത്തിന്റെ ഉള്ളടക്കങ്ങൾ ഇന്നത്തെ രചനകളിൽനിന്ന് ഇല്ലാതെയാകുന്ന അവസ്ഥയിൽ താഹയുടെ ഇത്തരം ശ്രമങ്ങൾ ശ്രദ്ധേയം തന്നെ.

മാമുക്കോയ തെളിഞ്ഞ് ചലച്ചിത്രലോകത്തേക്ക് കടന്നതിനുശേഷം കോഴിക്കോടൻ മനസ്സ് അനുഭവിച്ചവനാണ് ഞാൻ. വടേരി ഹസ്സന്റെ സൗഹൃദസംഘത്തിലാണ് മാമുക്കോയയെ ആദ്യമായി കാണുന്നത്. ഏതു വിഷയവും മാമുക്കോയ സംസാരിക്കും. ഏതു സംസ്കാരത്തിലും ഒരു മിന്നൽവെട്ടം കാണും. അഭിനയത്തിലേ തമാശയുള്ളൂ. മാമുക്കോയയുടെ മകളുടെ മകളും എന്റെ മകളും ഒരേ ക്ലാസ്സിലാണ്. എന്റെ ഓർമ്മകളുടെ കോഴിക്കോടൻ ആൽബം മാമുക്കോയയുടെ വലിയ ഓർമ്മചിത്രങ്ങളുടെ ഒരനുബന്ധം മാത്രമാണ്. മാമുക്കോയയുടെ മുതിർന്ന മുൻഗാമിയായ കുഞ്ഞാണ്ടിയേട്ടന്റെ മുഖം ഇപ്പോൾ മനസ്സിലെത്തുന്നു.

ഒരിക്കൽ കൊയിലാണ്ടിയിൽ ഒരു ചലച്ചിത്രമേളയിൽ പങ്കെടുത്ത് തിരിച്ചുമടങ്ങിയത് കുഞ്ഞാണ്ടിയേട്ടനോടൊപ്പമാണ്. ഉച്ചയ്ക്ക് കോഴിക്കോട്ടെത്തിയപ്പോൾ ഞാൻ പറഞ്ഞു, അളകാപുരിയിൽ പോയി കുറച്ചു മദ്യപിച്ച് ഭക്ഷണം കഴിക്കാമെന്ന്. അതിനുമുമ്പ് വലിയ പരിചയമൊന്നുമില്ലെങ്കിലും അല്പം സങ്കോചത്തോടുകൂടിയാണ് ഞാൻ കാര്യം പറഞ്ഞത്. കുഞ്ഞാണ്ടിയേട്ടൻ സന്തോഷത്തോടുകൂടി സമ്മതിച്ചു. അളകാപുരിയിലെ പതിനേഴാം നമ്പർ മുറിയിൽ അരക്കുപ്പി ബ്രാണ്ടിയുമായി ഞാൻ കുഞ്ഞാണ്ടിയേട്ടന്റെ ഓർമ്മകൾക്കൊപ്പം സഞ്ചരിച്ചു. കേവലം പതിനഞ്ചു പേജിൽ ഒതുങ്ങാവുന്ന ഒരു ജീവിതകഥയാണ് എന്റേത് എന്ന് കുഞ്ഞാണ്ടിയേട്ടൻ വിനീതനായി പറഞ്ഞെങ്കിലും വൈകുന്നേരംവരെ നീണ്ട ഞങ്ങളുടെ അഭിമുഖീകരണത്തിൽ കുഞ്ഞാണ്ടിയേട്ടൻ ഒരായുസ്സിന്റെ പുസ്തകംതന്നെ പറഞ്ഞുതീർത്തു. ഇടയ്ക്ക് എം.ടി. സംസാരവിഷയമായപ്പോൾ ഞാൻ നിർമ്മാല്യത്തിലെ മയ്മുണ്ണിയെ ഓർത്തു. സന്ധ്യയ്ക്ക് വെളിച്ചപ്പാട് വീട്ടിലെത്തി അടഞ്ഞുകിടക്കുന്ന മുൻവാതിലിൽ മുട്ടിവിളിച്ചപ്പോൾ പുറത്തേക്ക് കടന്നത് മയ്മുണ്ണി. വെളിച്ചപ്പാടിന്റെ ഭാര്യ നാരായണിയെ വ്യഭിചരിച്ച് കാശുകൊടുത്തു പുറത്തേക്ക് കടന്ന ആ കഥാപാത്രത്തെ അവതരിപ്പിക്കുമ്പോൾ എം.ടി. എന്താണ് പറഞ്ഞത് എന്ന് ഞാൻ കുഞ്ഞാണ്ടിയേട്ടനോട് ചോദിച്ചു. എം.ടി.യുടെ അന്നത്തെ സംവിധാനരീതി അറിയാനുള്ള താത്പര്യമായിരുന്നു. കുഞ്ഞാണ്ടിയേട്ടൻ പറഞ്ഞു: അങ്ങനെ അധികം സംസാരിക്കുന്ന പ്രകൃതമായിരുന്നില്ല അന്ന് വാസുന്. എന്നോട് പറഞ്ഞത് ഇത്രമാത്രം. മാളത്തിൽനിന്നും ഒരു പാമ്പ് ഇഴഞ്ഞിഴഞ്ഞ് ഇരുവശത്തേക്കും നോക്കാതെ പുറത്തേക്ക് പോകുന്നു. കുഞ്ഞാണ്ടി ചെയ്യേണ്ടത് അതാണ്. ആ പറച്ചിൽ എന്നെ വിസ്മയിപ്പിച്ചു. ഇന്നത്തെ ചില നടന്മാരോട് ഒരു സംവിധായകൻ അങ്ങനെ പറഞ്ഞാൽ അവരെന്താണ് ചെയ്യുക എന്നോർത്ത് ചിരിയും വന്നു. എം.ടി. മരണത്തെ മുഖാമുഖം കണ്ട് കിടന്ന കാലത്ത് പരിചരിക്കാൻ മുന്നിലുണ്ടായിരുന്നത് കുഞ്ഞാണ്ടിയേട്ടനായിരുന്നു. ഉള്ളിലൊരു കന്മഷവുമില്ലാത്ത നാട്ടിൻപുറത്തുകാരനെപ്പോലെയായിരുന്നു കുഞ്ഞാണ്ടിയേട്ടൻ. ഒരു ദിവസം മാത്രം ഓടിയ ഒരു സിനിമയിൽ ആദ്യകാലത്ത് അദ്ദേഹം നായകനായിരുന്നു. നല്ലളംവരെ നടന്നുപോയി ആ സിനിമ കണ്ട റീലുകൾ പരസ്പരം മാറി ഒന്നും മനസ്സിലാകാതെ

കുന്തംമറിഞ്ഞ് ആളുകൾ കൂവി വിളിച്ച് അപമാനിതനായി തിരിച്ചുവന്ന കഥ കുഞ്ഞാ
ണ്ടിയേട്ടൻ പറഞ്ഞതും നിർമ്മമനായിട്ടായിരുന്നു.

ചലച്ചിത്രലോകത്തെ പഴയ ഏക ബുദ്ധിജീവി നടൻ കെ.പി. ഉമ്മറായിരുന്നു.
ഫുട്ബോൾ കളിക്കാരനും നാടകകൃത്തും നല്ല വായനക്കാരനും സുന്ദരനുമായ ഉമ്മർ.
ബാബുരാജിനെയും കെ.ടി. മുഹമ്മദിനെയും കോഴിക്കോട് അബ്ദുൾ ഖാദറിനെയും
എന്നപോലെ കെ.പി. ഉമ്മറിനെയും വളർത്തിയെടുത്തത് പോലീസ് കോൺസ്റ്റബിൾ
കുഞ്ഞിമുഹമ്മദ്ക്കയാണ്. 1956 മുതൽ മാനാഞ്ചിറയിൽ നടന്ന മുഹമ്മദ് അബ്ദു
റഹിമാൻ സ്മാരക ഫുട്ബോൾ ടൂർണ്ണമെന്റിൽ കളിക്കാരായിരുന്നു ഒളിമ്പ്യൻ അബ്ദു
റഹിമാനും കെ.പി. ഉമ്മറുമൊക്കെ. യംങ് ചാലഞ്ചേഴ്സ് ക്ലബ്ബിൽ കളിച്ച അബ്ദുറ
ഹിമാനെ പിന്നീട് ഈസ്റ്റ് ബംഗാൾ കൊണ്ടുപോയി. ഒളിമ്പിക്സിൽ കളിച്ച് കീർത്തി
നേടിയ അബ്ദുറഹിമാനെ കോഴിക്കോട് നഗരം വേണ്ടത്ര ആദരിച്ചോ എന്നു സംശ
യമുണ്ട്.

എഴുപത്തിയേഴിൽ കോട്ടൂളിയടുത്ത് ഒരു കല്യാണവീട്ടിലേക്കു പോകുമ്പോൾ
ആരോ എനിക്ക് നെല്ലിക്കോട് ഭാസ്കരന്റെ വീട് കാണിച്ചുതന്നു. ഇന്നത്തെ മാവൂർ
റോഡ് തൊട്ട് മെഡിക്കൽ കോളേജ്വരെ അന്ന് അത്ര ഭംഗിയിൽ ഒരു ടെറസ്സ് വീടു
ണ്ടായിരുന്നില്ല. കൗതുകത്തോടെയാണ് ആ വീട് നോക്കിനിന്നത്. അപ്പോൾ മനസ്സിൽ
മരം സിനിമയിലെ ഉപനായകനായിരുന്നു. നെല്ലിക്കോട് ഭാസ്കരൻ അവതരിപ്പിച്ച
ഏറ്റവും നല്ല കഥാപാത്രം അതായിരുന്നു. നെല്ലിക്കോട് ഭാസ്കരന്റെ വീടിന് ഇന്ന്
ഒരു ഭംഗിയുമില്ല. ലോകം വലുതായപ്പോൾ അത് ഏറ്റവും ചെറുതായിപ്പോയി. അവ
സാനകാലത്ത് ഭാസ്കരൻ വീടിനോട് ചേർന്ന് ഒരു വർക്ക്ഷോപ്പും സ്ഥാപിച്ചു. പപ്പു
വിന്റെ വീട്ടിൽ പോയത് നെടുമുടിവേണുവിനോടൊപ്പമാണ്. രോഗിയായി ആശുപ
ത്രിയിൽ കിടന്ന് പപ്പു ഡിസ്ചാർജ്ജ് ചെയ്തുവരുന്ന ദിവസമായിരുന്നു. വന്നപാടെ
കഥപറച്ചിൽ തുടങ്ങി. കുതിരവട്ടം മാനസികരോഗാശുപത്രിയിൽ പണ്ട് വാർഷികാ
ഘോഷത്തിനു നാടകം സംവിധാനം ചെയ്യാൻ പോയ കഥ. അന്തേവാസികളാണ്
അഭിനേതാക്കൾ. ഫൈനൽ റിഹേഴ്സലിനിടയിൽ ഒരു നടൻ സ്വകാര്യമായി പപ്പു
വിനോട് തന്റെ കഥാപാത്രത്തെക്കുറിച്ച് ചില സംശയങ്ങൾ ചോദിച്ചു. പപ്പു സന്തോ
ഷത്തോടെ അത് വിശദീകരിച്ചുകൊണ്ടിരിക്കെ പതുക്കെ 'കഴുവേറീടെ മോനേ.... നിന്റെ
അമ്മേടെ...' പപ്പു ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ കേട്ടിട്ടില്ലാത്ത ഭാവത്തിൽ ഇറങ്ങി
യോടി.

കോഴിക്കോടൻ മനസ്സിനെ കീഴടക്കിയ പ്രിയപ്പെട്ട മൂന്നു ഹോട്ടലുകളുണ്ട്—അള
കാപുരിയും കല്പകയും മഹാറാണിയും. പണ്ടുമുതലേ എഴുത്തുകാരുടെയും പാട്ടു
കാരുടെയും സങ്കേതമാണ് അളകാപുരി. കോറണേഷൻ ലോഡ്ജും ഇംപീരിയലും
വീറ്റ് ഹൗസും മറ്റു പഴയകാല സങ്കേതങ്ങൾ. വീറ്റ് ഹൗസിൽ വെച്ചാണ് അബ്ദുറഹി
മാൻ സാഹിബിനെ ഗ്രാങ്ക് കുത്തിക്കൊന്നത്. ശീട്ടുകളിക്കിടയിൽ തർക്കമുണ്ടാവു
കയും ഗ്രാങ്കിന്റെ കോംപ്ലക്സ് പ്രവർത്തിക്കുകയും ചെയ്തപ്പോൾ കോഴിക്കോടിനെ
നടുക്കിയ ആ കൊലപാതകം സംഭവിച്ചു. അതിന് അരമണിക്കൂർ മുമ്പാണ് എം.ടി.
അവിടന്ന് ഇറങ്ങിപ്പോയത്. ഗ്രാങ്കിനെ ജയിലിൽ കാണാൻ പോകുന്ന കഥയാണ്
എം.ടി.യുടെ ശത്രു. എം.ടി.യുടെ പല തിരക്കഥകളും വൺലൈൻ ആകുന്നത് അള
കാപുരിയിൽ വെച്ചാണ്. ബാബുരാജിന്റെ പല പാട്ടുകളും രൂപംകൊണ്ടതും ഇവിടെ
ത്തന്നെ. അളകാപുരിയിലെ ബാബുരാജിനോടൊപ്പമുള്ള ഓർമ്മകളാണ്



പി.ഭാസ്കരന്റെ ബാബുരാജ് എന്ന കവിത. അളകാപുരിയിൽ ഞങ്ങൾക്ക് സ്വന്തം
കുടുംബത്തിലെത്തിയതുപോലെയാണ്. വൈകിട്ട് തറവാട്ടിൽ കാണാം എന്നാണ്
ഞങ്ങളുടെ കോഡ്ഭാഷ.

വിശുദ്ധരുടെ താവളമാണ് കല്പക. സുകുമാർ അഴീക്കോട് കോഴിക്കോട് വന്നാൽ
കല്പകയിലേ താമസിക്കുകയുള്ളൂ; കുമാരപിള്ളയും മന്മഥനുമെല്ലാം. മഹാറാണി
സിനിമാക്കാരുടെ താവളമാണ്. സിനിമാപ്രവർത്തകർക്ക് മഹാറാണി ഉദാരമായി മനസ്സ്
തുറന്നുകൊടുക്കും. നരേന്ദ്രപ്രസാദ് കോഴിക്കോട് ഷൂട്ടിങ്ങിനു വന്നാൽ മഹാറാണി
യിൽ ഞങ്ങൾ ഒന്നിച്ചാണ് പിന്നെ താമസം. മനസ്സ് തുറന്ന് എന്തും പറയാവുന്ന
എന്തും കേൾക്കുന്ന ജ്യേഷ്ഠസുഹൃത്തായിരുന്നു നരേന്ദ്രപ്രസാദ്. നാലഞ്ച് ലാർജ്ജ്
വിഴുങ്ങിയാൽ നരേന്ദ്രപ്രസാദ് ജഗതി പറഞ്ഞതുപോലെ നരീന്ദ്രപ്രസാദാകും. ജോണി
നെപ്പോലെ, പത്മരാജനെപ്പോലെ, നരേന്ദ്രപ്രസാദും കോഴിക്കോട് വന്നു മരിച്ചു. മരി
ക്കുന്നതിനു തലേന്ന് പി.വി.എസ്.ഹോസ്പിറ്റലിൽ ചെന്നപ്പോൾ നിശ്ശബ്ദനായി
ആംഗ്യം കാണിച്ച് ഇരിക്കാൻ പറഞ്ഞു. കടുത്ത വേദന സഹിക്കുന്നുണ്ടായിരുന്നു.
ഒരു വർത്തമാനവുമുണ്ടായില്ല. യാത്ര പറഞ്ഞപ്പോൾ നിറഞ്ഞ കണ്ണുകളോടെ തല
കുലുക്കി.

കോഴിക്കോട് കണ്ട ഏറ്റവും വിശുദ്ധനായ മനുഷ്യൻ ആർ. രാമചന്ദ്രനാണ്. 1947-
ലാണ് അദ്ദേഹം മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായി വന്നത്. 60-
കളിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന കോലായ ചർച്ചകൾ ശ്രദ്ധേയമായി
രുന്നു. അക്കിത്തം, കക്കാട്, എം.ജി.എസ്., എൻ.പി.മുഹമ്മദ്, ഡോ.ടി.കെ. രവീന്ദ്രൻ,
ടി.വേണുഗോപാലൻ, പി.എം. നാരായണൻ, ജോർജ്ജ് ഇരുമ്പയം എന്നിവരൊക്കെ
കോലായയിൽ ഒത്തുകൂടും. പലരുടെയും വീട്ടുകോലായയിലാണ് ചർച്ചകൾ നടന്ന
ത്. കവിയായി ജീവിക്കുകയാണ് പ്രധാനം; കവിതയെഴുതലല്ല എന്നു ധീരമായി
പറഞ്ഞ് രാമചന്ദ്രൻമാസ്റ്റർ 80-കളിൽ നിശ്ശബ്ദനായി.

കോഴിക്കോടിന് ഉന്മാദലഹരിയുള്ള രാത്രികൾ പകർന്ന രണ്ടുപേർ തിക്കോടി
യനും കെ.ടി.മുഹമ്മദുമാണ്. തിക്കോടിയനോടൊത്ത് എത്രനേരം വേണമെങ്കിലും
അലറിച്ചിരിച്ചിരിക്കാം. കെ.ടി. അനുഭവത്രീവമായ കഥകൾകൊണ്ട് നമ്മെ ഞെട്ടിക്കു
കയും കരയിക്കുകയും ചെയ്യും. അടിമുടി റൊമാന്റിക്കാണ് കുട്ടിയെപ്പോലെ പൊട്ടി
ക്കരയുന്ന കെ.ടി.

പൊറ്റെക്കാട്ടിനെ ദൂരെ നിന്നുകണ്ട പരിചയം മാത്രമേ എനിക്കുള്ളൂ. പ്രീഡി
ഗ്രിക്കു പഠിക്കുന്ന കാലത്ത് മലാപ്പറമ്പ് ക്രൈസ്റ്റ് ഹാളിൽ വെച്ചു നടന്ന ഒരു സാഹി
ത്യശില്പശാലയിൽ വെച്ചാണ് പൊറ്റെക്കാട്ടിനെ ആദ്യമായി കാണുന്നത്. മധുരതര
മായ ഒരു കഥപറച്ചിലിന്റെ സ്വഭാവത്തോടെ പൊറ്റെക്കാട് അനുഭവങ്ങൾ പറയുക
യായിരുന്നു. ഇടയ്ക്ക് കയറിവന്ന് സംഘാടകരിൽ ഒരാൾ പൊറ്റെക്കാട്ടിനോട് എന്തോ
സ്വകാര്യം പറഞ്ഞു. അതിനു പിന്നാലെ നടൻ ജോസ്പ്രകാശ് എത്തി. കോഴിക്കോട്ട്
ഷൂട്ടിങ്ങിനുവന്ന ജോസ്പ്രകാശിന് കാത്തിരിക്കുക വയ്യ. അയാൾക്കു വേണ്ടി പൊറ്റെ
ക്കാട് കുറച്ചുനേരത്തേക്ക് വേദി ഒഴിഞ്ഞുകൊടുത്തു. അഞ്ചു മിനിട്ട് എന്തോ പറ
ഞ്ഞ് ജോസ്പ്രകാശ് പോയി. പൊറ്റെക്കാട് സംസാരം തുടർന്നു. ആലോചിക്കുമ്പോൾ
എനിക്ക് അമർഷവും വേദനയും തോന്നുന്ന അനുഭവമാണത്. പക്ഷേ അതായിരുന്നു
പൊറ്റെക്കാട്. അതിരാണിപ്പാടത്തിന്റെ വിനീതനായ ചരിത്രകാരൻ. കഥപറച്ചിലുകാരൻ.
മീഡിയാഗ്ലാമർ താരങ്ങൾക്കു മുന്നിൽ എഴുത്തുകാർ പിൻവാങ്ങുന്ന ഇന്നത്തെ ദുര
വസ്ഥയുടെ മുഖവുരയായിരുന്നോ അത്?

മുട്ടോളമെത്തുന്ന മുണ്ടുമായി ഞങ്ങളുടെ സ്കൂളിൽ പ്രസംഗിക്കാൻ വന്ന കുഞ്ഞുണ്ണി ഞങ്ങൾക്ക് അത്ഭുതമായിരുന്നു. രാമകൃഷ്ണാശ്രമത്തിൽ കുഞ്ഞുണ്ണി മാഷെ കാണാൻ വേണ്ടിയാണ് പിന്നീട് ഞാൻ അധികവും കോഴിക്കോട്ടെത്തിയത്. മാഷോടൊപ്പമുള്ള നടത്തവും യാത്രകളും പൊലിമയുള്ള ഓർമ്മകളാണ്. വളപ്പൊട്ടും കുടുക്കും വഴിയിൽ കാണുന്നത് മാഷ് പെറുക്കിയെടുക്കും. വൃത്തിയും രുചിയുമുള്ള വെജിറ്റേറിയൻ ഹോട്ടലുകൾ മാഷ് തിരഞ്ഞെടുക്കും. ആഹാരം മാഷിനു കവിതപോലെയായിരുന്നു.

കോഴിക്കോട്ടെ എഴുത്തുകാരൊന്നും കോഴിക്കോട് ജനിച്ചവരല്ല. ആകെ കോഴി ക്കോടിന് അവകാശപ്പെടാവുന്നത് പി.എ. മുഹമ്മദ് കോയ എന്ന മുഷ്താഖ് മാത്രം. സുൽത്താൻ വീടിന്റെ കർത്താവ്. നല്ല കളിയെഴുത്തുകാരൻ. സംഗീതബോധമുള്ള സഹൃദയൻ. കുറ്റിച്ചിറയിൽ വേരുറച്ചവൻ. മരിച്ച് വർഷങ്ങൾക്കുശേഷമാണ് മികച്ച കഥാകാരനുള്ള ടി.വി. അവാർഡ് സുൽത്താൻ വീടിന്റെ പേരിൽ മുഹമ്മദ് കോയയ്ക്ക് ലഭിക്കുന്നത്. ചേക്കേറിയവരാണ് ഇവിടത്തെ എഴുത്തുകാരൊക്കെയും. തലയോല പ്പറമ്പിൽനിന്നും ബഷീർ. മുക്കത്തുനിന്നും പൊറ്റെക്കാട്. എം.ടി., എൻ.വി.യും എൻ. പി.യും കൊടുങ്ങല്ലൂരും തിക്കോടിയനും കക്കാടും ആർ.രാമചന്ദ്രനും പട്ടത്തുവിളയും നമ്പൂതിരിയും എ.എസും എം.ജി.എസും യു. എ. ഖാദറും കെ.ടി.മുഹമ്മദുമെല്ലാം വന്നുകൂടിയവർ. കാട്ടൂരിൽനിന്നും കൊച്ചുബാവയും കോഴിക്കോട് വന്നു താമസി ച്ചു. സാഹിത്യം മാത്രമായിരുന്നു കൊച്ചുബാവയ്ക്ക് പ്രാണൻ. കഥ വേണോ ജീവിതം വേണോ എന്നു ചോദിച്ചാൽ കൊച്ചുബാവ കഥ മതി എന്നു പറയും.

ഏറ്റവും ഒടുവിൽ കോഴിക്കോട് വന്നുകൂടിയത് വി.ടി. മുരളിയാണ്. എഴുതാനും നന്നായി സംസാരിക്കാനുമറിയാവുന്ന നല്ല പാട്ടുകാരൻ. ഈ നഗരം എം.ടി.യോടും എം.ടി. ഈ നഗരത്തോടും ഏറെ കടപ്പെട്ടിരിക്കുന്നു. കോഴിക്കോടിന്റെ മനസ്സിലൂടെ യാണ് എം.ടി.വായിച്ചും എഴുതിയും രാജപാതകളിലേക്ക് ചെന്നത്. എം.ടി.യുടെ ഏറ്റവുമടുത്ത സുഹൃത്ത് എൻ.പി. മുഹമ്മദായിരുന്നു.

വടേരിയുടെ കയ്യിൽ ബാബുരാജിന്റെ എല്ലാ പാട്ടുകളുമുണ്ട്. ബാബുരാജിന്റെ ശബ്ദത്തിലുള്ള പാട്ടുകൾ. പതിനഞ്ച് വർഷങ്ങൾക്കു മുൻപാണ് ഞാൻ ആദ്യമായി ബാബുരാജിന്റ ശബ്ദത്തിലുള്ള പാട്ടുകൾ കേൾക്കുന്നത്. ജയാ ലോഡ്ജിൽ ആ പാട്ടു കളുടെ കാസറ്റുകളും ടേപ്പ് റിക്കാർഡറുമായി വടേരി കാത്തിരുന്നു. സലാം കാരശ്ശേ രിയും സംഘവുമുണ്ടായിരുന്നു. ആ പാട്ടുകൾ എന്റെ സിരയിൽ പുതിയൊരു സൗന്ദര്യം കൊത്തിവെച്ചു. കലാകാരന്മാരുടെ പ്രിയപ്പെട്ട മറ്റൊരു സംരക്ഷകനായിരുന്നു ബി ച്ചാക്ക. ബിച്ചാക്കയുടെ വീട്ടിൽ വെച്ചാണ് ബാബുക്ക ഈ പാട്ടുകളൊക്കെ ഹാർമോ ണിയം വായിച്ചുപാടി റിക്കാർഡ് ചെയ്തത്. തബല ഉസ്മാൻ എന്ന അതുല്യ പ്രതിഭ യാണ് അന്ന് തബല വായിച്ചത്. അന്ന് ടേപ്പ് റിക്കാർഡർ വന്നുതുടങ്ങുന്നതേയുള്ളൂ. തോപ്പിൽ ആലിയുടെ റിക്കാർഡർ ഇതൊക്കെ ആലേഖനം ചെയ്തു. കാസറ്റുകൾ കോപ്പിയെടുത്ത് പലർക്കും കൈമാറി. അങ്ങനെ വടേരിയുടെ കൈയിലെത്തി. ഇപ്പോൾ നമ്മളതു കേൾക്കുന്നു:

താനേ തിരിഞ്ഞും മറിഞ്ഞും തൻ
താമരമെത്തയിലുരുണ്ടും



മയക്കം വരാതെ മാനത്തു കിടക്കുന്നു
മധുമാസസുന്ദരചന്ദ്രലേഖ.

കോഴിക്കോടിന്റെ പുരാതന ഓർമ്മകളിലൂടെ തെളിമയോടെ സഞ്ചരിച്ച് നമ്മെ സ്തബ്ധരാക്കിക്കളയും ടി. ദാമോദരൻമാഷ്. ഈ നാടും അങ്ങാടിയും മാഷുടെ ആവ നാഴിയിൽ ഭദ്രം. മാഷ് സംസാരിച്ചുതുടങ്ങിയാൽ നമുക്കു മുന്നിൽ ഒരു തിരനാടകം നിവർത്തപ്പെടും. ഓർമ്മകൊണ്ട് അത്ര ശക്തനാണ് മാഷ്. എഴുതിയ നാടകങ്ങളും തിരക്കഥകളും കൃത്യമായി കാണാപ്പാഠമായി മാഷ് മുഴുവനും പറയും.

കോഴിക്കോട് കണ്ട ഗന്ധർവവർണ്ണമുള്ള എഴുത്തുകാരൻ പത്മരാജനാണ്. രണ്ടാം ഗെയിറ്റിനും മുമ്പിലുള്ള പാരമൗണ്ട് ടവറിൽ ഉറങ്ങിക്കിടന്ന പത്മരാജനെ മരണം അപഹരിച്ചു. പണി പൂർത്തിയാകാത്ത ഒയാസിസ് ബിൽഡിങ്ങിന്റെ മുകളിലേക്ക് മദ്യ പിക്കാൻ കയറിയ ജോൺ എബ്രഹാമിനെ മരണം തള്ളിയിട്ടു. കോഴിക്കോട് അപ ഹരിച്ചുകളഞ്ഞ പ്രതിഭകൾ. രണ്ടു മരണങ്ങളെ ചുറ്റിപ്പറ്റിയുള്ള കഥകൾ അനവധിയു ണ്ടായി. മരിക്കുമ്പോൾ ജോൺ പാടിയ പാട്ടേതെന്ന് ഇപ്പോഴും തർക്കിക്കുന്നവരുണ്ട്.

1956-ലെ ഐക്യകേരളപിറവിയുടെ ഓർമ്മ യു.എ.ഖാദർ പങ്കുവയ്ക്കാറുണ്ട്. നവം ബർ 1- ന് രാത്രി 12 മണിക്ക് മിഠായിത്തെരുവിലൂടെ കോഴിക്കോട്ടെ എല്ലാ കലാകാര ന്മാരും ആടിപ്പാടി നടന്നു. മുല്ലവീട്ടിൽ അബ്ദുറഹിമാന്റെ ആശയമായിരുന്നു. ഏറ്റവും മുന്നിൽ കെ.പി. കേശവമേനോൻ, കുട്ടികൃഷ്ണമാരാർ, എൻ.വി. കൃഷ്ണവാര്യർ. എം.ടിയും കോഴിക്കോട് അബ്ദുൾഖാദറും കുഞ്ഞാണ്ടിയും പുതുക്കുടി ബാലനും യു.എ.ഖാദറും തിക്കോടിയനുമെല്ലാം സംഘം ചേർന്ന് ആടിപ്പാടി നടന്ന ആ രാത്രി കോഴിക്കോടിന്റെ ചരിത്രരേഖയിൽ തങ്കനൂലുകൊണ്ട് കോർത്തുകെട്ടി. ആകാശവാണി കോഴിക്കോട് വരുന്നത് 52-ലാണ്. ഉറൂബും അക്കിത്തവും തിക്കോടിയനും പി.ഭാ സ്കരനും കക്കാടും കൊടുങ്ങല്ലൂരുമെല്ലാം ആകാശവാണിയെ അലങ്കരിച്ചു.

ഒരുപാട് ഗണികശാലകൾ എൺപതുകളുടെ മദ്ധ്യംവരെ കോഴിക്കോട്ടുണ്ടായി രുന്നു; കാബറെ ഹാളുകളും. മിഠായിത്തെരുവിലെ കാബറെ ഹാളുകളിൽ വൈകിട്ട് നല്ല തിരക്കായിരിക്കും. കാബറെ നൃത്തത്തിന്റെ അവസാനം നർത്തകി അല്പമാത്ര വസ്ത്രം ഉയർത്തിക്കാണിക്കും. അത്രയേയുള്ളൂ ക്ലൈമാക്സ്.

അമ്മ എന്ന പേരിൽ പത്തുപതിനഞ്ച് ഹോട്ടലുകൾ ഇന്ന് കോഴിക്കോട്ട് കാണും. അമ്മ ഹോട്ടൽ, നാടൻ ഭക്ഷണം എന്നു ബോർഡ് കാണാം. അതു കോഴിക്കോട് മാത്രമേ കാണുകയുള്ളൂ. വറവുപൊടിയോടെ പൊരിച്ചുകിട്ടുന്ന മീനാണ് ഇവിടത്തെ ഹൈലൈറ്റ്. പൊരിക്കുന്ന അമ്മയ്ക്കു മുന്നിൽ നല്ല മക്കളായി തിരക്കുകൂട്ടും കോഴി ക്കോട്ടുകാർ. പഴയ ലക്കിഹോട്ടലും സായ്പിന്റെ പീടികയുമെല്ലാം ഇപ്പോൾ റെഡി മെയ്ഡ് കടകളാണ്. ഇരുപതിലേറെ പുസ്തക പ്രസാധകർ ഇന്ന് കോഴിക്കോട്ടുണ്ട്. മറ്റൊരു പുസ്തക പ്രസാധനനഗരമായി കോഴിക്കോട് മാറിക്കഴിഞ്ഞു. പുസ്തക നിർമ്മി തിക്ക് പുതിയ സൗന്ദര്യസാരം നൽകിയ ഷെൽവിയും മറഞ്ഞു. ഒരുമനയൂരിൽനിന്ന് കോഴിക്കോട് വന്ന് ഇരുപതു വർഷങ്ങളോളം അസാധാരണപുസ്തകങ്ങൾ നിർമ്മിച്ച് ഷെൽവി ആത്മഹത്യ തേടി. നല്ല വായനക്കാരൻകൂടിയായിരുന്നു കോഴിക്കോട് അബ്ദുൾഖാദറിന്റെ മകൻ സത്യജിത്. ആത്മഹത്യയിൽ എത്തിച്ചേർന്ന മറ്റൊരു ജീവി തം. പി.എം. താജ് അവസാനകാലത്ത് തീക്ഷ്ണമായ രണ്ടു കണ്ണുകൾ മാത്രമായിരുന്നു.

പെരുമകളൊക്കെ മാഞ്ഞുകൊണ്ടിരിക്കുകയാണ്. പുകൾപെറ്റവരൊക്കെ കാലത്തിൽ ഒന്നൊന്നായി മറഞ്ഞുകഴിഞ്ഞു. പഴയ തലമുറയുടെ ശേഷിപ്പുകളായി കുറച്ചുപേർമാത്രം ബാക്കിയായിരിക്കുന്നു. അങ്ങനെ ഓർക്കാതിരിക്കാനാണ് മനസ്സിനെ ശാസിക്കുന്നത്. പുതുതായി പലരും വരുന്നുണ്ട്. മധുശാലകളും മധുരത്തെരുവുമുള്ള ഈ നഗരം കരസൗഹൃദവുമായി അവരെ ആശ്ലേഷിക്കുന്നുണ്ട്.

**വി.ആർ. സുധീഷ്**

---



# സൂചിക


അകിലുകൾ 41
അച്യുതമേനോൻ 63
അടൂർഭാസി 86
അമ്മ അറിയാൻ 55
അല്ലാഹു 21, 63
അല്ലാഹു സുന്നി 63
അൽഹംദുലില്ലാഹ്! 17
അഴീക്കോട് മാഷ് 19, 33
അറബിനാട്ടിലേക്ക് 42
ആടാപ്പാടി 41
ആണ്ടിയേട്ടൻ 43
ആന്തമാൻ ദ്വീപ് 39
ആഹ്വാൻ സെബാസ്റ്റ്യൻ 88
ആക്ഷേപഹാസ്യം 68
ഇ.മൊയ്തുമൗലവി 19, 21
ഇടിയങ്ങര 28
ഇമ്പിച്ചി ആയിശ 37
ഇഫ്രീത്ത് രാജ്ഞി 22, 32, 77
ഇബ്സൺ കണ്ണേട്ടൻ 71
ഇമാം മൗലവി 19
ഇയ്യാക്ക 54, 55
ഇസ്ലാം വിരുദ്ധം 71
ഈഡിപ്പസ് 46
ഇ.എം.എസ് 63
ഉപ്പ 56
ഉമ്മ 61
ഉമ്മൂക്ക 58
ഉസ്താദ് ബിച്ചമ്മൂക്ക 29
ഉസ്താദ് വിലായത്ത് ഖാൻ 29
ഉറൂബ് 30
എ.ടി. അബു 58
എക്സൽ ആർട്സ് സെന്റർ 29
എക്സൽ ബാബു 64
എടവണ്ണ 49
എൻ.എൻ.പിള്ള 24, 25
എൻ.പി. മുഹമ്മദ് 26, 42, 43
എസ്. കെ 22, 26, 30, 84
എസ്. കോന്നനാട്ട് 15
എം.എസ്.എ 28
എം. എം. ഹൈസ്കൂൾ 70
എം.ടി 21, 22, 27, 43
എം.വി.ആർ 49
എം.വി.ദേവൻ 43
ഐ. വി. ശശി 15
ഒയാസീസ് ബിൽഡിങ് 58
കടലമ്മ 49
കണ്ണപ്പറമ്പ് മൈതാനത്തം 71
കണ്ണംപ്പറമ്പ് ശ്മശാനം 78
കഥകളി 66
കന്യാകുമാരി 39
കരിമരുത് 41
കലാമണ്ഡലം ഹൈദരലി 66
കല്ലായി 16, 39, 40, 41, 42, 43, 51, 57, 84
കല്ലായിപ്പുഴ 38
കവിത 66
കവിമാഷ് 43, 48, 70
കള്ളി 67
കാദർക്ക 29, 77, 78, 88, 89, 90
കാനഡ 39
കാഫർ 61
കാർണിവൽ 44
കാവാലം 89
കോഴിക്കോട് അബ്ദുൾ കാദർ 75

# മാമുക്കോയ

വായനക്കാരുടെ ഹൃദയം
കവർന്ന ജീവിതകഥ

## താഹ മാടായി

ഹാസ്യനടനെന്ന നിലയിൽ ഏറെ ചിരിപ്പിക്കുകയും സ്വഭാവനടനെന്ന നിലയിൽ ഇടയ്ക്കൊക്കെ വിസ്മയിപ്പിക്കുകയും ചെയ്ത മാമുക്കോയ ഹൃദ്യമായ ഭാഷയിൽ തന്റെ ജീവിതകഥ പറയുന്നു. മാമുക്കോയയുടെ സഞ്ചാരപഥങ്ങളും പ്രവൃത്തിമേഖലകളും കാഴ്ചപ്പാടുകളും അനാവരണം ചെയ്യപ്പെടുന്ന ഈ ഗ്രന്ഥം ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക ചരിത്രം കൂടിയാണ്. ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്ന സ്നേഹം, ഹൃദയനൈർമല്യം, ആത്മാർത്ഥത എന്നിവ ഈ സ്മരണകളിൽ നിറഞ്ഞുനിൽക്കുന്നു. ടി. പദ്മനാഭന്റെ അവതാരികയും, വി. ആർ. സുധീഷിന്റെ പഠനവുംകൂടി ഉൾപ്പെടുത്തിയ ഈ ഗ്രന്ഥം ആസ്വാദകർക്ക് ഒരു അമൂല്യസമ്പത്താണ്.